# മാനന്തവാടി രൂപത ബുള്ളറ്റിൻ


RNI Reg. No. KERMAL/2010/32222
Registered KL/TLY/01/22-24

Vol. 15 / Issue 1
January 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



പൗരോഹിത്യ
സുവർണ്ണ ജൂബിലി
# ആശംസകൾ



**Fr. Shantidas Muthukattil**
**Ordination: 18-12-1974**



**Fr. Joseph Mundackamattam**
**Ordination: 14-05-1974**

മാനന്തവാടി രൂപതാ കുടുംബം



പൗരോഹിത്യ
രജതജൂബിലി
ആശംസകൾ
Ordination: 28-12-1999
Fr. Thomas
Chelackapallil
Fr. Thomas
Kattuthuruthiyil
Fr. Abraham
Madathil
Fr. Mathew
Malayil
Fr. George
Muthirakalayil
Fr. Thomas
Puthukulangara
മാനന്തവാടി രൂപതാ കുടുംബം

# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;**
**അവിടുന്ന് നിങ്ങളോടും**
**ചേർന്നു നിൽക്കും" (യാക്കോബ് 4:8)**

**Printed, Published and Edited by**
**Fr. Thankachan alias Joseph Paruvummel, Published from Bishop's House**
**Mananthavady, P.B. No. 1, Wayanad 670645.**
**Owned by the Roman Catholic Diocese of Mananthavady**
**Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 15** **ജനുവരി 2024** **ലക്കം 1**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# സുവർണ്ണ ജൂബിലി നിറവിൽ
# ബഹു. മുണ്ടയ്ക്കാമറ്റം ജോസഫച്ചൻ

മുണ്ടയ്ക്കാമറ്റം ജോസഫച്ചൻ ഇടുക്കി രൂപതയിലെ തൊടുപുഴ വാഴക്കാല ഇടവകയിൽ മത്തായി - റോസ ദമ്പതികളുടെ മകനായി 1948 നവംബർ മാസം 4-ാം തിയ്യതി ജനിച്ചു. പുൽപ്പള്ളി പ്രൈമറിസ്കൂൾ, നടവയൽ സെന്റ് തോമസ് ഹൈസ്കൂൾ എന്നിവിടങ്ങളിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ ചേർന്നു. ആലുവ കാർമ്മലഗിരി സെമിനാരിയിൽ നിന്ന് ഫിലോസഫി പഠനവും മംഗലപ്പുഴ സെന്റ് ജോസഫ് സെമിനാരിയിൽ നിന്ന് തിയോളജി പഠനവും പൂർത്തിയാക്കി. 1974 ഡിസംബർ 18 ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴിപിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം പാസ്റ്ററൽ സെന്റർ, മതബോധനം, സി. എം. എൽ, യുവവേദി, ബൈബിൾ അപ്പോസ്തലേറ്റ്, സെന്റ് ജോസഫ് ഹോസ്പിറ്റൽ എന്നിവയുടെ ഡയറക്ടർ, മൈനർ സെമിനാരി സ്പിരിചൽ ഫാദർ എന്നീ നിലകളിലും ജോസച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. പോരൂർ, ചിത്രഗിരി, തോമാട്ടുചാൽ, തൃശ്ശിലേരി, കുഞ്ഞോം, ബാവലി, കാട്ടിക്കുളം, എച്ച്. ഡി. കോട്ട മിഷൻ, ഹൊന്നമനകട്ട, കാവുമന്ദം, ബോയ്സ്ടൗൺ, പടമല, കണിയാംമ്പറ്റ, വടക്കനാട്, ചോക്കാട്, വാകേരി, പനവല്ലി, കുറ്റിമൂല, എന്നീ ഇടവകളുടെ വികാരിയായും സേവനമനുഷ്ഠിച്ചു.

കഠിനാദ്ധ്വാനവും ദൈവാശ്രയവും കൈമുതലാക്കിയ തീക്ഷ്ണമതിയായ വൈദികനാണ് ജോസച്ചൻ. ആയിരുന്നിടത്തെല്ലാം പൗരോഹിത്യ ശുശ്രൂഷയിൽ ആത്മാർത്ഥമായ സേവനം കാഴ്ച്ചവെക്കാൻ അച്ചന് സാധിച്ചിട്ടുണ്ട്. ഇടവകകളെ ഉണർത്തി, സംഘടനകളെ വളർത്തി, മിഷൻ പ്രദേശത്തെ ആത്മീയമായും ഭൗതികമായും ശക്തിപ്പെടുത്തിയാണ് കഴിഞ്ഞ അമ്പത് വർഷങ്ങളിലെ ശുശ്രൂഷ ജീവിതത്തിൽ അച്ചൻ നല്ല ഇടയനായിത്തീർന്നത്. മൂന്ന് പതിറ്റാണ്ടുകൾ മുമ്പുണ്ടായ വാഹനാപകടത്തിന്റെ ഫലമായി വേദനകൾക്കിടയിലും സുവിശേഷ ജീവിതത്തിന്റെ ആനന്ദം

മറ്റുള്ളവരുമായി പങ്കുവെച്ച് പരാതികളില്ലാതെ ജോസച്ചൻ നിസ്വാർത്ഥമായ പുരോഹിതശുശ്രൂഷ നിർവ്വഹിച്ചു. മിഷൻ പ്രദേശത്തെ ഇല്ലായ്മകളിൽ അവരോടൊപ്പം ആയിരുന്ന അച്ചൻ പാവപ്പെട്ടവർക്ക് ശരീരത്തിനും ആത്മാവിനും സൗഖ്യദായകനായിരുന്നു. ഔപചാരിതകളില്ലാതെ സദാ സേവന സന്നദ്ധനായിരുന്ന ജോസച്ചൻ തന്റെ കർമ്മരംഗങ്ങളിൽ എല്ലാവർക്കും സംലഭ്യനായിരുന്നു. തകർന്നു പോകാമായിരുന്ന ഒത്തിരി കുടുംബ ബന്ധങ്ങളെ കൂട്ടിയോജിപ്പിച്ച് ആത്മീയമായ ബോധ്യങ്ങൾ നൽകാൻ അച്ചന് സാധിച്ചിട്ടുണ്ട്. സഹനങ്ങൾ വളരെയുണ്ടായിരുന്നിട്ടും വിശ്രമില്ലാതെ അഞ്ചു പതിറ്റാണ്ടുകൾ പൗരോഹിത്യ ശുശ്രൂഷ നിർവ്വഹിച്ച് പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന പ്രിയ ജോസച്ചന് രൂപതാകുടുംബത്തിന്റെ അഭിനന്ദനങ്ങളും സുവർണ്ണ ജൂബിലി മംഗളങ്ങളും സ്നേഹത്തോടെ ആശംസിക്കുന്നു.



# സുവർണ്ണ ജൂബിലി നിറവിൽ
# ബഹു. മുതുകാട്ടിൽ ശാന്തിദാസച്ചൻ

മുതുകാട്ടിൽ ശാന്തിദാസച്ചൻ പാലാ രൂപതയിലെ കുറവിലങ്ങാട് ഇടവകയിൽ വർക്കി - റോസ ദമ്പതികളുടെ മകനായി 1946 ഡിസംബർ മാസം 13-ാം തിയ്യതി ജനിച്ചു. കുറവിലങ്ങാട് പ്രൈമറി സ്കൂൾ, ഹൈസ്കൂൾ എന്നീ വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം വൈദിക പരിശീലനത്തിനായി മക്കിയാട് ബനഡിക്റ്റൻ ആശ്രമത്തിൽ ചേർന്നു. മക്കിയാട് നിന്ന് ഫിലോസഫി പഠനവും ബാംഗ്ലൂർ ക്രിസ്തുജ്യോതി കോളേജിൽ നിന്ന് തിയോളജി പഠനവും പൂർത്തിയാക്കി. 1974 മെയ് 14-ന് അഭിവന്ദ്യ മാർ ജേക്കബ് തൂങ്കുഴി പിതാവിൽ നിന്നും വൈദികപട്ടം സ്വീകരിച്ചു. തുടർന്ന് മക്കിയാട് സെന്റ് ജോസഫ് ബെനഡിക്ടൻ മൊണാസ്റ്ററിയുടെ പ്രൊക്കുറേറ്റർ, പ്രൊഫസർ, നോവിസ് മാസ്റ്റർ, പ്രിയോർ, കുന്നോത്ത് ബെൻഹിൽ എസ്റ്റേറ്റ് മാനേജർ എന്നീ ശുശ്രൂഷകൾ നിർവ്വഹിച്ചു.

1988 ഏപ്രിൽ മാസത്തിൽ മാനന്തവാടി രൂപതയിൽ അംഗമാവുകയും അതേ വർഷം മെയ്മാസത്തിൽ കാട്ടിക്കുളം ഇടവകയുടെ വികാരിയായി നിയമിതനാവുകയും ചെയ്തു. മാനന്തവാടി രൂപതയുടെ ചാൻസലർ ആയും, സീതാമൗണ്ട്, ബാവലി, വെള്ളമുണ്ട, മംഗലശ്ശേരി, ആലാറ്റിൽ, കമ്മന, പാറത്തോട്ടം, പേരിയ, കേണിച്ചിറ, തൃശ്ശിലേരി, പറളിക്കുന്ന്, പുതിയിടംകുന്ന്, ചുള്ളിയാന, എന്നീ ഇടവകളുടെ വികാരിയായും അച്ചൻ സേവനമനുഷ്ഠിച്ചിട്ടുണ്ട്. മൊതക്കരയിൽ വി. ബലിയർപ്പണം ആരംഭിച്ചതും ഇടയൂർക്കുന്ന് വി. ചാവറയച്ചന്റെ നാമത്തിലുള്ള ദേവാലയം ആരംഭിച്ചതും ബഹു. ശാന്തിദാസച്ചന്റെ നേതൃത്വത്തിലാണ്. പൂന പേപ്പൽ സെമിനാരിയിൽ നിന്ന് ഫിലോസഫിയിലും, ബാംഗ്ലൂർ സെന്റ് പീറ്റേഴ്സ് സെമിനാരിയിൽ നിന്ന് കാനൻ നിയമത്തിലും മാസ്റ്റർ ഡിഗ്രികൾ നേടിയ അച്ചൻ മാനന്തവാടി രൂപതയുടെ കുടുംബ കോടതിയിൽ ഡിഫെൻഡർ ഓഫ് ദ ബോണ്ടായും പത്ത് വർഷത്തിലധികം ജുഡീഷ്യൽ വികാരിയായും സേവനമനുഷ്ഠിച്ചു. 1995 മുതൽ ഇപ്പോഴും രൂപതാ കോടതിയിൽ കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

ലളിത ജീവിതത്തിന്റെ സുന്ദരമായ മാതൃകയാണ് ശാന്തി ദാസച്ചൻ. പാവപ്പെട്ടവർക്ക് സഹായമായും അദ്ധ്വാനത്തിന്റെ മഹത്വം എപ്പോഴും മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുകയും ചെയ്യുന്ന അച്ചൻ അനേകരെ ആകർഷിക്കുന്ന വ്യക്തിത്വമാണ്. അറിവും അനുഭവവും ഒരുപോലെ നിറഞ്ഞ ഈ വൈദികൻ, ഇടവകകളിൽ മനുഷ്യന്റെ പച്ചയായ ജീവിത യാഥാർഥ്യങ്ങളിലേക്ക് ഇറങ്ങിചെന്ന് പ്രശ്നങ്ങളിൽ പരിഹാരം കാണാൻ സഹായിക്കുന്നു. ഇടവകാംഗങ്ങളെ വ്യക്തിപരമായി മനസിലാക്കുകയും ഇടവകക്കാർ ആരെങ്കിലും മരിച്ചാൽ രാത്രി മുഴുവൻ കുടുംബാംഗങ്ങളോടൊപ്പം അവരുടെ ഭവനത്തിൽ പ്രാർത്ഥനയിൽ ചിലവഴിക്കുകയും അവരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന നല്ല ഇടയന്റെ ആർദ്രഭാവം അച്ചന്റെ ജീവിതത്തിൽ തിളങ്ങി നിൽക്കുന്നു. എന്നും കൃഷിയെ സ്നേഹിക്കുന്ന അച്ചൻ ഈ വിശ്രമകാലഘട്ടത്തിലും വിവിധ തരം കൃഷികളിൽ വ്യാപൃതനാണ്. അതോടൊപ്പം യുവത്വത്തിന്റെ പ്രസരിപ്പോടെയും വേഗതയിലും പൗരോഹിത്യ ശുശ്രൂഷയിൽ സംലഭ്യമാണ്.

നല്ല ഇടയനായ യേശുവിന്റെ മാതൃക പിന്തുടർന്ന് പൗരോഹിത്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിലേക്ക് പ്രവേശിക്കുന്ന പ്രിയ ശാന്തിദാസച്ചന് പൗരോഹിത്യ സുവർണ്ണ ജൂബിലിയുടെ മംഗളാശംസകൾ രൂപതാ കുടുംബത്തിന്റെ പേരിൽ സ്നേഹത്തോടെ നേരുന്നു. ഇനിയും അനേകരുടെ ജീവിതത്തിന് തണലേകാൻ അച്ചനെ ദൈവം അനുഗ്രഹിക്കട്ടെ.



# ഉള്ളടക്കം


| | |
|---|---|
| *സർക്കുലർ......................................................................* | 11 |
| *സർക്കുലർ......................................................................* | 15 |
| *സർക്കുലർ......................................................................* | 19 |
| *സർക്കുലർ......................................................................* | 21 |
| *സർക്കുലർ......................................................................* | 25 |
| *രൂപതാ കച്ചേരി വാർത്തകൾ..............................................* | 27 |
| *വൈദികസമ്മേളന റിപ്പോർട്ട്.............................................* | 29 |
| *മതബോധനരംഗം ................................................................* | 33 |
| *ചെറുപുഷ്പ മിഷൻലീഗ്.....................................................* | 38 |
| *Department of Youth Ministry .......................................* | 41 |
| *കെ.സി.വൈ.എം...............................................................* | 44 |
| *കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.................................* | 50 |
| *കുടുംബപ്രേഷിതത്വം.........................................................* | 52 |
| *സീയോൻ വാർത്ത.............................................................* | 59 |
| *വിൻസെന്റ് ഡി പോൾ സൊസൈറ്റി...................................* | 60 |
| *സാമൂഹ്യ സേവനരംഗം (WSSS)........................................* | 63 |
| *ജീവസ് & കെ.എൽ.എം ......................................................* | 69 |
| *നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി...............................* | 71 |
| *ബയോവിൻ അഗ്രോ റിസർച്ച്..............................................* | 76 |
| *കത്തോലിക്കാ കോൺഗ്രസ്...............................................* | 79 |
| *റേഡിയോ മാറ്റൊലി ..........................................................* | 82 |
| *Mary Matha Arts & Science College...............................* | 84 |
| *കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി ...................................* | 88 |
| *ബിഷപ്സ് പ്രോഗ്രാം .............................................................* | 97 |

**George Cardinal Alencherry**
Major Archbishop
Syro-Malabar Church

Prot. No. 1162/2023

# സർക്കുലർ

**സർക്കുലർ സിറോമലബാർ പ്രേഷിതവാരാചരണം 2024**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്
കർദിനാൾമാർ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂ
ഷകരായ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും
വൈദികർക്കും സമർപ്പിതർക്കും
അല്മായസഹോദരങ്ങൾക്കും എഴുതുന്നത്.

മിശിഹായിൽ പ്രിയ സഹോദരി സഹോദരന്മാരേ,

ദനഹാതിരുനാളായ ജനുവരി ആറാം തീയതിമുതലുള്ള ഒരാഴ്ചക്കാലം സീറോ മലബാർ സഭയിൽ പ്രേഷിതവാരമായി മുൻവർഷങ്ങളിലേതുപോലെ ആചരിക്കുകയാണ്. ''മിഷനെ അറിയുക, മിഷനറിയാകുക'' എന്നതാണ് പ്രേഷിതവാരാചരണ ത്തിന്റെ ആപ്തവാക്യം. പ്രേഷിതചൈതന്യം സഭാമക്കളിൽ വർദ്ധിപ്പിക്കുന്നതിനും നമ്മുടെ പ്രേഷിതപ്രവർത്തനങ്ങളെ പ്രോ ത്സാഹിപ്പിക്കുന്നതിനും അതിനു യോജിച്ച രീതിയിൽ സഹായ സഹകരണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടിയാണു സീറോമല ബാർസഭ പ്രേഷിതവാരം ആചരിക്കുന്നത്. എമ്മാവൂസിലേക്കു പോയ ശിഷ്യരുടെ അനുഭവത്തെ ആസ്പദമാക്കി ''ജ്വലിക്കുന്ന ഹൃദയങ്ങൾ, ചലിക്കുന്ന പാദങ്ങൾ'' എന്ന ചിന്താവിഷയമാണ് ഈ വർഷത്തെ ആഗോള പ്രേഷിത ഞായറാഴ്ചക്കു ഫ്രാൻസിസ് മാർപാപ്പ തിരഞ്ഞെടുത്തത്. ക്ഷീണിതരും ദുഃഖിതരും മ്ലാനവദന രുമായാണ് ആ രണ്ടു ശിഷ്യന്മാർ എമ്മാവൂസിലേക്കു പുറപ്പെട്ടതെ ങ്കിലും ഉത്ഥിതനായ കർത്താവ് അവരുടെ കൂടെ നടക്കുകയും വചനം വ്യാഖ്യാനിക്കുകയും അപ്പം മുറിച്ചുനല്കുകയും ചെയ്ത പ്പോൾ അവരുടെ കണ്ണുകൾ തുറക്കപ്പെടുകയും അവിടുത്തെ തിരിച്ചറിയുകയും ഉത്ഥിതനെ കണ്ടതിന്റെ സന്തോഷം മറ്റുള്ളവ രുമായി പങ്കുവയ്ക്കാൻ ഉടൻതന്നെ ജറുസലേമിലേക്കു തിരികെ പോവുകയും ചെയ്തു (ലൂക്കാ 24:33). അന്നത്തെ പോലെതന്നെ

ഇന്നും ഉത്ഥിതനായ കർത്താവു തന്റെ ശിഷ്യരോടു ചേർന്നുനടക്കുന്നു. അവർ ലക്ഷ്യമില്ലാത്തവരും ഉത്സാഹം നഷ്ടപ്പെട്ടവരും തങ്ങൾക്കുചുറ്റും വലയം ചെയ്തുനില്ക്കുന്ന തിന്മയെ ഭയപ്പെടുന്നവരുമാകുമ്പോൾ ഈശോ അവരെ വചനത്താലും വി. കുർബാനയാലും ശക്തിപ്പെടുത്തുന്നു. യുദ്ധങ്ങളും പീഡനങ്ങളും മൂല്യശോഷണവും ഭാതികവാദവും ആധിപത്യം പുലർത്തുന്ന സമൂഹത്തിൽ പ്രത്യാശയുള്ള പ്രേഷിതരാകാനാണ് നമ്മൾ വിളിക്കപ്പെട്ടിരിക്കുന്നത്. ''സുവിശേഷത്തിന്റെ സന്തോഷം'' എന്ന ചാക്രികലേഖനത്തിൽ ഫ്രാൻസിസ് മാർപാപ്പ പറയുന്നതുപോലെ ഇത്തരം സാഹചര്യങ്ങളിൽ ''പ്രത്യാശ നഷ്ട്ടപ്പെട്ടവരാകാതിരിക്കാൻ'' ഇന്നത്തെ പ്രേഷിതർ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു യഥാർത്ഥ ശിഷ്യൻ എപ്പോഴും ഗുരുവിന്റെ ഉപദേശങ്ങൾ അനുസരിച്ചു സ്വന്തം ജീവിതത്തെ ക്രമപ്പെടുത്തുകയും ഗുരുവിന്റെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിലൂടെ ശിഷ്യഗണത്തിലേക്കു മറ്റുള്ളവരെ ആകർഷിക്കുകയും ചെയുന്നു. സുവിശേഷാനുസൃതമായ ജീവിതത്തിലൂടെ മറ്റുള്ളവരെ ഈശോയിലേയ്ക്കും സഭയിലേയ്ക്കും നയിക്കുന്നവരാകണം ക്രൈസ്തവർ. ഇപ്രകാരം ചെയ്യുന്നവരെയാണു തിരുസഭ ''പ്രേഷിതർ'' എന്നു വിളിക്കുന്നത്. മാമ്മോദീസ സ്വീകരിച്ച ഓരോ ക്രൈസ്തവനും പ്രേഷിതനാണ്. പ്രേഷിത ദൗത്യം മെത്രാന്മാരുടെയും വൈദികരുടെയും സമർപ്പിതരുടെയും മാത്രം കടമയായി കരുതപ്പെട്ടിരുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ഇന്ന് അനേകം അല്മായ സഹോദരങ്ങൾ സുവിശേഷപ്രഘോഷണശുശ്രൂഷയിലും ഈശോയുടെ സ്നേഹത്തിനും കാരുണ്യത്തിനും സാക്ഷ്യംനല്കുന്ന പ്രവർത്തനങ്ങളിലും തീക്ഷ്ണതയോടെ ഏർപ്പെടുന്നുണ്ട്. സഭാസംവിധാനങ്ങളോടു ചേർന്നുനിന്നുകൊണ്ട് അല്മായർ നടത്തുന്ന ഈ പ്രേഷിത മുന്നേറ്റം ഈ കാലഘട്ടത്തിലെ വലിയ അനുഗ്രഹവും ശക്തമായ വിശ്വാസ സാക്ഷ്യവുമാണ്. സുവിശേഷപ്രഘോഷണത്തിനും സാക്ഷ്യത്തിനും നമ്മെ പ്രേരിപ്പിക്കുന്നതു ദൈവാത്മാവാണ്. ആത്മാവ് ഇഷ്ടമുള്ളിടത്തു തന്റെ ചൈതന്യം വർഷിക്കുന്നു. ആത്മാവിന്റെ പ്രചോദനമനുസരിച്ചു തീക്ഷ്ണമതികളായ വ്യക്തികൾ തങ്ങളുടെ ജീവിതത്തെ പ്രേഷിതദായക ദൗത്യത്തിനായി സമർപ്പിക്കുന്നു. ഓരോരുത്തരും തങ്ങൾക്കു ലഭിക്കുന്ന ദാനങ്ങളും വരങ്ങളും അനുസരിച്ച് ഈ പ്രേഷിതദൗത്യം നിറ

വേറ്റുന്നു. എല്ലാ വിശ്വാസികളും ഒത്തൊരുമിച്ചു കൂട്ടായ്മയോടു കൂടി ഈ ദൗത്യം നിർവഹിക്കുമ്പോൾ സഭയുടെ പ്രേഷിത ദൗത്യം കൂടുതൽ ഫലപ്രദമായിത്തീരുന്നു. ഈശോയുമായുള്ള വ്യക്തിപരമായ ബന്ധവും അവിടുത്തെ സുവിശേഷത്തോടുള്ള പ്രതിബദ്ധതയും വി. പൗലോസ്ശ്ലീഹാ ഇപ്രകാരം അവതരിപ്പിക്കുന്നു; ''ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ദുരിതം (1കോറി. 9:16). ശ്ലീഹായുടെ ഈ നിർബന്ധബുദ്ധി നമുക്കുമുണ്ടാകണം. തന്റെ ലേഖനത്തിൽ ശ്ലീഹ നടത്തുന്ന ഈ ആഹ്വാനം നമുക്കും സർവാത്മനാ സ്വീകരിക്കാൻ സാധിക്കണം: ''വചനം പ്രസംഗിക്കുക; സാഹചര്യങ്ങൾ അനുകൂലമാണെങ്കിലും അല്ലെങ്കിലും ജാഗ്രതയോടെ വർത്തിക്കുക'' (1തിമോ. 4:2). ഇക്കഴിഞ്ഞ ഒക്ടോബർ മാസം, സിനഡാത്മകതയെക്കുറിച്ചു റോമിൽനടന്ന മെത്രാൻ സിനഡിന്റെ ഒന്നാം സമ്മേളനം ചിന്തിച്ചതും പങ്കുവച്ചതും കൂട്ടായ്മ, പ്രേഷിതദൗത്യം, പങ്കാളിത്തം എന്നിവയെക്കുറിച്ചായിരുന്നു. സഭയുടെകൂട്ടായ്മപ്രേഷിതദൗത്യത്തിനു വേണ്ടിയാണെന്നും ഈ പ്രേഷിതദൗത്യം സഭാംഗങ്ങളെല്ലാവരും പങ്കാളിത്വസ്വഭാവത്തോടെ നിർവഹിക്കണമെന്നതുമാണു സിനഡു നമ്മുടെ ചിന്തയ്ക്കും പ്രാർത്ഥനയ്ക്കും തുടർപ്രവർത്തനത്തിനുമായി നിർദേശിച്ചിരിക്കുന്നത്. ഈ ദൗത്യനിർവഹണത്തിൽ ക്രൈസ്തവരെല്ലാവരും തങ്ങളുടെ പ്രത്യേക വിളികളുടെ സവിശേഷവരങ്ങളും പരിശുദ്ധാത്മാവു നല്കുന്ന ദാനങ്ങളും പ്രയോജനപ്പെടുത്തിക്കൊണ്ടു ജീവിക്കേണ്ടിയിരിക്കുന്നു. ഒന്നിച്ചുചിന്തിക്കാനും ഒന്നിച്ചുനടക്കാനും ഒന്നിച്ചു പ്രവർത്തിക്കാനും നാം അഭ്യസിക്കണം. ഭിന്നിച്ചു കലഹിച്ചു ചിതറിപ്പോകേണ്ടവരല്ല ക്രൈസ്തവർ. സ്നേഹത്തിന്റെ കൂട്ടായ്മയിൽ മിശിഹായുടെ സുവിശേഷത്തിനും ജീവിതത്തിനും നാം സാക്ഷ്യം വഹിക്കണം. പ്രിയപ്പെട്ടവരേ, നമ്മുടെ പിതാവായ മാർതോമാ ശ്ലീഹായുടെ മാതൃക അനുകരിച്ച് ഈശോ നാഥനും കർത്താവുമാണെന്നു ലോകത്തോടു പ്രഘോഷിക്കാനും കാരുണ്യ പ്രവർത്തനങ്ങളിലൂടെ അവിടുത്തെ അനുകമ്പാർദ്രമായ സ്നേഹം എല്ലാവരുമായി പങ്കുവയ്ക്കാനും ഈ വർഷത്തെ പ്രേഷിത വാരാചരണം നമുക്കു പ്രചോദനം നല്കട്ടെ. ലോകം മുഴുവനിലുമുള്ള എല്ലാ പ്രേഷിതർക്കും വേണ്ടി നമുക്കു പ്രാർത്ഥിക്കാം. സഭയുടെ മിഷൻപ്രവർത്തനങ്ങളെ സാധിക്കുന്ന വിധത്തിലെല്ലാം

സഹായിക്കാം. മിഷൻ മേഖലകളിലെ ശുശ്രൂഷകളിൽ കൂടുതൽ വൈദികരും സമർപ്പിതരും അല്മായസഹോദരങ്ങളും പങ്കുചേരേണ്ടതു കാലഘട്ടത്തിന്റെ ആവശ്യമായി കരുതുകയും അതിനായി അവരെ പ്രോത്സാഹിപ്പിക്കുകയും ചെയ്യണം. നമ്മുടെ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും ഈ വർഷത്തെ മിഷൻ വാരാചരണം അർത്ഥവത്തായി സംഘടിപ്പിക്കാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കുമല്ലോ. നമ്മുടെ സഭയുടെ മിഷൻപ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സുവിശേഷവൽക്കരണത്തിനായുള്ള കമ്മീഷന്റെയും മിഷൻ കാര്യാലയത്തിന്റെയും പ്രവർത്തനങ്ങളോട് ഉദാരമായി സഹകരിക്കണമെന്നും അഭ്യർഥിക്കുന്നു. ''യുഗാന്തം വരെ ഞാൻ നിങ്ങളോടുകൂടി ഉണ്ടായിരിക്കും'' (മത്താ. 28:20) എന്ന ഈശോയുടെ വാഗ്ദാനം പ്രേഷിതപ്രവർത്തനങ്ങളിൽ നമുക്കു പ്രചോദനവും ആത്മധൈര്യവും മാർഗദർശനവും നൽകട്ടെ.

എല്ലാവർക്കും സമാഗതമാകുന്ന പുതുവർഷത്തിന്റെ മംഗളങ്ങൾ സ്നേഹപൂർവം ആശംസിക്കുന്നു.

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽ നിന്നു 2023 നവംബർ 24-ാം തീയതി നൽകപ്പെട്ടത്.

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

1. ഈ സർക്കുലർ 2023 ഡിസംബർ മുപ്പത്തൊന്നാം തീയതി ഞായറാഴ്ച സീറോമലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.
2. പ്രേഷിതവാരാചരണത്തിലൂടെ ലഭിക്കുന്ന സംഭാവനകൾ രൂപതാ കേന്ദ്രങ്ങൾവഴി കാക്കനാട് മൗണ്ട് സെന്റ് തോമസിൽ പ്രവർത്തിക്കുന്ന സീറോമലബാർ മിഷൻ ഓഫീസിൽ 2024 ഫെബ്രുവരി 20 നു മുമ്പായി എത്തിക്കേണ്ടതാണ്.

**SEBASTIAN VANIYAPURACKAL**
Administrator of the Syro-Malabar Church
Prot. No. 1208/2023

സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ, സഭയിലെ എല്ലാ മെത്രാപ്പോലീത്തമാർക്കും മെത്രാന്മാർക്കും വൈദികർക്കും സമർപ്പിതർക്കും അല്മായ സഹോദരി സഹോദരന്മാർക്കുമായി പുറപ്പെടുവിക്കുന്ന സർക്കുലർ,

മിശിഹായിൽ പ്രിയ സഹോദരിസഹോദരന്മാരേ,

മാർ തോമാശ്ലീഹായാൽ സ്ഥാപിതമായ സീറോമലബാർ സഭയുടെ പിതാവും തലവനുമെന്ന നിലയിൽ 2011 മെയ് 29 മുതൽ സഭയെ നയിച്ച കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർച്ചുബിഷപ് ശുശ്രൂഷാസ്ഥാനത്തുനിന്നു വിരമിച്ചിരിക്കുകയാണല്ലോ. അഭിവന്ദ്യ പിതാവിന്റെ രാജി സ്വീകരിച്ചുകൊണ്ട് 2023 നവംബർ 29നു പരിശുദ്ധ പിതാവു ഫ്രാൻസീസ് മാർപാപ്പ അതീവഹൃദ്യമായ ഒരു കത്ത് എഴുതിയിരുന്നു. ആഗോളസഭയായി വളർന്നിരിക്കുന്ന സീറോമലബാർ സഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ് എന്നനിലയിൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മെത്രാപ്പോലീത്ത ചെയ്ത സ്തുത്യർഹമായ ശുശ്രൂഷകളെ ഈ കത്തിൽ പ്രത്യേകം പരാമർശിച്ചിട്ടുണ്ട്. അഭിവന്ദ്യ പിതാവു കഴിഞ്ഞ 12 വർഷങ്ങളായി തീക്ഷ്ണവും ശക്തവും ധീരവും സഹനബദ്ധവും ആത്മാർത്ഥവുമായി ചെയ്ത നേതൃത്വശുശ്രൂഷകളെ നമുക്കു നന്ദി പൂർവം സ്മരിക്കാം.

വത്തിക്കാനിൽനിന്നു നല്കപ്പെട്ട നിർദേശ പ്രകാരം 2023 ഡിസംബർ 7 ഇന്ത്യൻ സമയം വൈകുന്നേരം നാലര മണിക്കാണ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവു വിരമിക്കുന്ന വിവരം ഔദ്യോഗികമായി സഭാമക്കളെയും പൊതുസമൂഹത്തെയും അറിയിച്ചത്. ഇതേ സമയത്തുതന്നെ, എറണാകുളം - അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തു

നിന്ന് ആർച്ചുബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവു മാറിയ വിവരവും തൽസ്ഥാനത്ത് മെൽബൺ രൂപതയുടെ മുൻ അധ്യക്ഷൻ മാർ ബോസ്കോ പുത്തൂർ പിതാവു നിയമിക്കപ്പെട്ട വിവരവും അറിയിക്കപ്പെട്ടു. മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവു വരുമ്പോൾ പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെയുള്ള കാലഘട്ടത്തിൽ കൂരിയമെത്രാനാണ്സഭയുടെ അഡ്മിനിസ്ട്രേറ്ററായി സഭയ്ക്കു നേതൃത്വം കൊടുക്കേണ്ടതെന്നു കാനൻ നിയമം അനുശാസിക്കുന്നു. അതിൻപ്രകാരം, ഞാൻ ഏറ്റെടുത്തിരിക്കുന്ന ഈ ശുശ്രൂഷാനിർവഹണത്തിനു ആവശ്യമായ ദൈവകൃപ ലഭിക്കുന്നതിനുവേണ്ടി എല്ലാവരുടെയും പ്രാർഥനാ സഹായം അപേക്ഷിക്കുന്നു.

പുതിയ സഭാതലവനെ തെരഞ്ഞെടുക്കുന്നതിനു മേജർ ആർച്ചുബിഷപ്പു വിരമിച്ച ദിവസം മുതൽ രണ്ടു മാസത്തിനകം മെത്രാൻസിനഡു വിളിച്ചുകൂട്ടണമെന്ന സഭയുടെ കാനൻ നിയമം ഈ സാഹചര്യത്തിൽ ബാധകമാണ്. സീറോമലബാർ മെത്രാന്മാരുടെ മുപ്പത്തിരണ്ടാം സിനഡിന്റെ ഒന്നാം സമ്മേളനം 2024 ജനുവരിയിൽ നടത്തുന്നതിനുവേണ്ടി നിയമപ്രകാരമുള്ള ഔദ്യോഗിക കൽപന കഴിഞ്ഞ ഒക്ടോബർ 8 നു നല്കപ്പെട്ടിട്ടുള്ളതാണ്. 2023 ഡിസംബർ 7ന് വൈകുന്നേരം കൂടിയ പെർമനെന്റ് സിനഡിന്റെ തീരുമാനപ്രകാരം ജനുവരി 8 മുതൽ 13 വരെ നടക്കുന്ന സിനഡുസമ്മേളനത്തിൽത്തന്നെ പുതിയ മേജർ ആർച്ചുബിഷപ്പിന്റെ തെരഞ്ഞെടുപ്പു നടപടികൾ ആരംഭിക്കുന്നതാണ്. സിനഡു തെരഞ്ഞെടുക്കുന്ന പുതിയ മേജർ ആർച്ചുബിഷപ്പിന് പരിശുദ്ധ മാർപാപ്പയുടെ സ്ഥിരീകരണം ലഭിച്ചാലുടൻ ഇതുസംബന്ധിച്ച ഓദ്യോഗിക പ്രഖ്യാപനവും തുടർന്നു സ്ഥാനാരോഹണവും നടക്കുന്നതാണ്. ഈ കാലഘട്ടത്തിൽ സീറോമലബാർ സഭയെ നയിക്കാൻ ഏറ്റവും അനുയോജ്യനായ വ്യക്തി ഈ ശുശ്രൂഷാപദവിയിലേക്കു തെരഞ്ഞെടുക്കപ്പെടുന്നതിനുവേണ്ടി എല്ലാവരും പ്രാർഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സഭ മുഴുവനിലും ചൊല്ലുന്നതിനു ഒരു പ്രാർത്ഥന തയ്യാറാക്കി ഈ സർക്കുലറിനൊപ്പം നൽകുന്നു. ഇത് 2023 ഡിസംബർ 10 ഞായർ മുതൽ 2024 ജനുവരി 13 വരെ നമ്മുടെ എല്ലാ ദൈവാലയങ്ങളിലും സന്യാസഭവനങ്ങളിലും സ്ഥാപനങ്ങളിലും വിശുദ്ധ കൂർബാനക്കുശേഷവും

കുടുംബങ്ങളിൽ സായാഹ്ന പ്രാർത്ഥനക്കുശേഷവും ചൊല്ലണമെന്നു അറിയിക്കുന്നു. മറ്റൊരു സുപ്രധാന കാര്യംകൂടി അറിയിക്കാൻ ആഗ്രഹിക്കുന്നു.

സീറോമലബാർ സഭയുടെ ഹയരാർക്കിസ്ഥാപനത്തിന്റെ ശതാബ്ദിവർഷ സമാപനത്തിലെത്തിയിരിക്കുകയാണ് നാമിപ്പോൾ. ''റൊമാനി പൊന്തിഫിച്ചെസ്'' എന്ന തിരുവെഴുത്തുവഴി 1923 ഡിസംബർ 21 ന് പരിശുദ്ധ പിതാവ് പതിനൊന്നാം പീയുസ് മാർപാപ്പയാണ് സീറോമലബാർ ഹയരാർക്കി സ്ഥാപിച്ചത്. എറണാകുളത്തെ അതിരൂപതാ പദവിയിലേയ്ക്കുയർത്തുകയും തൃശ്ശൂർ, ചങ്ങനാശ്ശേരി, കോട്ടയം എന്നിവയെ സാമന്തരൂതകളായി നിശ്ചയിക്കുകയും ചെയ്തുകൊണ്ടു റോമാ മാർപാപ്പ എടുത്ത ഈ തീരുമാനത്തെത്തുടർന്നു സഭയുടെ നാളിതുവരെയുള്ള വളർച്ച അത്ഭുതാവഹമാണ്. പതിനാറാം നുറ്റാണ്ടുവരെ ഭാരതം മുഴുവനിലും അജപാലനാധികാരം ഉണ്ടായിരുന്ന സീറോമലബാർ സഭയ്ക്ക് ഇടക്കാലത്ത് ഇതിനു പരിമിതികൾ ഉണ്ടായിരുന്നെങ്കിലും ഇപ്പോൾ ഇതു പുനഃസ്ഥാപിക്കപ്പെട്ടു. 1887ലെ വികാരിയാത്തുകളുടെ സ്ഥാപനവും 1923ലെ ഹയരാർക്കി സ്ഥാപനവുമാണ് ഈ പ്രക്രീയയ്ക്ക് ആക്കംകൂട്ടിയത് എന്നതു പ്രത്യേകം സ്മരണീയമാണ്. ഈ ശതാബ്ദിവർഷത്തിൽ ഹയരാർക്കി സ്ഥാപനത്തിലൂടെ ദൈവം നമ്മുടെ സഭയ്ക്കു നല്കിയ അനുഗ്രഹങ്ങളെ നന്ദിയോടെ ഓർക്കാം. അതിന്റെ ഭാഗമായി 2023 ഡിസംബർ 21 വ്യാഴാഴ്ച സഭയിലെ എല്ലാ കത്തീഡ്രൽ ദൈവാലയങ്ങളിലും രൂപതാധ്യക്ഷന്മാരുടെ കാർമികത്വത്തിൽ പ്രത്യേക വിശുദ്ധ കുർബാന അർപ്പിച്ചു പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. അന്നേദിവസം ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് സഭയുടെ കേന്ദ്രകാര്യാലയമായ കാക്കനാട് മൗണ്ട് സെന്റ് തോമസിലും പ്രത്യേക വിശുദ്ധ കുർബാന അർപ്പിക്കുന്നതാണ്.

ഹെബ്രായലേഖനത്തിൽ നാം വായിക്കുന്നതുപോലെ, ''സ്നേഹത്തോടെ ജീവിക്കുന്നതിനും നല്ല കാര്യങ്ങൾ ചെയ്യുന്നതിനും പരസ്പരം പ്രോത്സാഹിപ്പിക്കാൻ എങ്ങനെ കഴിയുമെന്നു നമുക്കു പര്യാലോചിക്കാം (10:24). പരസ്പരസ്നേഹത്തോടും ഐക്യത്തോടും സഹകരണ മനോഭാവത്തോടുംകൂടി സഭയുടെയും പൊതുസമൂഹത്തിന്റെയും വളർച്ചക്കുവേണ്ടി നമുക്ക് ഒരു

മിച്ചു പ്രവർത്തിക്കാം. സമാഗതമാകുന്ന ക്രിസ്തുമസിന്റെ മംഗളങ്ങൾ ഏവർക്കും സ്നേഹപൂർവ്വം ആശംസിക്കുന്നു. കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർക്കി എപ്പിസ്കോപ്പൽ കാര്യാലയത്തിൽനിന്നു 2023 ഡിസംബർ 9-ാം തീയതി നൽകപ്പെട്ടത്.

ഈശോയിൽ സ്നേഹപൂർവം,

**ബിഷപ്പ് സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ**

സീറോമലബാർസഭയുടെ അഡ്മിനിസ്ട്രേറ്റർ

---

ഈ സർക്കുലർ 2023 ഡിസംബർ 10 ഞായറാഴ്ച സീറോ മലബാർ സഭയിലെ എല്ലാ ഇടവക ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സമർപ്പിത ഭവനങ്ങളിലും പരിശീലന കേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാന മധ്യേ വായിക്കേണ്ടതാണ്.

**George Cardinal Alencherry**
Major Archbishop
Syro-Malabar Church

Prot. No. 1197/2023
December 7, 2023

---

പ്രിയപ്പെട്ടവരേ,
ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ!

ദൈവകൃപയാൽ 2011 മെയ് 29-ാം തീയതിമുതൽ മേജർ ആർച്ചുബിഷപ്പ് എന്ന നിലയിൽ സീറോമലബാർ സഭയിൽ ഞാൻ ശുശ്രൂഷ നിർവഹിക്കുകയായിരുന്നു. സർവശക്തനായ ദൈവത്തിന്റെ അനുഗ്രഹംകൊണ്ടാണു മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റാൻ എനിക്കു സാധിച്ചത്.

നിങ്ങളിൽ ചിലർക്കെങ്കിലും അറിയാവുന്നതുപോലെ, മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തു നിന്നു വിരമിക്കാനുള്ള എന്റെ ആഗ്രഹം 2019 ജൂലൈ 19-നു ഞാൻ പരിശുദ്ധ പിതാവിനെ അറിയിച്ചിരുന്നു. നമ്മുടെ സഭയിലെ വർധിച്ചുവരുന്ന അജപാലന ആവശ്യങ്ങളും എന്റെ ആരോഗ്യസ്ഥിതിയും ശ്രദ്ധാപൂർവം പരിഗണിച്ചാണു ഞാൻ ആ തീരുമാനം എടുത്തത്. സ്ഥാനമൊഴിയണമെന്ന എന്റെ ആഗ്രഹം അംഗീകരിക്കുന്നതിനു വേണ്ടി ഞാൻ താല്പര്യത്തോടെ അഭ്യർഥിച്ചുവെങ്കിലും, എന്റെ തീരുമാനം സ്വീകരിക്കുന്നതിനുമുൻപു പരിശുദ്ധ പിതാവ് സീറോമലബാർ സഭയുടെ സിനഡിന്റെ അഭിപ്രായം തേടി. സിനഡ് എന്റെ തീരുമാനം അംഗീകരിച്ചില്ല.

പ്രാർഥനാപൂർവകമായ പുനരാലോചനകൾക്കുഷേം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വത്തിൽനിന്നു മാറാൻ അനുവദിക്കണമെന്ന ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് 2022 നവംബർ 15നു എന്റെ രാജി പരിശുദ്ധ പിതാവിനു വീണ്ടും സമർപ്പിച്ചു. എന്റെ അഭ്യർത്ഥനയിൽ ഉടനടി തീരുമാനമെടുത്തില്ലെങ്കിലും ഒരു വർഷത്തിനുശേഷം പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ രാജി സ്വീകരിക്കുകയും ഔദ്യോഗിക ഉത്തരവാദിത്വത്തിൽനിന്നു വിരമിക്കാൻ എന്നെ അനു

വദിക്കുകയും ചെയ്തിരിക്കുന്നു എന്ന വിവരം നിങ്ങളെ അറിയിക്കാൻ എനിക്കു സന്തോഷമുണ്ട്. അതിനാൽ, ഇന്നേദിവസം 2023 ഡിസംബർ 7-ാം തിയതി പ്രാബല്യത്തിൽവരുന്നവിധം സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു ഔദ്യോഗികമായി വിരമിക്കുന്നു. നിങ്ങളുടെ പ്രാർത്ഥനയും പിന്തുണയും മാറ്റത്തിന്റെ ഈ കാലയളവിൽ ഉണ്ടാകുമല്ലോ.

പൗരസ്ത്യസഭാനിയമപ്രകാരം മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനം ഒഴിവുവരുമ്പോൾ സഭയുടെ കൂരിയാ ബിഷപ്പ് ഇപ്പോഴത്തെ സാഹചര്യത്തിൽ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പുതിയ മേജർ ആർച്ചുബിഷപ്പ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ സീറോമലബാർ സഭയുടെ അഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കുന്നതാണ്.

ഈശോയിൽ സ്നേഹപൂർവം,

**കർദിനാൾ ജോർജ് ആലഞ്ചേരി**

Prot. No. 1199/2023
7 December 2023

## കർദിനാൾ മാർ ജോർജ് ആലഞ്ചേരി വിരമിച്ചു. മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ അഡ്മിനിസ്ട്രേറ്റർ

സീറോമലബാർസഭയുടെ മൂന്നാമത്തെ മേജർ ആർച്ചുബിഷപ്പ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ്പ് സ്ഥാനത്തു നിന്നു വിരമിച്ചു. സീറോ മലബാർസഭയിൽ വർധിച്ചുവരുന്ന അജപാലന ആവശ്യങ്ങളും തന്റെ ആരോഗ്യ സ്ഥിതിയും പരിഗണിച്ചു മേജർ ആർച്ചുബിഷപ്പിന്റെ ഉത്തരവാദിത്വത്തിൽ നിന്നും വിരമിക്കാനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി സമർപ്പിച്ച രാജി പരിശുദ്ധ പിതാവ് ഫ്രാൻസീസ് മാർപാപ്പ സ്വീകരിച്ചു. പൗരസ്ത്യസഭാനിയമം, കാനൻ 127 പ്രകാരം പുതിയ മേജർ ആർച്ചുബിഷപ് സ്ഥാനം ഏറ്റെടുക്കുന്നതുവരെ കൂരിയമെത്രാൻ അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് സീറോമലബാർ സഭയുടെഅഡ്മിനിസ്ട്രേറ്ററായി പ്രവർത്തിക്കും. 2019-ൽ കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ്പ് സ്ഥാനത്തുനിന്നു വിരമിക്കുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിച്ചുകൊണ്ട് പരിശുദ്ധ പിതാവിനു രാജി സമർപ്പിച്ചിരുന്നു. എന്നാൽ സിനഡിന്റെ തീരുമാനപ്രകാരം പരിശുദ്ധ പിതാവ് അന്നു രാജി സ്വീകരിച്ചില്ല. വീണ്ടും 2022 വംബർ 15 നു ഓദ്യോഗിക സ്ഥാനത്ത് നിന്നും വിരമിക്കാനുള്ള ആഗ്രഹം അറിയിച്ചുകൊണ്ട് സമർപ്പിച്ച രാജി സ്വീകരിച്ചുകൊണ്ടു പരിശുദ്ധ പിതാവ് നല്കിയ അനുവാദപ്രകാരമാണ് 2023 ഡിസംബർ 7-ാം തീയതി പ്രാബല്യത്തിൽവരുന്നവിധം കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ്പിന്റെ സ്ഥാനത്തുനിന്നു വിരമിക്കുന്നത്. സീറോ മലബാർസഭയുടെ രണ്ടാമത്തെ കൂരിയാ മെത്രാനായ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ 1992 ലാണു വൈദികനായത്. റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽനിന്നു സഭാനിയമത്തിൽ ഡോക്ടറേറ്റ് കരസ്ഥമാക്കിയഅദ്ദേഹം കാഞ്ഞിരപ്പള്ളി രൂപതയിലെ വിവിധ ശുശ്രൂഷകൾക്കു ശേഷം 2014-ൽ മേജർ

ആർക്കിഎപ്പിസ്കോപ്പൽ കൂരിയായിൽ വൈസ് ചാൻസലറായി നിയമിതനായി. 2017 നവംബർ 12-നാണു മെത്രാനായി അഭിഷിക്തനായത്. പുതിയ മേജർ ആർച്ചു ബിഷപ്പിന്റെ തെരഞ്ഞെടുപ്പു നടക്കുന്ന സിനഡിന്റെ നടത്തിപ്പും സ്ഥാനരോഹണവുമുൾപ്പെടെ സഭയുടെ ഭരണപരമായ ഉത്തരവാദിത്വങ്ങൾ അഡ്മിനിസ്ട്രേറ്റർ എന്ന നിലയിൽ പിതാവിൽ നിക്ഷിപ്തമാണ്. 1945 ഏപ്രിൽ 19 നാണു കർദിനാൾ മാർ ജോർജ്ജ് ആലഞ്ചേരിയുടെ ജനനം. 1972 ഡിസംബർ 18 ന് അഭിവന്ദ്യ ആന്റണി പടിയറ പിതാവിൽനിന്നു വൈദികപട്ടം സ്വീകരിച്ചു. പാരീസിലെ സൊർബോൺ സർവകലാശാലയിൽനിന്നു കാത്തലിക്ക് യൂണിവേഴ്സിറ്റിയിൽ നിന്നുമായി ബൈബിൾ ദൈവശാസ്ത്രത്തിൽ ഡോക്ടറേറ്റ് ബിരുദം നേടി. ഉപരിപഠനത്തിനുശേഷം തിരിച്ചെത്തിയ അദ്ദേഹം 1986 മുതൽ ആറു വർഷക്കാലം കെ. സി. ബി. സി. യുടെ ആസ്ഥാന കേന്ദ്രമായ പി. ഒ. സി.യുടെ ഡയറക്ടർ ആയി നിയമിതനായി. തുടർന്നു ചങ്ങനാശ്ശേരി അതിരൂപതയുടെ വികാരിജനറാളായി. ഇതിനിടയിൽ, വടവാതൂർ സെമിനാരിയിൽ ദൈവശാസ്ത്ര അധ്യാപകനായി പത്തുവർഷത്തോളം സേവനം ചെയ്തു. ചങ്ങനാശ്ശേരി അതിരൂപത പതിറ്റാണ്ടുകൾക്കുമുമ്പു തുടങ്ങിയ തക്കല മിഷൻ കേന്ദ്രമാക്കി ഒരു രൂപത സ്ഥാപിക്കപ്പെട്ടപ്പോൾ പ്രഥമ മെത്രാനായി നിയോഗിക്കപ്പെട്ടത് അന്നു ചങ്ങനാശ്ശേരി വികാരി ജനറാളായിരുന്ന ജോർജ് ആലഞ്ചേരിയച്ചനായിരുന്നു. 1997 ഫെബ്രുവരി 2-ാം തിയതി അഭിവന്ദ്യ ജോസഫ് പൗവ്വത്തിൽ മെത്രാപ്പോലീത്ത അദ്ദേഹത്തിനു മെത്രാൻപട്ടം നല്കി. ഒന്നുമില്ലായ്മയിൽ നിന്നെന്നവിധം രൂപതയ്ക്കു അടിസ്ഥാന സൗകര്യങ്ങൾ രൂപപ്പെടുത്തി. ഒരു പിതാവിന്റെ വാൽസല്യവും സഹോദരന്റെ കരുതലും സുഹൃത്തിന്റെ സൗഹൃദവും അവിടത്തെ നാനാ ജാതിമതസ്ഥരായ ജനങ്ങൾക്കു പകർന്നു നല്കാൻ ആലഞ്ചേരി പിതാവിനു കഴിഞ്ഞു.

2011 ഏപ്രിൽ ഒന്നിന് അന്നത്തെ മേജർ ആർച്ചുബിഷപ്പ് അഭിവന്ദ്യ കർദിനാൾ വർക്കി വിതയത്തിൽ പിതാവു കാലംചെയ്യുമ്പോൾ ജോർജ് ആലഞ്ചേരി പിതാവു സിനഡിന്റെ സെക്രട്ടറിയായിരുന്നു. അഭിവന്ദ്യ വിതയത്തിൽ പിതാവിന്റെ സംസ്കാരകർമങ്ങൾക്കുശേഷം 2011 മെയ് മാസം കൂടിയ സീറോമലബാർ

മെത്രാൻസിനഡ് സഭയുടെ നേതൃത്വം ഏല്പിച്ചത് അഭിവന്ദ്യ ആലഞ്ചേരി പിതാവിനെയായിരുന്നു. 2011 മെയ് 29ന് സ്ഥാനം ഏറ്റെടുത്തു. മാർ ജോർജ് ആലഞ്ചേരി പിതാവിനെ പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ പാപ്പ 2012 ഫെബ്രുവരി 18ന് വത്തിക്കാനിൽ വച്ചു നടന്ന ചടങ്ങിൽ കർദ്ദിനാൾ സ്ഥാനത്തേയ്ക്കുയർത്തി. 2013 ൽ ഫ്രാൻസിസ് മാർപ്പാപ്പ തെരഞ്ഞെടുത്ത കോൺക്ലേവിൽ അഭിവന്ദ്യ ആലഞ്ചേരി പിതാവു പങ്കെടുത്തു.

മാർ ജോർജ് ആലഞ്ചേരി പിതാവ് മേജർ ആർച്ച്ബിഷപ്പായതിനുശേഷം സീറോമലബാർ സഭയ്ക്കു കൈവന്ന വളർച്ചയും വിപുലീകരണവും ശ്രദ്ധേയമാണ്. ഷംഷാബാദ്, ഹൊസൂർ രൂപതകളുടെ സ്ഥാപനത്തോടെ ഭാരതം മുഴുവനിലും അജപാലന ശുശ്രൂഷ ചെയ്യാനുള്ള അവകാശം സീറോമലബാർ സഭയ്ക്കു പരിശുദ്ധ പിതാവു നല്കി. സഭയുടെ ദീർഘനാളായുള്ള ആവശ്യമാണ് ഇതോടെ അനുവദിക്കപ്പെട്ടത്. അതുപോലെതന്നെ ഫരീദാബാദ്, മെൽബൺ, മിസ്സിസാഗ, ഗ്രേറ്റ്ബ്രിട്ടൻ എന്നീ രൂപതകളുടെ സ്ഥാപനവും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേറ്ററുടെ നിയമനവും സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ വിപുലപ്പെടുത്തി. ആഗോളസഭയുടെ കേന്ദ്രമായ റോമിൽ സീറോമലബാർസഭയ്ക്കു സ്വന്തമായി ഒരു ഭവനത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിലും പിതാവിന്റെ നേതൃത്വം നിർണ്ണായകമായിരുന്നു. പ്രേഷിതാഭിമുഖ്യത്തിന് ഉതകുന്ന അജപാലന സൗകര്യങ്ങളുടെ വർദ്ധനവോടെ സീറോമലബാർ സഭയുടെ പ്രേഷിതപ്രവർത്തനങ്ങളെ ശക്തിപ്പെടുത്താനും കാര്യക്ഷമമാക്കാനും സാധിച്ചതിലും അഭിവന്ദ്യ പിതാവിന്റെ ശ്രദ്ധയും താൽപര്യവും ഏറെ പ്രകടമായിരുന്നു.

സീറോമലബാർ സഭയുടെ വിശുദ്ധ കൂർബാനക്രമം നവീകരിക്കുന്നതിലും വിശുദ്ധ കുർബാനയർപ്പണത്തിൽ ഒരു ഏകീകൃത രൂപം നടപ്പിലാക്കുന്നതിലും യാമപ്രാർഥനകൾ നവീകരിക്കുന്നതിലും കർദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിന്റെ നേതൃത്വം സഭാചരിത്രത്തിന്റെ സുവർണ ഏടുകളിൽ രേഖപ്പെടുത്തപ്പെടും. സീറോമലബാർസഭയുടെ മേജർ ആർച്ച്ബിഷപ് എന്ന നിലയിൽ, 35 രൂപതകളിലും അതിനുപുറത്തുമായി ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന 50 ലക്ഷത്തിൽപ്പരം 3 സീറോമല

ബാർ കത്തോലിക്കരുടെ നേതൃത്വശുശ്രൂഷ നിർവഹിച്ച പിതാവ് എറണാകുളം-അങ്കമാലി അതിരൂപതയുടെ മെത്രാപ്പോലീത്ത കൂടി ആയിരുന്നു. കേരള കത്തോലിക്ക മെത്രാൻ സമിതിയുടെ പ്രസിഡണ്ട് എന്ന നിലയിൽ പിതാവു സ്തുത്യർഹമായ സേവനം ചെയ്തു. എക്യുമെനിക്കൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കേരളത്തിലെ ഇന്റർ ചർച്ച് കൗൺസിലിന്റെ പ്രസിഡണ്ട് എന്ന നിലയിൽ പിതാവു ശുശ്രൂഷ ചെയ്യുന്നു. സമകാലിക യാഥാർഥ്യ ങ്ങൾ ഉൾക്കൊള്ളുന്ന ആത്മീയനേതാവാണ് അഭിവന്ദ്യ ജോർജ് ആലഞ്ചേരി പിതാവ്. കാര്യശേഷിയും കറതീർന്ന ആത്മീയതയും തീരുമാനങ്ങളിലെ ദൃഢതയും അദ്ദേഹത്തിന്റെ പ്രത്യേകതക ളാണ്. ആശയങ്ങളിലുള്ള വ്യക്തതയും സംവാദങ്ങളിൽ പ്രദർശി പ്പിക്കുന്ന സമഭാവനയും സുതാര്യമായ ആശയങ്ങളും ലളിതവും എന്നാൽ ശക്തവുമായ പ്രഭാഷണശൈലിയും പിതാവിന്റെ നേതൃ ത്വശുശ്രൂഷയെ കൂടുതൽ ഫലപ്രദമാക്കി. തിരക്കുകൾക്കും ആൾക്കൂട്ടങ്ങൾക്കുമിടയിലും പരിചിതമായ മുഖങ്ങൾ കണ്ടെ ത്താനും അവരോടു സാധ്യമാകുന്ന രീതിയിൽ സംവദിക്കാനും പിതാവു കാണിക്കുന്ന ശ്രദ്ധയും കരുതലും അനേകായിരങ്ങൾക്കു ഹൃദ്യമായ അനുഭവം പകർന്നു കൊടുത്തിട്ടുണ്ട്. വിശ്വാസപ്രതി ബദ്ധതയോടൊപ്പം സാമൂഹികപ്രതിബദ്ധതയും പിതാവിന്റെ കൈമുതലാണ്. ദൈവദാനമായ പ്രകൃതിയുടെ സംരക്ഷണവും മനുഷ്യജീവന്റെ അമൂല്യതയും പിതാവിന്റെ പ്രഭാഷണങ്ങളിലും എഴുത്തുകളിലും ആവർത്തിച്ചുവരുന്ന പ്രമേയങ്ങളാണ്. ഒരു മതവിഭാഗത്തിന്റെ ആത്മീയ നേതാവ് എന്ന ചട്ടക്കൂടിൽ മാത്രം ഒതുങ്ങാതെ മാനവികതയെ മുഴുവൻ ആശ്ലേഷിക്കുന്ന വലിയ ഹൃദയമാണ് ആലഞ്ചേരി പിതാവിന്റേത്. കർദ്ദിനാളെന്ന നിലയിൽ പൗരസ്ത്യ സഭകൾക്കായുള്ള വത്തിക്കാൻ കാര്യാലയത്തിലുള്ള ദൗത്യം പിതാവു തുടരുന്നതാണ്. സഭയുടെ നേതൃസ്ഥാനത്തു നിന്ന് വിരമിക്കുന്ന കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവ് തന്റെ പ്രാർഥനയിലൂടെയും സ്നേഹസാന്നിധ്യത്തിലൂടെയും സീറോമലബാർസഭയെ ഇനിയും വളർത്താൻ നല്ലവനായ ദൈവം അനുഗ്രഹിക്കുന്നതിനായി പ്രാർഥിക്കാം.

**ഫാ. അബ്രഹാം കാവിൽപുരയിടത്തിൽ**
മേജർ ആർക്കിഎപ്പിസ്കോപ്പൽ ചാൻസലർ

Prot. No. 1198/2023
7 ഡിസംബർ 2023

## ബിഷപ്പ് ബോസ്കോ പുത്തൂർ
## എറണാകുളം-അങ്കമാലി
## അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ

എറണാകുളം-അങ്കമാലി അതിരൂപതയുടെ പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി മെൽബൺ രൂപതയുടെ മുൻ മെത്രാൻ അഭിവന്ദ്യ മാർ ബോസ്കോ പുത്തൂർ പിതാവിനെ പരിശുദ്ധ പിതാവു ഫ്രാൻസിസ് മാർപാപ്പ നിയമിച്ചു. ഇതു സംബന്ധിച്ച പ്രഖ്യാപനം 2023 ഡിസംബർ ഏഴ് വ്യാഴാഴ്ച ഇറ്റാലിയൻ സമയം ഉച്ചയ്ക്കു 12-ന് വത്തിക്കാനിലും ഉച്ചകഴിഞ്ഞ് 4.30ന് സഭാകാര്യാലയമായ മൗണ്ട് സെന്റ് തോമസിലും എറണാകുളം - അങ്കമാലി അതിരൂപതയുടെ ആസ്ഥാനത്തും നടന്നു. എറണാകുളം - അങ്കമാലി അതിരുപതയുടെ പുതിയ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ ബിഷപ് ബോസ്കോ പുത്തൂർ സീറോമലബാർസഭയുടെ ആദ്യത്തെ കൂരിയാമെത്രാനും ഓസ്ട്രേലിയായിലെ മെൽബൺ രൂപതയുടെ പ്രഥമമെത്രാനുമാണ്. 2023 മെയ് 31 നാണ് അദ്ദേഹം മെൽബൺ രുപതയുടെ ഭരണത്തിൽനിന്നു വിരമിച്ചത്. എറണാകുളം-അങ്കമാലി അതിരൂപതയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിലേക്കു സഹായിക്കുന്ന ഡയലോഗ് കമ്മിറ്റിയുടെ കൺവീനറായി അടുത്തയിടെ സീറോമലബാർ മെത്രാൻസിനഡ് അഭിവന്ദ്യ ബോസ്കോ പിതാവിനെ നിയോഗിച്ചിരുന്നു. 1946-ൽ ജനിച്ച അദ്ദേഹം 1971-ൽ റോമിൽ വെച്ചു പൗരോഹിത്യം സ്വീകരിച്ചു. തൃശൂർ മൈനർ സെമിനാരി റെക്ടർ, മേജർ സെമിനാരി അധ്യാപകൻ, മംഗലപ്പുഴ മേജർ സെമിനാരി റെക്ടർ, കത്തീഡ്രൽ വികാരി, വികാരിജനറാൾ, സീറോമലബാർസഭയുടെ ലിറ്റർജിക്കൽ റിസർച്ച് സെന്റർ എക്സിക്യൂട്ടിവ് ഡയറക്ടർ എന്നീ നിലകളിൽ സേവനമനുഷ്ഠിച്ച അദ്ദേഹം 2010-ൽ സീറോമലബാർസഭയുടെ പ്രഥമ കൂരിയ മെത്രാനായി അഭിഷിക്തനായി. സീറോമലബാർ മെത്രാൻസിനഡിന്റെ സെക്രട്ടറിയായിരുന്ന ബിഷപ് ബോസ്കോ പുത്തൂർ കർദിനാൾ മാർ വർക്കി

വിതയത്തിൽ പിതാവു കാലം ചെയ്തതിനെത്തുടർന്നു കർദിനാൾ മാർ ജോർജ് ആലഞ്ചേരി മേജർ ആർച്ചുബിഷപ്പായി സ്ഥാനമേറ്റെടുത്തതുവരെ സഭയുടെ അഡ്മിനിസ്ട്രേറ്ററായും പ്രവർത്തിച്ചിരുന്നു. 2022 ജൂലൈ 30ന് എറണാകുളം – അങ്കമാലി അതിരൂപതയുടെ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിതനായ ആർച്ചുബിഷപ്പ് ആൻഡ്രൂസ് താഴത്ത് പിതാവിനെ തൃശൂർ അതിരൂപതയുടെ മെത്രാപ്പോലീത്ത എന്ന ഉത്തരവാദിത്വത്തിനു പുറമേയാണ് അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററുടെ അധികചുമതല ഏൽപ്പിച്ചത്. 2022 നവംബർ മാസത്തിൽ ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ പ്രസിഡണ്ട് സ്ഥാനത്തേക്ക് ആർച്ചു ബിഷപ്പ് ആൻഡ്രൂസ് താഴത്ത് തെരഞ്ഞെടുക്കപ്പെട്ടു. മൂന്നു പ്രധാനപ്പെട്ട ചുമതലകൾ നിർവ്വഹിക്കുക എന്നതു പ്രായോഗികമായി ദുഷ്കരമായ സാഹചര്യത്തിൽ എറണാകുളം – അങ്കമാലി അതിരൂപതയുടെ അഡ്മിനിസ്ട്രേറ്റർ സ്ഥാനത്തുനിന്നു തന്നെ ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആർച്ചുബിഷപ് ആൻഡ്രൂസ് താഴത്ത് മാർപാപ്പയ്ക്ക് അപേക്ഷ സമർപ്പിച്ചിരുന്നു. ഇതു പരിഗണിച്ചാണു മാർപാപ്പ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്ററായി നിയമിച്ചിരിക്കുന്നത്.

**ഫാ. അബ്രഹാം കാവിൽപുരയിടത്തിൽ**
മേജർ ആർക്കി എപ്പിസ്കോപ്പൽ ചാൻസലർ

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

ജനുവരി 17-ാം തീയതി ബഹു. മോൺ. ജോസഫ് കണിയാമറ്റം അച്ചന്റെയും ജനുവരി 19-ാം തീയതി ബഹു. ജോസഫ് മേമന അച്ചന്റെയും ജനുവരി 29-ാം തീയതി ബഹു. ജോസഫ് കോട്ടേപ്പറമ്പിൽ അച്ചന്റെയും ഫെബ്രുവരി 1-ാം തീയതി ബഹു. ജോസഫ് മഞ്ചുവള്ളിൽ അച്ചന്റെയും ഫെബ്രുവരി 7-ാം തീയതി ബഹു. പീറ്റർ ചെറുകരമുട്ടം അച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത ദിവസങ്ങളിൽ ഈ വൈദികരെ നമ്മുടെ പ്രാർത്ഥനകളിലും വി. ബലികളിലും അനുസ്മരിക്കാം.

**കൂരിയ അവധി**

2023 ഡിസംബർ 24 മുതൽ 2024 ജനുവരി 4 വരെ രൂപതാകച്ചേരി അവധിയായിരിക്കും.

**സീറോ മലബാർ സഭ പ്രേഷിത വാരാചരണം: ജനുവരി 6-13**

സീറോ മലബാർ സഭയുടെ വിവിധ മിഷൻ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന മിഷനറിമാരെയും മിഷനറി പ്രവർത്തനങ്ങളെയും അനുസ്മരിക്കുവാനും മിഷൻ പ്രവർത്തനങ്ങളുടെ വിജയത്തിനായി പ്രാർത്ഥിക്കുവാനും പ്രത്യേകമായി മാറ്റി വച്ചിരിക്കുന്ന അവസരമാണല്ലൊ സീറോമലബാർ പ്രേഷിത വാരാചരണം. 2024 ജനുവരി 6 മുതൽ 13 വരെയാണ് സീറോമലബാർ സഭ പ്രേഷിതവാരമായി ആചരിക്കുന്നത്. സീറോ മലബാർ സഭയുടെ മേജർ ആർച്ച് ബിഷപ്പ് പ്രേഷിതവാരത്തെക്കുറിച്ച് നൽകിയിട്ടുള്ള സർക്കുലർ ജനുവരി 1 ന് ഞായറാഴ്ച്ച വായിക്കുകയും അന്നേ ദിവസം പ്രത്യേക സ്തോത്രകാഴ്ച സ്വീകരിച്ച് ജനുവരി 30 നകം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യേണ്ടതാണ്.

**ഓൺ ഗോയിംങ് ഫോർമേഷൻ കോഴ്സ് 2024**

മാനന്തവാടി രൂപതയിലെ യുവ വൈദികർക്കുവേണ്ടിയുള്ള ഓൺഗോയിംങ് ഫോർമേഷൻ കോഴ്സ് 2024 ഫെബ്രുവരി 13 വൈകിട്ട് 6 മുതൽ 15 വൈകിട്ട് 4 മണിവരെ നടത്തപ്പെടും. 2010 ഡിസംബർ മാസത്തിൽ പട്ടം സ്വീകരിച്ചവർ തുടങ്ങി ഈ വർഷം

തിരുപ്പട്ടം സ്വീകരിച്ചവർ ഉൾപ്പെടെയുള്ള എല്ലാ വൈദികരും നിർബന്ധമായും കോഴ്സിൽ സംബന്ധിക്കേണ്ടതാണ്. കോഴ്സിൽ പങ്കെടുക്കുന്നതിൽ നിന്നും ആർക്കും ഒഴികഴിവ് അനുവദിക്കുന്നതല്ല. അതിനാൽ വ്യക്തിപരമായ കാര്യങ്ങളും, ഇടവകയിലെയോ, സ്ഥാപനങ്ങളിലെയോ, സംഘടനകളിലെയോ കാര്യങ്ങളൊക്കെ മുൻകൂട്ടി ക്രമീകരിച്ച് കോഴ്സിൽ സംബന്ധിക്കേണ്ടതാണ്.

**മോൺ. പോൾ മുണ്ടോളിക്കൽ**
വികാരി ജനറാൾ

# വൈദിക സമ്മേളന റിപ്പോർട്ട്

മാനന്തവാടി രൂപതയിലെ വൈദികരുടെ ഒരു സമ്മേളനം 2023 നവംബർ 21 ന് രാവിലെ 10:30 ന് ദ്വാരക കോർപ്പറേറ്റ് ഓഡിറ്റോറിയത്തിൽ ആരംഭിച്ചു. കാനാൻ ദേശത്തേക്ക് പ്രവേശിക്കുന്നതിന് മുമ്പ് പന്ത്രണ്ട് ഗോത്രങ്ങളുടെ പ്രതിനിധികൾ വാഗ്ദാനം ചെയ്യപ്പെട്ട ദേശത്തെ നിരീക്ഷിക്കുന്നതും അതിനുശേഷമുള്ള ചർച്ചകളും തീരുമാനങ്ങളും ജെറുസലേം സൂനഹദോസിലെ തീരുമാന സാഹചര്യങ്ങളും ചർച്ചകളും തീരുമാനങ്ങളും ധ്യാന വിഷയമാക്കിക്കൊണ്ട് പരിശുദ്ധാത്മാവിന്റെ സഹായത്താൽ ദൈവഹിതം അനുസരിച്ചുള്ള തീരുമാനങ്ങളെടുക്കണമെന്നും സൂചിപ്പിച്ചുകൊണ്ട് രൂപതാ വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കലച്ചൻ വൈദീക സമ്മേളനത്തിലേക്ക് എല്ലാവരേയും സ്വാഗതം ചെയ്തു.

ആമുഖ പ്രഭാഷണത്തിൽ അഭിവന്ദ്യ അലക്സ് പിതാവ് എല്ലാ ഇടവകകളും ഉടനെ സന്ദർശിക്കാനുള്ള തന്റെ ആഗ്രഹം പ്രകടിപ്പിക്കുകയും നമ്മുടെ രൂപതയുടെ ശോഭനമായ ഭാവിക്കുവേണ്ടി വിശ്വാസവും ധാർമ്മികതയും ആത്മീയ മൂല്യങ്ങളും നാം സ്വന്തമാക്കണമെന്നും ചെറിയ കാര്യങ്ങളിൽ കുടുങ്ങിപ്പോകാതെ ഉദാത്ത ദർശനം ഉള്ളവരാകണമെന്നും ക്രാന്തദർശനത്തോടെ ശുശ്രൂഷ ചെയ്യണമെന്നും പറഞ്ഞു.

തുടർന്ന് മീറ്റിംഗിലെ പ്രധാന അജണ്ടകളിലേക്ക് പ്രവേശിച്ചു.

**1. ജീവസ് & കെ എൽ എം**

രൂപതയുടെ ജൂബിലിയുടെ ഭാഗമായി ആരംഭിച്ച ജീവസ്, കെ എൽ എം സംവിധാനത്തിന്റെ നാല് മാസത്തെ പ്രവർത്തനങ്ങളെ വിശകലനം ചെയ്തുകൊണ്ട് കെ. എൽ. എം ഡയറക്ടർ ശ്രീ. സെബാസ്റ്റ്യൻ പാലംപറമ്പിൽ സാർ സംസാരിച്ചു. ജീവസ് കെ. എൽ. എം ന്റെ പ്രവർത്തനങ്ങൾ ജനങ്ങളിലെത്തിക്കാൻ സാധ്യതയുള്ള വിവിധ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് ലീഫ് ലെറ്റ്, ഹാൻഡ് ബുക്ക് എന്നിവ തയ്യാറാക്കി വിതരണം ചെയ്യുകയും മീഡിയ കമ്മീഷന്റെയും റേഡിയോ മാറ്റൊലിയുടേയും സഹായത്തോടെ പ്രയോജനകരമായ സർക്കാർ പദ്ധതികൾ ഉൾപ്പെടുത്തിക്കൊണ്ട് പ്രോഗ്രാം റെക്കോർഡ്

ചെയ്യുകയും കുടുംബ കൂട്ടായ്മ ലീഡേഴ്സിനുള്ള പരിശീലനം ആരംഭിക്കുകയും പള്ളികളിൽ നേരിട്ട് ചെന്ന് അവയർനസ് പ്രോഗ്രാം നടത്തുകയും ചെയ്യുന്നത് പുരോഗമിക്കുന്നതായും അറിയിച്ചു.

പ്രാരംഭഘട്ടത്തിലെ പ്രധാന ലക്ഷ്യമായ സുരക്ഷിത കുടുംബം സുരക്ഷിത ഇടവക എന്ന പദ്ധതി യാഥാർത്ഥ്യമാക്കുവാൻ ഇടവകകൾ കേന്ദ്രീകരിച്ച് വിവിധ സർക്കാർ സംവിധാനങ്ങളുടെ സഹായത്തോടെ ക്യാമ്പുകൾ സംഘടിപ്പിക്കുകയും സ്വദേശത്തും വിദേശത്തുമുള്ള ഇടവകാംഗങ്ങളെ ഇത്തരം പദ്ധതികളിൽ ചേർക്കുകയും ചെയ്യുന്നു.

നിലവിൽ ഇടവകകളിൽ സജീവമായ സംഘടനകളുടെ സഹകരണത്തോടെ മുന്നോട്ട് പോകുക എന്ന പ്രവർത്തനശൈലിയാണ് ജീവസ്, കെ.എൽ.എം ഉദ്ദേശിക്കുന്നത്. അതേ സമയം ഇടവകയിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ പാരിഷ് കോർഡിനേറ്ററായി ഒരാളെ നിയോഗിക്കുന്നു. ഇത്തരം പദ്ധതികളിൽ ചേർക്കുന്നത് ഓൺലൈൻ ആയിട്ടായതിനാൽ അതിന് സഹായകരമാകുന്ന രീതിയിൽ പാരിഷ് ഫെസിലിറ്റേഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുകൊണ്ടിരിക്കുന്നതായും സെബാസ്റ്റ്യൻ സാർ അറിയിച്ചു.

**2. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ**

വിവിധതരത്തിലുള്ള ലഹരി പദാർത്ഥങ്ങളുടെ ഉപയോഗം അതിഭീകരമായ രീതിയിൽ മുതിർന്നവരിലെന്നപോലെ യുവജനങ്ങളിലും കുട്ടികളിലും വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇത്തരം തിന്മകളെ സമൂഹത്തിൽ നിന്ന് തുടച്ചു നീക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് സൂചിപ്പിച്ചുകൊണ്ട് രൂപതയിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങളെക്കുറിച്ച് ബഹു. സണ്ണി മഠത്തിലച്ചൻ സംസാരിച്ചു. ഇതിനോടകം വികാരിയച്ചന്മാരുടെ സഹകരണത്തോടെ ലഹരി വിരുദ്ധ ദൂത്, ലഹരി വിരുദ്ധ ക്ലബ്ബ്, എ. എ ഗ്രൂപ്പുകൾ, ലഹരി വിരുദ്ധ മാസാചരണം തുടങ്ങിയ പ്രവർത്തനങ്ങൾ സജീവമായി ഇടവകാതലത്തിൽ നടന്നുകൊണ്ടിരിക്കുന്നു. അതോടൊപ്പം സ്കൂളുകളിൽ ലഹരി വിരുദ്ധ വാരാചരണവും നടന്നുകഴിഞ്ഞു. തുടർന്ന് ലഹരി വിരുദ്ധ വിഷയങ്ങളുമായി ബന്ധപ്പെട്ട ചർച്ചകൾ ഇടവകകൾ, സ്കൂളുകൾ എന്നിവ കേന്ദ്രീകരിച്ച് നടത്താനും, ലഹരിയുടെ പിടി

യിൽ അകപ്പെട്ടിരിക്കുന്നവരുടെ കുടുംബങ്ങൾ സന്ദർശിക്കുവാനും ആവശ്യപ്പെടുന്ന ഇടവകകളിൽ ലഹരി വിരുദ്ധ വിഷയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് വാർഷിക ധ്യാനം നടത്താനും ലഹരി വിരുദ്ധ ജാഥകളും ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കാനും ആലോചിക്കുന്നതായി സണ്ണിയച്ചൻ അറിയിച്ചു.

**3. പ്ലാനിംഗ് കമ്മിറ്റി - ജൂബിലി തുടർ പദ്ധതികൾ**

രൂപത ജൂബിലിയുടെ ഭാഗമായി നടത്തപ്പെട്ട എപ്പാർക്കിയൽ അസംബ്ലിയിൽ നിന്നുരുത്തിരിഞ്ഞ വിഷയങ്ങൾ ക്രോഡീകരിച്ചുകൊണ്ട് രൂപതയിൽ നടപ്പിൽ വരുത്തേണ്ടതായ പ്രവർത്തനങ്ങളെ ഉടനടി നടപ്പാക്കേണ്ടവ സമയമെടുത്ത് നടപ്പാക്കേണ്ടവ എന്ന രീതിയിൽ തരം തിരിച്ചുകൊണ്ട് റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നതിനെപ്പറ്റി ബഹു. പോൾ മുണ്ടോളിക്കലച്ചൻ സംസാരിച്ചു. ഇതിനോടകം പൂർത്തിയാക്കിയ ഇടവക ധ്യാനം, ഹോം മിഷൻ, സംഗമങ്ങൾ, കിടപ്പാടം ഇല്ലാത്തവർക്ക് സ്ഥലം കൊടുത്തത്, 200ലധികം ഭവനങ്ങൾ നിർമ്മിച്ച് നൽകിയത്, തുടങ്ങിവച്ച നീലഗിരി പാക്കേജ്, ഡയാലിസിസ് സെന്റർ, ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ, ജീവസ് കെ. എൽ. എം പ്രവർത്തനങ്ങൾ തുടങ്ങിയ പ്രവർത്തനങ്ങളെക്കുറിച്ച് പറഞ്ഞുകൊണ്ട് സഹകരിച്ചവരെ നന്ദിയോടെ സ്മരിച്ചു. ഒപ്പം ഇടവകകളിൽ അൽമായർ വൈദീകരിൽ നിന്ന് പ്രതീക്ഷിക്കുന്ന കാര്യങ്ങളിലേക്ക് വൈദീകരുടെ ശ്രദ്ധ ക്ഷണിച്ചു. തുടർ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി നേതൃത്വം നൽകുന്നതിനായി രൂപീകരിച്ച പ്ലാനിംഗ് കമ്മറ്റി അംഗങ്ങളുടെ പേരുകൾ അറിയിച്ചു. ഇടവകയുടെ സാഹചര്യം പഠിച്ചുകൊണ്ട് ജൂബിലിയുടെ തുടർ പ്രോഗ്രാമുകൾ നടപ്പിലാക്കാൻ ശ്രദ്ധിക്കണമെന്ന് അച്ചന്മാരെ ഉദ്ബോധിപ്പിച്ചു.

**4. സാമ്പത്തിക കാര്യങ്ങളുടെ വിലയിരുത്തൽ**

രൂപതയുടെ സാമ്പത്തിക കാര്യങ്ങളെകുറിച്ച് പ്രൊക്യുറേറ്റർ ബഹു. ജോസ് കൊച്ചറയ്ക്കലച്ചൻ വിശദമാക്കി. നിലവിലെ സാമ്പത്തിക ബാധ്യത തരണം ചെയ്യുന്നതിനായി വാഴക്കാലയിലെ 68. 05 സെന്റ് സ്ഥലം വിൽക്കുന്നതിൽ സമ്മതം ആരാഞ്ഞുകൊണ്ട് നടത്തിയ വോട്ടെടുപ്പിൽ പങ്കെടുത്ത 133 അച്ചന്മാരും ഐക്യകണ്ഠേന വോട്ട് രേഖപ്പെടുത്തി തങ്ങളുടെ സമ്മതം അറിയിച്ചു. അതോടൊപ്പം രൂപതയുടെ താഴെയങ്ങാടിയിലുള്ള സ്ഥലത്തിൽ നിന്ന് ഒരു ഏക്കർ സ്ഥലം മുൻസിപ്പാലിറ്റി ആവശ്യപ്പെട്ടതനുസരിച്ച് സൗജന്യമായി

ബസ് സ്റ്റാൻഡ് നിർമ്മാണത്തിനായി മുൻസിപ്പാലിറ്റിക്ക് നൽകുന്നതിൽ സമ്മതം ചോദിച്ചുകൊണ്ട് നടത്തിയ വോട്ടെടുപ്പിൽ പങ്കെടുത്ത 126 അച്ചന്മാരും ഐക്യകണ്ഠേന വോട്ട് രേഖപ്പെടുത്തി സമ്മതം അറിയിക്കുകയും ചെയ്തു.

തുടർന്ന് പൊതുവായ വിഷയങ്ങളെപ്പറ്റി ചർച്ച നടക്കുകയും ചെയ്തു. കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുമായി ബന്ധപ്പെട്ട ചോദ്യങ്ങളോട് ബഹു. സിജോ എളംകുന്നപ്പുഴ അച്ചൻ പ്രതികരിച്ചു. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളിയച്ചൻ, ബിജോ കറുകപ്പള്ളിയച്ചൻ, ആന്റോ മമ്പള്ളിയച്ചൻ, ജെയിംസ് പുത്തൻപറമ്പിൽ അച്ചൻ, ബിനോയി കാശാംകുറ്റിയിൽ അച്ചൻ, സജി പുതുക്കുളങ്ങരയച്ചൻ, മാർട്ടിൻ പുതുശ്ശേരിയച്ചൻ, തോമസ് തേരകം അച്ചൻ തുടങ്ങിയവർ യോഗത്തിലുയർന്ന വിവിധ വിഷയങ്ങളെക്കുറിച്ച് ആശയങ്ങൾ പങ്കുവച്ചു.

സമാപന സന്ദേശത്തിൽ അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് രൂപതയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് പോകുന്നതിന് ആരോഗ്യപരമായ സംവാദങ്ങൾ ആവശ്യമാണെന്ന് പറയുകയും മീറ്റിംഗിൽ പങ്കാളികളായവർക്ക് നന്ദി അറിയിക്കുകയും ചെയ്തു. നമ്മെ, പ്രത്യേകിച്ച് നേതൃത്വത്തിലുള്ളവരെ ഭിന്നിപ്പിക്കാനുള്ള ശക്തി പുറത്തുണ്ടെന്നും അതുകൊണ്ട് നമ്മൾ ഒന്നിച്ച് നിൽക്കണം എന്നും പിതാവ് ഉദ്ബോധിപ്പിച്ചു. സർപ്പങ്ങളെപോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കണം എന്ന വചനം ഓർമ്മപ്പെടുത്തിക്കൊണ്ട് ജാഗരൂകതയോടെ വർത്തിക്കുവാൻ പിതാവ് ആഹ്വാനം ചെയ്തു. നാം ആത്മാക്കൾക്ക് കണക്കുകൊടുക്കുവാൻ കടപ്പെട്ടവരാണെന്ന് ഓർമ്മപ്പെടുത്തിക്കൊണ്ട് നാം വിശ്വാസവും വിശ്വാസ്യതയും വിധേയത്വവും ഉള്ളവരാകണെമെന്നും പിതാവ് അനുസ്മരിപ്പിച്ചു.

മണിമൂർ - നിലമ്പൂർ മേഖലാ സിഞ്ചെല്ലൂസ് ബഹു. തോമസ് മണക്കുന്നേൽ അച്ചൻ യോഗത്തിൽ പങ്കെടുത്ത എല്ലാവർക്കും ഒപ്പം യോഗം മനോഹരമാക്കുന്നതിന് അധ്വാനിച്ചവർക്കും നന്ദി അറിയിച്ചു. ഉച്ച ഭക്ഷണത്തോടെ യോഗം അവസാനിച്ചു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

## HM Conference

2023-24 വർഷത്തിലെ രണ്ടാമത്തെ HM Conference 2023 ഡിസംബർ 9-ാം തിയ്യതി രാവിലെ 10 മണി മുതൽ ദ്വാരകയിൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രൂപതാഡയറക്ടർ ഏവർക്കും സ്വാഗതം ആശംസിച്ചു. 156 പ്രധാനാദ്ധ്യാപകർ യോഗത്തിൽ പങ്കെടുത്തു. മാർ അലക്സ് താരാമംഗലം അനുഗ്രഹപ്രഭാഷണം നടത്തി. ശ്രീ. ബേബി ജോസഫ് ചക്കാലക്കൽ ഈ വർഷം പുതുതായി ചാർജ്ജ് എടുത്ത 31 പ്രധാനാദ്ധ്യാപകർക്ക് ഹൃദ്യമായ സ്വാഗതം ആശംസിച്ചു. ഈ വർഷം രൂപതാ പ്രതിഭകളായവരെയും (പ്ലസ്ടു), സീറോമല ബാർ കാറ്റക്കറ്റിക്കൽ കമ്മീഷൻ ജൂൺമാസത്തിൽ നടത്തിയ ഓൺലൈൻ Teachers Enrichment Course ൽ വിജയികളായ ശ്രീ. ഒ. പി അബ്രഹാം ഓണിശ്ശേരിയിൽ - തൃശ്ശിലേരി, സി. എമിലി എസ്.എച്ച് - കല്ലുമുക്ക്, സി. റോസ് മേരി SCV - മരക്കടവ് എന്നി വരെയും ആദരിച്ചു. തുടർന്ന് മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിക്ക് ഒരുക്കമായി സീറോമലബാർസഭയിലെ വിശ്വാസപരി ശീലന നവീകരണത്തെക്കുറിച്ച് 13 ഫൊറോനകൾ ഗ്രൂപ്പുകളായി തിരിഞ്ഞ് ചർച്ച നടത്തി സെക്രട്ടറിമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ചർച്ചകൾക്ക് രൂപതാ ടീം സെക്രട്ടറി ശ്രീ. ബെന്നി വട്ടക്കാമുളയിൽ നേതൃത്വം നല്കി. ടീമംഗം ശ്രീ. ഷാജു മംഗലത്ത് യോഗത്തിൽ പങ്കെടുത്തവർക്ക് നന്ദിയർപ്പിച്ചു.

**ആശംസകൾ**

മാനന്തവാടി രൂപതക്കുവേണ്ടി ഈ വർഷം വൈദികപട്ടം സ്വീകരിക്കുന്ന ഡീക്കന്മാരായ അഭിഷേക് കണ്ടത്തിൻകര, റിൻസൻ നെല്ലിമലയിൽ, ലൂയിസ് തുരുത്തിയിൽ, അനറ്റ് കൊച്ചു മലയിൽ, അമൽ മുളങ്ങാട്ടിൽ, അമൽ മന്ത്രിക്കൽ, ജൂഡ് വട്ടക്കു ന്നേൽ എന്നീ നവവൈദികർക്ക് രൂപതാമതബോധന കുടുംബ ത്തിന്റെ ആശംസകൾ.

## HCC (XI, XII) യൂണിവേഴ്സിറ്റി പരീക്ഷ ജനുവരി 28 ന്

കാലിക്കറ്റ്യൂണിവേഴ്സിറ്റി ചെയർഫോർ ക്രിസ്റ്റ്യൻ

സ്റ്റഡീസ് നടത്തുന്ന HCC (Plus One, Plus Two) പരീക്ഷകൾ ജനുവരി 28-ന് ഞായറാഴ്ച രാവിലെ 11 മണിമുതൽ 1.00 മണി വരെ നടത്തുന്നതാണ്.

**പരീക്ഷാസെന്ററുകൾ**

1. ബത്തേരി ഫൊറോന- ബത്തേരി, അമ്പലവയൽ, മീനങ്ങാടി, തോമാട്ടുചാൽ
2. ചുങ്കക്കുന്ന് ഫൊറോന- ചുങ്കക്കുന്ന്, കൊട്ടിയൂർ
3. ദ്വാരക ഫൊറോന- ദ്വാരക
4. കല്ലോടി ഫൊറോന- കല്ലോടി, മക്കിയാട്
5. കൽപ്പറ്റ ഫൊറോന - കൽപ്പറ്റ
6. മാനന്തവാടി ഫൊറോന - കത്തീഡ്രൽ, പോരൂർ
7. മണിമൂളി ഫൊറോന - മണിമൂളി, പാതിരിപ്പാടം
8. മുള്ളൻകൊല്ലി ഫൊറോന - മുള്ളൻകൊല്ലി
9. നടവയൽ ഫൊറോന- നടവയൽ, ചുണ്ടക്കര, ചെറുകാട്ടൂർ
10. നിലമ്പൂർ ഫൊറോന- നിലമ്പൂർ, ഇടിവണ്ണ, പൂക്കോട്ടുംപാടം
11. നീലഗിരിറീജിയൺ-അരുൾനിലയം, കയ്യൂന്നി, ഊട്ടി,കുന്നലാടി
12. പയ്യമ്പള്ളി ഫൊറോന- പയ്യമ്പള്ളി, മേരി മാതാ കോളേജ്
13. തരിയോട് ഫൊറോന- തരിയോട്

**പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച്**

1. പരീക്ഷാകേന്ദ്രത്തിലെ ക്രമീകരണങ്ങൾ ബഹു. വികാരിയച്ചന്റെയും, പരീക്ഷാകേന്ദ്രങ്ങളിലെ പ്രധാനാദ്ധ്യാപകരുടെയും നേതൃത്വത്തിൽ നടത്തേണ്ടതാണ്. പരീക്ഷാനടത്തിപ്പിന് ബന്ധപ്പെട്ടവരെ ചുമതലപ്പെടുത്തേണ്ടത് മേഖലാ ഡയറക്ടറും, മേഖലാ ടീം അംഗങ്ങളുമാണ്.

2. പരീക്ഷാസമയത്തിന് മുമ്പ് കുട്ടികളുടെ രജിസ്റ്റർ നമ്പർ എഴുതി പരീക്ഷാഹാൾ ക്രമീകരിക്കേണ്ടതാണ്.

3. ഒരു ഫൊറോനയിൽ ഒന്നിലധികം സെന്റർ ഉണ്ടങ്കിൽ ഓരോ സെന്ററിലേക്കും പരീക്ഷ, നടത്തിപ്പിന്റെ ചുമതലക്കാരെ മേഖലാ ഡയറക്ടർ മുൻകൂട്ടി നിശ്ചയിച്ച് നൽകണം.

4. മേഖലാ ഡയറക്ടർ / സെക്രട്ടറി എല്ലാ സെന്ററുകളും സജ്ജമാണന്ന് ഉറപ്പാക്കി പരീക്ഷാ സാമഗ്രികൾ സെന്ററിൽ എത്തിക്കണം.

5. പരീക്ഷയ്ക്ക് 30 മിനിറ്റ് മുമ്പ് (10.30 ന്) കുട്ടികളെ പരീക്ഷാ ഹാളിൽ പ്രവേശിപ്പിക്കുക. 10.45 ന് ചോദ്യ പേപ്പറുകൾ നൽകുക. 15 മിനിറ്റ്സമയം കൂൾഓഫ്ടൈം ആണ്. 1.00 മണിവരെയാണ്

പരീക്ഷ സമയം.

6. പരീക്ഷാസമയം കൃത്യമായി പാലിക്കേണ്ടതാണ്. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞു വരുന്നവരെ പരീക്ഷ എഴുതുവാൻ അനുവദിക്കേണ്ടതില്ല.

7. പരീക്ഷ കഴിഞ്ഞ് മേഖലാ ഡയറക്ടറുടെ സാന്നിധ്യത്തിൽ ഉത്തരക്കടലാസുകൾ എണ്ണിതിട്ടപ്പെടുത്തി, രജിസ്റ്റർ നമ്പറിന്റെ ക്രമപ്രകാരം അടുക്കി പാക്കറ്റ് സീൽചെയ്ത് അന്നുതന്നെ രൂപതാ മതബോധന കേന്ദ്രത്തിൽ എത്തിക്കണം. പിറ്റേന്നാണ് എത്തിക്കുന്നതെങ്കിൽ ഉത്തരപേപ്പറുകൾ മേഖല ഡയറക്ടറുടെ പക്കലാണ് സൂക്ഷിക്കേണ്ടത്.

8. ആബ്സന്റ് നമ്പറുകളും, പരീക്ഷാ നടത്തിപ്പ് സംബന്ധിച്ച റിപ്പോർട്ടും സെന്റർ ഇൻവിജിലേറ്റർ തയ്യാറാക്കി പ്രത്യേകം കവറിലിട്ട് പേപ്പറുകൾക്കൊപ്പം രൂപതയിൽ ഏല്പിക്കണം.

9. പരീക്ഷാർത്ഥിയുടെ കൈവശം ഹാൾടിക്കറ്റ് ഉണ്ടായിരിക്കണം. ഇല്ലാത്തവരെ പരീക്ഷ എഴുതാൻ അനുവദിക്കേണ്ടതില്ല.

10. പരീക്ഷ എഴുതുവാനുള്ള ആൻസർ ബുക്ക്, അഡീഷണൽ ഷീറ്റ് തുടങ്ങിയവ യൂണിവേഴ്സിറ്റി സീലോടുകൂടി നൽകുന്നതാണ്. സീലില്ലാത്ത പേപ്പറുകൾ മൂല്യനിർണ്ണയം ചെയ്യുന്നതല്ല.

11. തിരുനാളാഘോഷം ഒഴികെ ഏതെങ്കിലും കാരണത്താൽ പരീക്ഷ എഴുതാൻ സാധിക്കാത്ത കുട്ടികളുണ്ടെങ്കിൽ അവരുടെ വിവരം അന്നുതന്നെ ആ ഇടവകയിലെ പ്രധാനാദ്ധ്യാപകർ ഓഫീസിൽ അറിയിക്കേണ്ടതാണ്.

**Course Certificate Students:** യൂണിവേഴ്സിറ്റി രജിസ്ട്രേഷൻ നടത്താത്ത കുട്ടികൾക്ക് യൂണിവേഴ്സിറ്റി സീലോടുകൂടിയ ആൻസർ ബുക്ക് നൽകരുത്. അവരുടെ ആൻസർ പേപ്പർ രൂപതയ്ക്ക് തരേണ്ടതില്ല. അവ ക്ലാസ് ടീച്ചർതന്നെ മൂല്യനിർണയം നടത്തി, course certificate students എന്ന് പ്രത്യേകം രേഖപ്പെടുത്തി അവരുടെ പേര്, വീട്ടുപേര്, ഇടവക, മാർക്ക് എന്നിവ രൂപതാ കേന്ദ്രത്തിൽ നല്കുക.

## Say Exam

12 -ാം ക്ലാസിലെ കുട്ടികൾക്ക് സേ എക്സാം ഉണ്ടായിരിക്കുന്നതല്ല. പരീക്ഷകൾക്ക് തോറ്റ കുട്ടികൾക്ക് രൂപതയിൽനിന്ന് കോഴ്സ് സർട്ടിഫിക്കറ്റ് നല്കുന്നതായിരിക്കും. അവർക്ക് യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കുന്നതല്ല.

11-ാം ക്ലാസ്സിലെ കുട്ടികൾക്ക് ഏപ്രിൽ ആദ്യം സേ പരീക്ഷ ഉണ്ടായിരിക്കുന്നതാണ്. തിയ്യതി പിന്നീട് അറിയിക്കുന്നതായിരിക്കും. HCC 1 & 2 മൂല്യനിർണയം 2024 ഫെബ്രുവരി 19 ഞായറാഴ്ച 9 മണിക്ക് വി. കുർബാനയെതുടർന്ന് നടത്തുന്നതാണ്.അദ്ധ്യാപകരെ പറഞ്ഞയയ്ക്കാൻ പ്രധാനാദ്ധ്യാപകർ ശ്രദ്ധിക്കുമല്ലോ.

**ക്ലാസ് പരീക്ഷ**

2024 ജനുവരി 21 ഞായറാഴ്ച ഇടവകയിൽ ക്ലാസ്സ് പരീക്ഷ നടത്തേണ്ട ദിവസമാണെന്നത് ഓർമ്മിപ്പിക്കുന്നു. ശ്രദ്ധിക്കുമല്ലോ.

**മേഖല മതാധ്യാപക സംഗമം**

**കല്പറ്റ:** മേഖലയിലെ മതാധ്യാപകരുടെ സംഗമം 26.11.2023 ഞായറാഴ്ച നിലമ്പൂർ കല്പറ്റ ഡി പോൾ ഫൊറോന പള്ളിയിൽ വച്ച് നടന്നു. രാവിലെ 9.30 ന് രൂപതാ മതബോധന ഡയറക്ടർ ബഹു. തോമസ് കച്ചിറയിൽ അച്ചന്റെ മുഖ്യകാർമികത്വത്തിൽ നടന്ന വി. കുർബാനയിൽ ഫൊറോന വികാരി ബഹു. ഫാ. മാത്യു പെരിയപ്പുറം, മേഖല ഡയറക്ടർ ഫാ. സുനിൽ മഠത്തിൽ എന്നിവർ സഹകാർമ്മികരായിരുന്നു. തുടർന്ന് രൂപതാഡയറക്ടർ ഉദ്ഘാടനം നിർവഹിച്ച പൊതുമീറ്റിംഗിൽ ഫൊറോന വികാരി അദ്ധ്യക്ഷനായിരുന്നു. മേഖല ഡയറക്ടർ ഏവർക്കും സ്വാഗതമാശംസിച്ചു. 15 വർഷം പൂർത്തിയാക്കിയ അദ്ധ്യാപകരെയും, 10-ാം ക്ലാസിൽ ഉയർന്ന മാർക്ക് ലഭിച്ച കുട്ടികളെയും ആദരിച്ചു.

സംഗമത്തിൽ പാലാ സെന്റ് തോമസ് കോളേജ് ഓഫ് ടീച്ചർ എഡ്യുക്കേഷൻ വിഭാഗത്തിലെ, ജനറൽ എഡ്യൂക്കേഷൻ അസി. പ്രൊഫസർ ഡോ. അലക്സ് ജോർജ് ക്ലാസ്സെടുത്തു. മേഖലാ സെക്രട്ടറി കാതറിൻ ടീച്ചർ ഏവർക്കും നന്ദിയർപ്പിച്ചു. ബഹു. ഫൊറോന വികാരിക്കും, മേഖലാ ഡയറക്ടർക്കും, വികാരിയച്ചന്മാർക്കും, ടീമംഗങ്ങൾക്കും, പ്രധാനാധ്യാപകർക്കും പങ്കെടുത്ത എല്ലാ അധ്യാപകർക്കും നന്ദി.

**പയ്യമ്പള്ളി:** മേഖലയിലെ മതാധ്യാപകരുടെ സംഗമം 26.11.2023 ഞായറാഴ്ച മേരിമാതാ കോളജിൽ വച്ച് നടന്നു. മേഖല ഡയറക്ടർ ബഹു. സിബി ചേലക്കാപ്പള്ളി അച്ചൻ ഏവർക്കും സ്വാതമാശംസിച്ചു. തുടർന്ന് തേവര കോളേജിലെ അസി. പ്രൊഫസർ ഫാ. സാബു കുമ്പുക്കൽ ക്ലാസുകൾ നയിച്ചു. ഉച്ചകഴിഞ്ഞ് മതബോധന ഡയറക്ടർ തോമസ് കച്ചിറയിൽ അച്ചൻ സന്ദേശം നൽകുകയും അധ്യാപകരുടെ നിർദേശങ്ങൾ കേൾക്കുകയും

ചെയ്തു. മേഖലാ സെക്രട്ടറി ശ്രീ. ജോൺസൺ സാർ എല്ലാവർക്കും നന്ദിയർപ്പിച്ചു. വിവിധ ഇടവകകളിൽനിന്ന് 120 അധ്യാപകർ പങ്കെടുത്തു. ഫൊറോനാ വികാരി ബഹു. സുനിൽ വട്ടുകുന്നേലച്ചനും, നേതൃത്വം നൽകിയ മേഖലാ ഡയറക്ടർക്കും, വികാരിയച്ചന്മാർക്കും മേഖല സെക്രട്ടറിക്കും, ടീമംഗങ്ങൾക്കും, പ്രധാനാധ്യാപകർക്കും പങ്കെടുത്ത എല്ലാ അധ്യാപകർക്കും നന്ദി.

**ഫാ. തോമസ് കച്ചിറയിൽ**
ഡയറക്ടർ, മതബോധനകേന്ദ്രം

## ചെറുപുഷ്പ മിഷൻലീഗ്

**നൂറുമേനി**

സംസ്ഥാന കലാസാഹിത്യമത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ചവച്ച മത്സരാർത്ഥികളുടെയും അവരുടെ മാതാപിതാക്കളുടെയും സംഗമം 26/11/2023 ന് ദ്വാരകപാസ്റ്റർ സെന്ററിൽ വച്ച് നടത്തുകയുണ്ടായി. മാനന്തവാടി രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് സംഗമം ഉദ്ഘാടനം ചെയ്യുകയുണ്ടായി. രൂപതാ ഡയറക്ടർ ഫാ. മനോജ് അമ്പലത്തിങ്കൽ സ്വാഗതം ആശംസിക്കുകയും പ്രസിഡന്റ് ബിനീഷ് തുമ്പിയാംകുഴി അധ്യക്ഷപദം അലങ്കരിക്കുകയും ചെയ്തു. രൂപതാ വികാരി ജനറാൾ റവ. ഫാ. പോൾ മുണ്ടോളിക്കൽ ആശംസയർപ്പിക്കുകയും പൗരോഹിത്യത്തിന്റെ നിറവിലായിരിക്കുന്ന ഫാ. ബിജു മാവറ, ഫാ. തോമസ് പ്ലാശനാൽ എന്നിവരെ ആദരിക്കുകയും ചെയ്തു. സംസ്ഥാന കലാസാഹിത്യമത്സരവിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഏറ്റവും കൂടുതൽ പോയന്റ് നേടിയ ശാഖാ, മേഖലകൾക്കുള്ള സമ്മാനവും വിതരണം ചെയ്തു. രൂപതാ ഓർഗനൈസർ ടോണി ചെമ്പോട്ടിക്കൽ നന്ദി പറഞ്ഞു.

**സദ് വാർത്തയുമായി സന്തോഷത്തോടെ**

ക്രിസ്തുമസിനോട് അനുബന്ധിച്ച് 25 ദിവസവും 'സദ് വാർത്തയുമായി സന്തോഷത്തോടെ' എന്ന ആപ്തവാക്യത്തിൽ ഇടവകയിൽനിന്നുള്ള തിരുബാലസഖ്യം കുഞ്ഞുമക്കളെ ചേർത്തുകൊണ്ട് 25 ദിവസത്തെ സ്റ്റാറ്റസ് വീഡിയോ തയ്യാറാക്കുവാനും സന്ദേശം നല്കുവാനും സഹകരിച്ച എല്ലാ സിസ്റ്റേഴ്സിനും നന്ദി.

**അർദ്ധവാർഷിക മാനേജിംഗ് കമ്മിറ്റി**

കഴിഞ്ഞ ആറുമാസത്തെ പ്രവർത്തനങ്ങളുടെ വിലയിരുത്തലും തുടർന്നു വരുന്ന പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള ചർച്ചയ്ക്കുമായി 10/12/2023 ന് ദ്വാരക പാസ്റ്ററൽ സെന്റിൽ വച്ച് രൂപതാ മനേജിങ്ങ് കമ്മറ്റി ചേർന്നു. എല്ലാ മേഖലകളിൽ നിന്നും പ്രതിനിധികൾ പങ്കെടുത്തു.

**കൊട്ടിയൂർ ശാഖ**

സംസ്ഥാന കലാമത്സരത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടി രൂപതയിലെ മികച്ച ശാഖയായി കൊട്ടിയൂർ ശാഖ മാറി. 2023 വർഷത്തെ കലാ സാഹിത്യ മത്സരങ്ങളിൽ ശാഖാ മേഖലാ രൂപതാ സംസ്ഥാന തലത്തിൽ ഏറ്റവും കൂടുതൽ പങ്കാളിത്തവും വിജയവും കൊട്ടിയൂർ ഇടവകയിലെ കൊച്ചുവേലിക്കകത്ത് കുടുംബം കരസ്ഥമാക്കി. ആദരം 2023 പോഗ്രാം, മതാധ്യാപക ദിനം, ലഹരി വിരുദ്ധ ക്ലബ് എന്നീ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു. മിഷൻലീഗിന്റെ നേതൃത്വത്തിൽ സ്റ്റാർ ഓഫ് ദ വീക്ക് 'ദൈവവചനം പഠിക്കാം' എന്ന പ്രോഗ്രാം എല്ലാ ആഴ്ചയിലും നടക്കുന്നു.

**കയ്യൂന്നി**

സകലമരിച്ചവരുടെയും തിരുനാൾ ദിനത്തിൽ സിമിത്തേരിയും പരിസരവും വൃത്തിയാക്കി, സിമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു. മതാധ്യാപക ദിനത്തിൽ എല്ലാ മതാധ്യാപകരെയും ആദരിക്കുകയും അവർക്ക് വേണ്ടി പ്രാർത്ഥന നടത്തുകയും, പൂച്ചെണ്ടും സമ്മാനവും നൽകി ആദരിക്കുകയും ചെയ്തു. കുട്ടികൾ എല്ലാ ദിവസവും സിമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

**ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന് മേഖലയിലെ 10 ശാഖകളിലും സ്നേഹ സന്ദർശനം നടത്തി. സംസ്ഥാന കലാ സാഹിത്യ മത്സര വിജയികൾക്ക് മേഖലയിൽ ആദരം നൽകി. അർധ വാർഷിക മാനേജിംഗ് കമ്മിറ്റി ചേർന്നു. പ്രതിമാസ മത്സരങ്ങൾ സംഘടിപ്പിച്ചു. തിരുബാല സഖ്യ മത്സരം 2024 ഫെബ്രുവരി 17-ന് ബത്തേരി അസംപ്ഷൻ സ്കൂളിൽ വച്ചു നടക്കുന്നു. ഇതിനായി ഒരുങ്ങുകയും, ലിസ്റ്റ് ശാഖാ മത്സര ശേഷം എത്രയും വേഗം രൂപതാ കേന്ദ്രത്തിൽ എത്തിക്കുകയും ചെയ്യുമല്ലോ.

ഉണ്ണിയേശുവിൽ പ്രിയരേ, 2023ലെ ക്രിസ്തുമസ് ആഘോഷത്തോടെ 2024 നെ വരവേൽക്കുന്ന സുന്ദര ദിനങ്ങളിലൂടെയാണ് നാം കടന്നു പോകുന്നത്. കഴിഞ്ഞ ഒരു വർഷക്കാലം മിഷൻ ലീഗ് അംഗങ്ങളെ സംബന്ധിച്ച് അനുഗ്രഹത്തിന്റെ, ആവേശത്തിന്റെ വർഷമായിരുന്നു. രൂപതാ പ്രവർത്തനങ്ങളോട് സഹകരിച്ചും,

അതിലുപരി വിവിധ പ്രവർത്തനങ്ങളാൽ മേഖല, ശാഖാ തലത്തിലും നിങ്ങൾ ക്രിസ്തുവിന് സാക്ഷിയാകുവാൻ പരിശ്രമിച്ചതിൽ രൂപതാ സമിതി അഭിനന്ദിക്കുകയും നന്ദിയോടെ ഓർക്കുകയും ചെയ്യുന്നു. എല്ലാ പ്രവർത്തനങ്ങൾക്കും നിങ്ങളെ മുന്നിൽ നിന്ന് നയിച്ച ബഹുമാനപ്പെട്ട വൈദികർ, സിസ്റ്റേഴ്സ്, രൂപതാ, മേഖലാ, ശാഖാ ഭാരവാഹികൾ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു. ജീവിതത്തിലെ വിജയപരാജയങ്ങളിലൂടെ കടന്നുപോയ സന്ദർഭത്തിലും ദൈവത്തിന്റെ ശക്തമായ ഇടപെടൽ അനുഭവിച്ചവരായ നാം എല്ലാറ്റിനെയും ഓർത്ത് ദൈവത്തിന് നന്ദി പറഞ്ഞുകൊണ്ട് പുതുവർഷത്തിലേയ്ക്ക് നമുക്ക് പ്രവേശിക്കാം. ഏവർക്കും പുതുവർഷത്തിന്റെ എല്ലാ അനുഗ്രഹങ്ങളും പ്രാർത്ഥനകളും നേരുന്നു.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**
സി. എം. എൽ രൂപതാ സെക്രട്ടറി

## Department of Youth Ministry

### The Dance

മനുഷ്യന്റെ ശരീരം, ആത്മാവ്, ബുദ്ധി, മനസ്സ്, വികാരം, സർഗ്ഗ ശേഷികൾ എല്ലാം ക്രമത്തിൽ സമന്വയിപ്പിക്കപ്പെടുന്ന കലാവിരുന്നാണ് The Dance. കുട്ടികളുടെയും യുവജനങ്ങളുടെയും ആത്മരക്ഷ ലക്ഷ്യമാക്കി അവരുടെ നൈപുണ്യവികാസത്തെ കേന്ദ്രീകരിച്ച് മാനന്തവാടി രൂപത, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെടുന്ന പ്രോഗ്രാമാണ് The Dance. കഴിഞ്ഞ അഞ്ചുവർഷമായി വിവിധ കലാലയങ്ങൾ, ദേവാലയങ്ങൾ എന്നിവ കേന്ദ്രീകരിച്ചുകൊണ്ട് ആസ്വാദനവും മൂല്യബോധവും പകർന്നു നൽകിക്കൊണ്ട് The Dance പ്രോഗ്രാം മുന്നേറുകയാണ്.

പരിശുദ്ധ അമ്മയുടെ അമലോത്ഭവ തിരുനാളിനോടനുബന്ധിച്ച് തലഞ്ഞി ഇടവകയിൽ 2023 ഡിസംബർ എട്ടാം തീയതി വൈകുന്നേരം ഏഴുമണിക്ക് ദ ഡാൻസ് അരങ്ങേറി. സാംസ്കാരികവും ആത്മീയവുമായ സമ്പന്നതയ്ക്ക് പേരുകേട്ട തലഞ്ഞി പ്രദേശത്ത് കുട്ടികളും യുവജനങ്ങളും മുതിർന്നവരും ഉൾക്കൊള്ളുന്ന 176 പേർ ഈ നൃത്തശില്പത്തിൽ പങ്കുചേർന്നു. ഇതിന് നേതൃത്വം നൽകിയത് യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ സി.എം.സി എന്നിവരാണ്.

തലഞ്ഞി ഇടവകയിൽ ദ ഡാൻസ് പ്രോഗ്രാമിന് വേദിയൊരുക്കിത്തന്ന വികാരിയച്ചൻ ഫാ. ജെയ്നേഷ് പുതുകാട്ടിലിനും, ഹെഡ്മാസ്റ്റർ ജോസ് സാറിനും, സിസ്റ്റേഴ്സിനും, കൈക്കാരന്മാർക്കും, മതാധ്യാപകർക്കും, ഇതിനോട് സഹകരിച്ച മുഴുവൻ വ്യക്തികൾക്കും, പങ്കെടുത്തവർക്കും തലഞ്ഞി ഇടവക കുടുംബത്തിനും യൂത്ത് മിനിസ്ട്രിയുടെ ഹൃദയംഗമമായ നന്ദി.

**ലൈഫ് ട്രെയിനിംങ്**

2023 ഡിസംബർ എട്ടാം തീയതി വെള്ളിയാഴ്ച വൈകുന്നേരം 6 മണി മുതൽ ഒമ്പതാം തീയതി ശനിയാഴ്ച വൈകുന്നേരം 4 മണി വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് ലൈഫ് ട്രെയിനിംങ്

ക്യാമ്പ് നടന്നു. 43 വിദ്യാർത്ഥികൾ പങ്കുചേർന്ന ക്യാമ്പിന് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ചിട്ടയായ പരിശീലനം നൽകി. വിദ്യാർത്ഥികളെ സ്പിരിച്വൽ ഷെയറിംഗിലൂടെ സഹായിക്കുന്നതിന് വേണ്ടി സി. അനിത ജോസ് സി.എം.സി, സി. ഡീന റോസ് സി.എം.സി എന്നിവർ നേതൃത്വം വഹിച്ചു.

പാഠ്യ വിഷയങ്ങളിലുള്ള പരിശീലനത്തിന് ബെന്നി മോളോപറമ്പിൽ സാർ, ഡോണാൾഡ് കണിയാരം, അരുൺ കമ്മന, മെൽബിൻ ദ്വാരക എന്നിവർ നേതൃത്വം നൽകി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങളായ സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ സി.എം.സി എന്നിവർ എല്ലാ ക്രമീകരണങ്ങളും നടത്തി ക്യാമ്പിന് നേതൃത്വം നൽകി.

**തുടക്കം പ്രാർത്ഥനയോടെ**

ലൈഫ് ട്രെയിനിംങ് വിദ്യാർത്ഥികൾ അനുദിനവും അഞ്ചു മണിക്ക് ഉണർന്ന് 5.15 ന് നടക്കുന്ന ഗൂഗിൾ മീറ്റ് വഴി പ്രാർത്ഥനയോടെ ദിവസം ആരംഭിക്കുന്നു. അനുദിനവും വിദ്യാർത്ഥികൾ ഓരോരുത്തരായി ആ ദിനത്തിന്റെ സന്ദേശങ്ങൾ പങ്കുവെക്കുന്നു. ഇപ്രകാരം പ്രാർത്ഥനയോടെ തുടങ്ങുന്ന വിദ്യാർത്ഥികളുടെ ചിട്ടയായ ജീവിതം ഏറെ അനുഗ്രഹീതമാകുന്നു. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ ഇതിന് നേതൃത്വം നൽകുന്നു. അനുദിനവും പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കും അഭിനന്ദനങ്ങൾ.

**കൂടുതൽ മികവോടെ**

ലൈഫ് വിദ്യാർത്ഥികളുടെ പഠന നിലവാരവും ആത്മീയ നിലവാരവും ഉയർത്തുന്നതിന് വേണ്ടി എല്ലാ ഞായറാഴ്ചയും മൂന്നുമണി മുതൽ നാലര വരെ പ്രത്യേക പരിശീലനം ആരംഭിച്ചു. യൂത്ത് മിനിസ്ട്രി ഓഫീസിൽ നടത്തുന്ന ഈ പരിശീലനത്തിന് യൂത്ത് മിനിസ്ട്രി ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കോഡിനേറ്റർ സി. ആൻസി തോമസ് സി.എം.സി എന്നിവർ നേതൃത്വം നൽകുന്നു.

## Route to Bethlehem

ക്രിസ്തുമസ് ഒരുക്ക നാളുകളായ 25 ദിവസങ്ങൾ ഏറെ ആത്മീയമായും മൂല്യാധിഷ്ഠിതമായും വിദ്യാർത്ഥികൾ വളരുന്നതിന് വേണ്ടി ക്രമീകരിച്ച ജീവിതശൈലിയാണ് റൂട്ട് ടു ബെത്‌ലഹേം. പുണ്യങ്ങളുടെയും നന്മകളുടെയും അടിസ്ഥാനത്തിൽ ഓരോ ദിനവും

സഞ്ചരിക്കുന്ന ദൂരം കണക്കാക്കി തയ്യാറാക്കുന്നതാണ് ഇത്. ഇത് വിദ്യാർത്ഥികൾക്ക് ഏറെ കൗതുകരവും തീഷ്ണതയോടെ പുണ്യത്തിൽ വളരാനും ഇടവരുത്തുന്നു. ഇതിന് സഹായകമായ വിധത്തിൽ അനുദിനവും സ്റ്റാറ്റസ് വീഡിയോസ് നൽകി വിദ്യാർഥികളെ സഹായിക്കുന്നു. യൂത്ത് മിനിസ്ട്രി ടീം ഇതിന് നേതൃത്വം വഹിക്കുന്നു.

**അനുദിന ക്വിസ്**

വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിന് വേണ്ടി അനുദിനവും ഓൺലൈനായി ക്വിസ് പ്രോഗ്രാം സംഘടിപ്പിക്കുന്നു. വിദ്യാർത്ഥികൾ തന്നെ ഇതിന് നേതൃത്വം വഹിക്കുന്നു. ഇത് കൂടുതൽ ചിട്ടയായി പഠിക്കുന്നതിന് വിദ്യാർത്ഥികളെ സഹായിക്കുന്നു.

## CRISS YOUTH

യുവജനങ്ങളുടെ ആത്മീയ നവീകരണം ലക്ഷ്യം വച്ചുകൊണ്ട് നടത്തുന്ന പ്രോഗ്രാമാണ് ക്രിസ്സ് യൂത്ത്. 2023 ഡിസംബർ പന്ത്രണ്ടാം തീയതി വൈകുന്നേരം ആറുമണിമുതൽ 9 മണി വരെ മുള്ളൻകൊല്ലി ഫൊറോന ദേവാലയത്തിൽ ക്രിസ് യൂത്ത് സംഗമം നടത്തി. 54 യുവജനങ്ങൾ സംഗമത്തിൽ പങ്കുചേർന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ക്ലാസുകൾക്ക് നേതൃത്വം നൽകി. സി. ആൻസി തോമസ് സി.എം.സി, സി. ഡെൽഫി മരിയ സി.എം.സി എന്നിവർ പരിപാടികൾ ക്രമീകരിച്ചു. ക്ലാസ്സ്, കുമ്പസാരം, ആരാധന എന്നിവയിലൂടെ യുവജനങ്ങൾക്ക് നല്ലൊരു ആത്മീയ ഉണർവിനും കൂട്ടായ്മയ്ക്കും സഹായകമായി. ക്രിസ്സ് യൂത്ത് സംഘടിപ്പിക്കുവാൻ സഹായിച്ച മുള്ളൻകൊല്ലി വികാരി ബഹു. ജസ്റ്റിൻ മൂന്നനാൽ അച്ചനും, അസി. വികാരി ജെറിൻ പൊയ്കയിൽ അച്ചനും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**അഭിനന്ദനങ്ങൾ**

സംസ്ഥാനതല യുവജനോത്സവത്തിൽ ഐ.ടി പ്രസന്റേഷനിൽ എ ഗ്രേഡോടെ ഒന്നാം സ്ഥാനത്തിന് അർഹനായ ലൈഫ് ട്രെയിനിങ് 2018 ബാച്ച് വിദ്യാർത്ഥി എമിൽ എസ് മംഗലത്തിന് യൂത്ത് മിനിസ്ട്രിയുടെ അഭിനന്ദനങ്ങൾ.

**സി. ആൻസി തോമസ് സി. എം. സി**

സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

# കെ. സി. വൈ. എം.

**ലൗദാത്തെ ദേവും ഓൺലൈൻ ക്ലാസ്**

കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ 2023 നവംബർ 18 ശനിയാഴ്ച 'ലൗദാത്തെ ദേവും' എന്ന പരിശുദ്ധ ഫ്രാൻസിസ് പാപ്പായുടെ പുതിയ അപ്പസ്തോലിക ലേഖനത്തെ കൂടുതൽ ആഴത്തിൽ അറിയുന്നതിനായി ഓൺലൈൻ ക്ലാസ് സംഘടിപ്പിച്ചു. കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അധ്യക്ഷത വഹിച്ചു. റോമിൽ നിന്നുള്ള റവ. ഫാ. പ്രിൻസ് തെക്കേപ്പുറം CSSR (Researcher Digital Communications) ക്ലാസ് നയിച്ചു. മാനന്തവാടി രൂപതയിലെ വിവിധ ഇടങ്ങളിൽ നിന്നുമായി എൺപതിലധികം പേർ പങ്കെടുത്തു.

**ക്രിക്കറ്റ് ലോകകപ്പ് പ്രവചന മത്സരം**

2023 നവംബർ 19 ന് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ക്രിക്കറ്റ് ലോക കപ്പ് ഫൈനൽ മത്സരത്തോട് അനുബന്ധിച്ച് പ്രവചന മത്സരം സംഘടിപ്പിച്ചു. വിവിധ ഇടങ്ങളിൽ നിന്നുമായി 274 യുവജനങ്ങൾ പങ്കെടുത്തു.

**ഖേലോത്സവ് 2023**

നവംബർ 26 ന് എറണാകുളം തൃക്കാക്കര ഭാരത് മാതാകോളേജിൽ വെച്ച് നടത്തപ്പെട്ട കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ ഖേലോത്സവ് 2023 കായികമേളയിൽ കെ.സി.വൈ.എം മാനന്തവാടി രൂപതയിൽ നിന്നും യുവജനങ്ങൾ പങ്കെടുക്കുകയും ഓവറോൾ സെക്കന്റ് റണ്ണർ അപ്പ് കരസ്ഥമാക്കുകയും ചെയ്തു.

**വിവിധ ഇനങ്ങളിലായി വിജയികളായവർ**

4X100 മീറ്റർ, റിലെ ഒന്നാം സ്ഥാനം ജെസ്‌ലിൻ അമ്പാട്ടുപടവിൽ, നിമിയ വടകര, അതുല്യ കുളത്തുംപ്പാട്ടിൽ, ആൻമേരി കാട്ടാംകോട്ടിൽ, ഡിസ്കസ്ത്രോ ഗേൾസ് രണ്ടാം സ്ഥാനം അതുല്യ കുളത്തുംപ്പാട്ടിൽ, ഷോട്ട്പുട്ട് ഗേൾസ് രണ്ടാം സ്ഥാനം സാൻവിയ പൂതക്കാട്ടിൽ, ഷൂട്ട് ഔട്ട് ഗേൾസ് രണ്ടാം സ്ഥാനം ബിന്റു വലിയവീട്ടിൽ, ആൻമേരി കാട്ടാംകോട്ടിൽ, എയ്ഞ്ചൽ പന്തപ്പള്ളിയിൽ ബാഡ്മി

ന്റൺ ഗേൾസ് മൂന്നാം സ്ഥാനം ബിന്റു വലിയവീട്ടിൽ, ലയ ചെരുവിൽ, 100 മീറ്റർ റേസ് ഗേൾസ് മൂന്നാം സ്ഥാനം ജെസ്ലിൻ അമ്പാട്ടുപടവിൽ, 200 മീറ്റർ റേസ് ഗേൾസ് മൂന്നാം സ്ഥാനം നിമിയ വടകര എന്നിവർ വിജയത്തിന് മാറ്റ് കൂട്ടി. ഖേലോത്സവ് കായിക മേളയിൽ കെ.സി.വൈ.എം മാനന്തവാടി രൂപതാ സെക്രട്ടറിമാരായ റ്റിജിൻ ജോസഫ് വെള്ളപ്ലാക്കിൽ, ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ, ട്രഷറർ ബിബിൻ പിലാപ്പിള്ളിൽ, രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, ആനിമേറ്റർ സി. ബെൻസി ജോസ് എസ്.എച്ച്, രൂപതാ സിൻഡിക്കേറ്റ് അംഗങ്ങളായ സി. നാൻസി എസ്.എ.ബി.എസ്, അജിത്ത് പോൾ പറയിടത്തിൽ എന്നിവർ നേതൃത്വം നൽകി.

**ചികിത്സ സഹായ നിധി**

മാനന്തവാടി രൂപതയിലെ ആലാറ്റിൽ ഇടവകാംഗമായ കണിയം പ്ലാക്കൽ സജി എന്നയാളുടെ അടിയന്തര കരൾ മാറ്റിവെക്കൽ ശസ്ത്രക്രിയചികിത്സാ സഹായത്തിനായി ചികിത്സാ സഹായ കമ്മിറ്റിയോട് ചേർന്ന് കെ.സി.വൈ.എം മാനന്തവാടി രൂപത നൂറ് രൂപ ബിരിയാണി ചലഞ്ചിലൂടെ 67500 രൂപ സമാഹരിച്ചു. 2023 നവംബർ 30 ന് രൂപതാ ട്രഷറർ ശ്രീ. ബിബിൻ ജോസ് പിലാപ്പിള്ളിൽ, ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ എന്നിവർ ചേർന്ന് ലഭ്യമായ തുക സഹായ കമ്മിറ്റിക്ക് കൈമാറി.

**പരാതികൾ സമർപ്പിച്ചു**

ക്രൈസ്തവർ ഏറ്റവും വിശിഷ്ടമായി കണക്കാക്കുന്ന ഞായറാഴ്ച ആചരണത്തിന് വിലകൽപ്പിക്കാതെ മലപ്പുറം ജില്ലാ സ്കൂൾ കലോത്സവം നടത്താൻ തീരുമാനിച്ചതിൽ പ്രതിഷേധിക്കുകയും ഇത്തരത്തിലുള്ള തീരുമാനങ്ങൾ ക്രൈസ്തവർക്കെതിരെയുള്ള വെല്ലുവിളിയാണെന്നു ചൂണ്ടി കാണിച്ചുകൊണ്ടും, വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടും നവംബർ 30 ന് ഡി.ഡി.ഇ.എയ്ക്ക് ഇമെയിൽ മുഖാന്തിരം പരാതി സമർപ്പിച്ചു.

നവംബർ 30 ന് മണിമൂളിയിൽ നടന്ന നവകേരള സദസ്സിൽ കെ.സി.വൈ.എം പ്രസ്ഥാനം മുൻപ് ഉന്നയിച്ചിരുന്നതും ഇപ്പോൾ ഉന്നയിച്ചുകൊണ്ടിരിക്കുന്നതുമായ വന്യമൃഗശല്യം, മാനന്തവാടി മെഡിക്കൽ കോളേജ്, പടിഞ്ഞാറത്തറ പൂഴിത്തോട് ബദൽ പാത തുടങ്ങിയ പൊതുജനങ്ങളെ ബാധിക്കുന്ന വിഷയങ്ങളിൽ രൂപതാ

പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ പരാതികൾ സമർപ്പിച്ചു.

## FUTURE POLITICO CONCLAVE

പൊതുരംഗത്ത് സജീവ നേതൃത്വം ഏറ്റെടുക്കുന്നതിന് യുവജനങ്ങളെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ, 2023 ഡിസംബർ 9 ന് കെ.സി.വൈ.എം. മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സജീവ പൊതുപ്രവർത്തകരായ യുവജനങ്ങളെ പങ്കെടുപ്പിച്ചുകൊണ്ട് FUTURE POLITICO CONCLAVE 2K23 ദ്വാരക പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെട്ടു. സഭയും സമുദായവും നേരിടുന്ന ചില ആശങ്കകൾ പങ്കുവെക്കുവാനും സജീവമായ ചർച്ച നടത്തുവാനും കോൺക്ലേവ് വേദിയായി. കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപത മുൻ ഡയറക്ടർ ഫാ. ജെയിംസ് പുത്തൻപറമ്പിൽ സെഷൻ നയിച്ചു. നിരവധി പേർ പങ്കെടുത്തു.

**മാരത്തോൺ**

പടിഞ്ഞാറത്തറ പൂഴിത്തോട് ചുരമില്ലാ ബദൽ പാതക്കായി ജനകീയ സമര സമിതി നടത്തുന്ന സമര പോരാട്ടങ്ങൾക്ക് ഐക്യദാർഢ്യമറിയിച്ചുകൊണ്ട് 2023 ഡിസംബർ 9 ന് മാരത്തോൺ മത്സരം സംഘടിപ്പിച്ചു. ദ്വാരക 4-ാം മൈൽ മുതൽ പടിഞ്ഞാറത്തറ വരെയുള്ള 12 കിലോമീറ്ററാണ് മാരത്തോൺ മത്സരം നടത്തപ്പെട്ടത്. കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ ഫ്ളാഗ് ഓഫ് ചെയ്തു. മാരത്തോൺ മത്സരത്തിന് ശേഷം നടന്ന ഐക്യദാർഢ്യ സദസ്സിൽ കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അധ്യക്ഷത വഹിച്ചു. പടിഞ്ഞാറത്തറ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ബാലൻ പി ചടങ്ങ് ഉദ്ഘാടനം ചെയ്യുകയും മാരത്തോൺ വിജയികൾക്ക് സമ്മാനദാനം നിർവഹിക്കുകയും ചെയ്തു.

**കടുവാ ആക്രമണത്തിൽ പന്തം കൊളുത്തി പ്രതിഷേധം**

സുൽത്താൻ ബത്തേരി വാകേരി മൂടക്കൊല്ലിയിൽ കടുവയുടെ ആക്രമണത്തിൽ മരോട്ടി പറമ്പിൽ പ്രജീഷ് എന്ന യുവാവ് ദാരുണമായി കൊല്ലപ്പെട്ടതിൽ പ്രതിഷേധിച്ച് കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ മാനന്തവാടി ടൗണിൽ

പന്തംകൊളുത്തി പ്രകടനം നടത്തപ്പെട്ടു. മാനന്തവാടി ഗാന്ധി പാർക്കിൽ കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ പ്രതിഷേധസ്വരം അറിയിച്ച് സംസാരിച്ചു. നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**കെ.സി.വൈ.എം സ്ഥാപകദിനാചരണം**

മനുഷ്യാവകാശ ദിനത്തിൽ കെ.സി.വൈ.എം സ്ഥാപക ദിനത്തോട് അനുബന്ധിച്ച്, മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ ഡിസംബർ 10 ന് കൽപ്പറ്റ സ്നേഹ സദനിലെ സഹോദരിക്ക് വീൽ ചെയർ സമ്മാനിച്ചു. സ്നേഹസദനിലെ അന്തേവാസികളുടെ സ്നേഹ കൂട്ടായ്മയിൽ ക്രിസ്തുമസിന്റെ സന്ദേശം അറിയിച്ചുകൊണ്ട് കേക്ക് മുറിക്കുകയും എല്ലാവരും ചേർന്ന് വിവിധ കലാപാരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. രൂപതാ പ്രസിഡന്റ് ശ്രീ. ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ, ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, ജനറൽ സെക്രട്ടറി ശ്രീ. അഭിനന്ദ് കൊച്ചുമലയിൽ, ട്രഷറർ ശ്രീ. ബിബിൻ പിലാപ്പിള്ളിൽ, കോഡിനേറ്റർ ശ്രീ. അഖിൽ വാഴച്ചാലിൽ, ആനിമേറ്റർ സിസ്റ്റർ ബെൻസി ജോസ് എസ്.എച്ച്, കൽപ്പറ്റ മേഖലാ പ്രസിഡന്റ് ശ്രീ. ഷാരോൺ നീലംകാവിൽ, കൽപ്പറ്റ മേഖലാ ആനിമേറ്റർ സിസ്റ്റർ എൽസി ജോൺ എസ്.എച്ച്, കല്പറ്റ ഡി പോൾ യൂണിറ്റ് ഭാരവാഹികൾ എന്നിവർ നേതൃത്വം നൽകി.

**അഭിനന്ദനങ്ങൾ:** ലോഗോസ് പരീക്ഷയുടെ മെഗാ ഫൈനലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട പയ്യമ്പള്ളി ഇടവകാംഗം സാൻമരിയ താഴത്ത്കരിമ്പനക്കലിന് അഭിനന്ദനങ്ങൾ.

**ആശംസകൾ:** വിവാഹിതരായ കെ.സി.വൈ.എം മാനന്തവാടി രൂപതാ മുൻ വൈസ് പ്രസിഡന്റും രൂപത സിൻഡിക്കേറ്റ് അംഗം ശ്രീമതി നയന മുണ്ടക്കാത്തടത്തിലിനും വരൻ ശ്രീ. ജോർജ്ജിനും വിവാഹ മംഗളങ്ങൾ, നവംബർ 26 എറണാകുളത്ത് വെച്ച് നടത്തപ്പെട്ട കെ.സി.വൈ.എം സംസ്ഥാന സമിതിയുടെ 'ഖേലോത്സവ് 2023'ൽ കെ.സി.വൈ.എം മാനന്തവാടി രൂപതയെ പ്രതിനിധീകരിച്ചുകൊണ്ട് മത്സരിച്ച മാനന്തവാടി രൂപതയുടെ 33 മത്സരാർത്ഥികൾക്കും അഭിനന്ദനങ്ങളും ആശംസകളും അറിയിച്ചു.

**ജന്മദിനാശംസകൾ:** കെ.സി.വൈ.എം മാനന്തവാടി രൂപതാ ഡയറക്ടർ പ്രിയപ്പെട്ട സാന്റോ അമ്പലത്തറ അച്ചനും കെ.സി.വൈ.എം മാനന്തവാടി രൂപതാ സിൻഡിക്കേറ്റ് അംഗം ശ്രീ. കുര്യൻ

നീലത്തുമുക്കിലിനും ജന്മദിനാശംസകൾ നേർന്നു.

**ആദരാഞ്ജലികൾ:** മുൻ വൈസ് പ്രസിഡന്റ് അലീന പാണ്ടിയാം പറമ്പിലിന്റെ പിതാവ് ജോയി പാണ്ടിയാംപറമ്പിൽ, കുസാറ്റിൽ തിക്കിലും തിരക്കിലുംപ്പെട്ട് മരണമടഞ്ഞ പ്രിയ സുഹൃത്തുകൾ, കെ.സി.വൈ.എം ശിശുമല യൂണിറ്റ് അംഗവും ചോലിക്കര ബേബി എൽസമ്മ ദമ്പതിമാരുടെ മകനുമായ സ്റ്റെഫിൻ വടക്കെകണ്ണമംഗ ലത്ത് എന്നിവർക്കും ആദരാഞ്ജലികൾ.

**നന്ദി:** അജപാലന വഴികളിൽ ഇടയഗണത്തെ നയിച്ച സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ ജോർജ്ജ് ആലഞ്ചേരി പിതാവിന് നന്ദി.

**മേഖല വാർത്തകൾ**

**മാനന്തവാടി**

കെ.സി.വൈ.എം മാനന്തവാടി രൂപതാ വൈദ്യുത പാചക വാതക വില വർധനവിനെതിരായി മാനന്തവാടി കെ.സ്.ഇ.ബി ഓഫീസിന് മുന്നിൽ നടത്തിയ പ്രതിഷേധത്തിൽ മാനന്തവാടി മേഖലയിൽ നിന്നുള്ള യുവജനങ്ങൾ പങ്കെടുത്തു.

**യൂണിറ്റ് വാർത്തകൾ**

**തോമാട്ടുചാൽ:** പുതിയ യൂണിറ്റ് ഭാരവാഹികളെ തിരഞ്ഞെടുത്തു. തുടർപ്രവർത്തനങ്ങൾ ചർച്ച ചെയ്തു. ലോക പ്രാർത്ഥനാ ദിനത്തിൽ പ്രാർത്ഥനാ കൂട്ടായ്മ നടത്തുകയും യുവജനങ്ങൾ പങ്കെടുക്കുകയും ചെയ്തു. യൂണിറ്റിൽ ലഹരി വിരുദ്ധ മാസമായി ആചരിക്കുന്നതിന് ഭാഗമായി നടത്തിയ ലഹരി വിരുദ്ധ റാലിയിലും നിരവധി യുവജനങ്ങൾ പങ്കെടുത്തു.

**ബത്തേരി:** മതാദ്ധ്യാപകദിനത്തിൽ യുവജനങ്ങളുടെ നേതൃത്വത്തിൽ അദ്ധ്യാപകർക്ക് ആശംസകൾ നേർന്നു. ജില്ലാ കലോത്സവത്തിൽ നാടോടിനൃത്തത്തിൽ ഒന്നാം സ്ഥാനം ലഭിച്ച അൽഫിയയ്ക്ക് ആശംസകൾ നേർന്നു. കഴിഞ്ഞ ഒരുവർഷകാലം KCYM ഭാരവാഹികളായി പ്രവർത്തിച്ചവരെ അനുമോദിച്ചു. പുതിയ KCYM ഭാരവാഹികളെ തെരഞ്ഞെടുത്തു. അവർക്ക് പ്രവർത്തന വിജയം ആശംസിച്ചു.

**കയ്യൂന്നി:** സകല മരിച്ചവരുടെ ദിനത്തിൽ സെമിത്തേരി സന്ദർ

ശിക്കുകയും ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. മതാധ്യാപക ദിനത്തിൽ അധ്യാപകരെ ആദരിക്കുകയും ആശംസകൾ നേർന്നു സംസാരിക്കുകയും ചെയ്തു.

**മക്കിയാട്:** കെ.സി.വൈ.എം അംഗങ്ങൾ പൊതു സെമിത്തേരി സന്ദർശനം നടത്തി ശുദ്ധീകരണസ്ഥലത്തിലെ ആത്മാക്കൾക്കുവേണ്ടി പ്രാർത്ഥിച്ചു. കരൾ ശാസ്ത്രക്രിയ നൂറു രൂപ ചലഞ്ചിൽ 500 രൂപ ചികിത്സസഹായം നൽകി. പാവപ്പെട്ട ആറു കുടുംബങ്ങൾക്കു ശാലോം മാസിക ആറുമാസത്തേക്ക് വരിസംഖ്യ നൽകി. ഇടവകയിൽ തളർന്നു കിടക്കുന്ന ഒരു രോഗിയുടെ കുടുംബത്തിന് ഭക്ഷ്യകിറ്റും മറ്റു സഹായവും നൽകി. രോഗിസന്ദർശനവും ഭവനസന്ദർശനവും നടത്തി, അവരോടൊപ്പം കുറച്ചുസമയം ചിലവഴിച്ചു അവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**അഭിനന്ദ് ജോർജ്ജ് കൊച്ചുമലയിൽ**
ജനറൽ സെക്രട്ടറി

## കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി

**ലഹരി വിരുദ്ധ ദൂത്:** പാതിരിപ്പാടം, മൂലെപാടം ഇടവകകളിൽ കെ. സി. ബി. സി മദ്യവിരുദ്ധ സമിതി ലഹരി വിരുദ്ധ ദൂത് സംഘടി പ്പിച്ചു. വികാരിമാരായ ഫാ. ജെയിംസ് ചമ്പക്കര, ഫാ. ഷിന്റോ പുലി ക്കുഴിയിൽ പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാദർ സണ്ണി മഠത്തിൽ വിശുദ്ധ കുർബാന അർപ്പിച്ച് ലഹരി വിരുദ്ധ സന്ദേശം നൽകി. കുട്ടികളുടെ ജ്വാല ലഹരി വിരുദ്ധ ക്ലബ്ബിന് രൂപം നൽകി, കുട്ടികളോടും അധ്യാപകരോടും സംസാരിച്ചു.

**ലഹരിവിരുദ്ധസെമിനാർ:** നവംബർ 19 ഞായറാഴ്ച മുതിരേരി ഇടവകയിൽ ലഹരി വിരുദ്ധ സെമിനാർ ഇടവക വികാരി ഫാ. സ്റ്റീഫൻ കോട്ടക്കൽ ഉത്ഘാടനം ചെയ്തു. ശ്രീ. ജോയി കട്ടക്കയം, സി. നാൻസി FCC എന്നിവർ സൺഡേസ്കൂൾ കുട്ടികൾക്ക് ക്ലാസ്സ് നയിച്ചു. ഡിസംബർ 3 ഞായർ വിളമ്പുകണ്ടം ഇവകയിൽ കുട്ടികൾക്ക് വേണ്ടി സംഘടിപ്പിച്ച ലഹരി വിരുദ്ധ സെമിനാർ ഇടവക വികാരി ഫാ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉത്ഘാടനം ചെയ്തു. സമിതി രൂപതാ പ്രസിഡന്റ് ശ്രീ. ജോൺസൻ തൊഴുത്തുങ്കൽ, സി. നാൻസി FCC എന്നിവർ ക്ലാസ്സ് നയിച്ചു.

**ലഹരി വിരുദ്ധപരിശീലനം:** കെ.സി.ബി.സി മദ്യവിരുദ്ധ സമിതി യുടെ നേതൃത്വത്തിൽ ഡിസംബർ 6 ന് മാനന്തവാടി റീജിയനിലുള്ള ക്രിസ്തുദാസി സന്യാസിനി സഭാംഗങ്ങൾക്ക് ലഹരി വിരുദ്ധ നേതൃത്വ പ്രവർത്തന പരിശീലനം സംഘടിപ്പിച്ചു.

**ഇടവക ധ്യാനം:** കമ്മന ഇടവകയിൽ സമിതിയുടെ നേതൃത്വ ത്തിൽ 'ജിവിത നവീകണ ക്രിസ്ത്വനുഭവ ധ്യാനം' മൂന്ന് ദിവസം ഇടവകജനത്തിന് വേണ്ടി നടത്തി. വികാരി ബഹു. ജെയ്സ് ചെട്ട്യാ ശ്ശേരി ധ്യാനം ഉത്ഘാടനം ചെയ്തു. ഫാ. സണ്ണി മഠത്തിൽ, ഫാ. ലിൻസൺ ചെങ്ങിനിയാടൻ, ഫാ. മാത്യു മലയിൽ എന്നിവർ ധ്യാനം നയിച്ചു.

**ലഹരി വിരുദ്ധ മാസം ആചരണം:**

**1. ചുങ്കക്കുന്ന്:** ലഹരി വിരുദ്ധ തെരുവുനാടകം, പോസ്റ്റർ, കോളാഷ് മത്സരം, മൈം, സമ്മാന വിതരണം, ലഹരി ഭൂതത്തെ കത്തിക്കൽ സമാപന സമ്മേളനം എന്നീ പ്രവർത്തനങ്ങൾ നടന്നു.

**വാളാട്:** ലഹരി വിരുദ്ധ മാസം ഉത്ഘാടനം, ലഹരി വിരുദ്ധ ക്ലബ് 'ജ്വാല', ആരംഭിച്ചു, ലഹരിക്ക് എതിരെ കൈഒപ്പ് എന്നീ പ്രവർത്തനങ്ങൾ നടന്നു.

**പുൽപ്പള്ളി:** ലഹരി വിരുദ്ധ മാസം, 'ജ്വാല' ക്ലബ് ഉത്ഘാടനം. ക്ലാസ്സ്.

**കണിയാരം:** ബോധവക്കരണക്ലാസ്സ്, ഫ്ളാഷ് മൊബ്, ലഹരിക്ക് എതിരെ കൈ ഒപ്പ്, ആരാധന, തിരിതെളിക്കൽ, റാലി.

**പാതിരിപാടം:** ലഹരി വിരുദ്ധ മാസം ഉത്ഘാടനം, ലഹരി വിരുദ്ധ പ്രതിജ്ഞ.

**കൊട്ടിയൂർ:** ലഹരി വിരുദ്ധ മാസം ഉത്ഘാടനം, പോസ്റ്റർ പ്രദർശനം,

**അടയ്ക്കാത്തോട്:** ലഹരി വിരുദ്ധ മാസ ഉത്ഘാടനം, ജ്വാല ക്ലാബ് ആരംഭിച്ചു, ലഹരി വിരുദ്ധ പ്രതിജ്ഞ.

**വാഴവറ്റ:** ലഹരി വിരുദ്ധ മാസം ഉത്ഘാടനം. ലഹരി വിരുദ്ധ ക്ലബ് ആരംഭിച്ചു, സെമിനാർ സംഘടിപ്പിച്ചു.

**കേണിച്ചിറ:** ലഹരി വിരുദ്ധ മാസം ഉത്ഘാടനം, റാലി, പോസ്റ്റർ പ്രദർശനം.

**കരിമ്പിൽ:** ലഹരി വിരുദ്ധ ക്ലബ് ഉത്ഘാടനം, റാലി, കൊളാഷ്, പോസ്റ്റർ മത്സരം.

**ഒണ്ടയങ്ങാടി:** ലഹരി വിരുദ്ധ ക്ലബ്, ലഹരിവിരുദ്ധ മാസ ഉത്ഘാടനം, ലഹരി വിരുദ്ധ പ്രതിജ്ഞ.

ലഹരി വിരുദ്ധ മസാചാരണം ഉർജ്ജസ്വലമായി ഇടവകളിൽ നടത്തിയ എല്ലാ വൈദികർക്കും, കൈക്കാരന്മാർ, പാരിഷ് കൗൺസിൽ അംഗങ്ങൾ അധ്യാപകർ, ലഹരി വിരുദ്ധ ക്ലബ് സമിതി അംഗങ്ങൾ കുട്ടികൾ, ഇടവകയിലെ അംഗങ്ങൾ, എല്ലാവർക്കും അഭിനന്ദനങ്ങൾ.

**ജോൺസൺ തൊഴുത്തുങ്കൽ**
രൂപതാ പ്രസിഡന്റ്

# കുടുംബ പ്രേഷിതത്വം

## വിവാഹ ഒരുക്ക കോഴ്സുകൾ

നവംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 82 പേർ പങ്കെടുത്തു. ജനുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 13,14,15,16 എന്നീ തീയതികളിലും, ഫെബ്രുവരി മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 10,11,12,13 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

രൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ രൂപതയിലെ 13 മേഖലകളും സന്ദർശിച്ച് 2022- 2023 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ഗ്രേഡുകൾ നിശ്ചയിച്ചു. മുള്ളൻകൊല്ലി, പയ്യംമ്പള്ളി മേഖലകൾ A Grade കരസ്ഥമാക്കി. വൈദികരുടെ സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. തൊഴിൽ ലഭിക്കാത്ത യുവജനങ്ങൾക്ക് വേണ്ടി മാനന്തവാടി മേഖല ചെയിൻ റോസറി ചൊല്ലി പ്രാർത്ഥിച്ചു. മണിമൂളി മേഖലയിൽ ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് വേണ്ടി സ്നേഹ സംഗമം നടത്തിയപ്പോൾ മാനന്തവാടി രൂപതാ സഹായ മെത്രാൻ അഭിവന്ദ്യ അലക്സ് താരമംഗലം പിതാവ് മുഖ്യപ്രഭാഷണം നടത്തുകയും മാനന്തവാടി രൂപതാ മാതൃവേദി പ്രസിഡന്റ് ഫിലോ ചേലക്കൽ ആശംസകൾ അർപ്പിക്കുകയും ചെയ്തു. രൂപതയിലെ എല്ലാ മേഖലകളിലും ഭരണകർത്താക്കൾക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധന നടത്തി പ്രാർത്ഥിച്ചു.

## മാതൃസ്പന്ദനം 2023

ഡിസംബർ 9-ാം തീയതി ശനിയാഴ്ച മാതൃസ്പന്ദനം എന്ന പേരിൽ രൂപതാ വാർഷികം നടത്തി. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് വാർഷികം ഉദ്ഘാടനം ചെയ്യുകയും അടുത്ത പ്രവർത്തന വർഷത്തിലേയ്ക്കുള്ള മാർഗ്ഗരേഖ പ്രകാശനം നിർവഹിക്കുകയും ചെയ്തു. രൂപതയിലെ എല്ലാ യൂണിറ്റുകളിൽ നിന്നുമായി 600 ഓളം അമ്മമാർ പങ്കെടുത്തു. തൃശ്ശൂർ കോർപ്പറേഷൻ കൗൺസിലർ ശ്രീമതി വില്ലി ജിജോ ക്ലാസ്സുകൾ നയിച്ചു. തദവസരത്തിൽ 2022-2023 പ്രവർത്തന വർഷത്തെ മത്സരങ്ങളുടെ സമ്മാനങ്ങൾ നല്കി.

## Feliz Navidad 2023

ഡിസംബർ 16-ാം തീയതി ശനിയാഴ്ച രൂപതാ കരോൾ ഗാന മത്സരം(Feliz Navidad 2023) നടത്തി. 13 മേഖലകളും മാറ്റുരച്ച മത്സരത്തിൽ മുള്ളൻകൊല്ലി, ബത്തേരി, ചുങ്കക്കുന്ന് എന്നീ

മേഖലകൾ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ജനുവരി 24.

**മേഖലാ വാർത്തകൾ**

**മണിമൂളി**

10 ശാഖകളിലും സ്നേഹസംഗമം നടത്തി. മേഖലാ സെക്രട്ടറി ശ്രീമതി മേരി കൊച്ചുകാട്ടിത്തറയുടെ മരുമകളുടെ നിര്യാണത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു പ്രാർത്ഥിച്ചു. തലഞ്ഞിയിൽ വച്ച് മേഖലാ കൗൺസിൽ കൂടി. മേഖലാ ആനിമേറ്റർ സിസ്റ്റർ കൃപയ്ക്ക് നാമ ഹേതുക തിരുനാൾ ആശംസിച്ചു. ഭിന്നശേഷി സംഗമം നടത്തി. കുട്ടികൾ കലാപരിപാടികൾ അവതരിപ്പിച്ചു. അഭിവന്ദ്യ അലക്സ് താരാമംഗലം പിതാവ് മുഖ്യാതിഥിയായിരുന്നു. ശ്രീ അൻവർ എം എൽഎ ചടങ്ങ് ഉദ്ഘാടനം ചെയ്തു. രൂപതാ സന്ദർശനം നടത്തി. മേഖലാ വാർഷികം, കരോൾഗാന മത്സരം എന്നിവ നടത്തി. മേഖല ഡയറക്ടർ ജെയിംസ് കുന്നത്തേട്ടച്ചന് സപ്തതിയുടെ ആശം സകൾ നേർന്നു.

**തരിയോട് മേഖല**

വൈദീകരുടെ സെമിത്തേരി, വിയാനി ഭവൻ എന്നിവ സന്ദർ ശിച്ചു. അൾത്താര ബാലന്മാരെ ആദരിച്ചു. അംഗൻവാടി സന്ദർശിച്ച് കുട്ടികൾക്ക് മധുരപലഹാരങ്ങൾ നൽകി. മിശിഹായുടെ രാജത്വ തിരുനാൾ ദിനത്തിൽ എക്സിക്യൂട്ടീവ് അംഗങ്ങൾ പുതുശ്ശേരിക്കടവ് ക്രിസ്തുരാജ ദേവാലയം സന്ദർശിച്ചു. മക്കൾ ഇല്ലാതെ വിഷമിക്കുന്ന ദമ്പതികൾക്ക് വേണ്ടി പുതുശ്ശേരിക്കടവ് ഇടവകയിലെ അമ്മമാർ ചെയിൻ റോസറിയും ശുദ്ധീകരണ സ്ഥലത്തെ ആത്മാക്കൾക്ക് വേണ്ടി ചെന്നലോട് ഇടവകയിലെ അമ്മമാർ കരുണ കൊന്തയും ചൊല്ലി പ്രാർത്ഥിച്ചു. 2022-2023 വർഷത്തെ ശാഖകളുടെ പ്രവർ ത്തനങ്ങൾ വിലയിരുത്തി രൂപതയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. പ്രൊ ലൈഫ് പ്രവർത്തനങ്ങളുടെ വിജയത്തിന് വേണ്ടി പന്തിപ്പൊയിൽ ഇടവകയിലെ അമ്മമാർ തിരുഹൃദയ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**മുള്ളൻകൊല്ലി**

നാമഹേതുക തിരുനാൾ ആഘോഷിച്ച മേഖലാ ഡയറക്ടർ ബിജു മാവറ, മേഖല ആനിമേറ്റർ സി. എൽസി പോൾ എസ്. എച്ച് എന്നിവർക്ക് പ്രാർത്ഥനാശംസകൾ നേർന്ന് സമ്മാനം നല്കി. മുള്ളൻകൊല്ലി മേഖലയുടെ വാർഷികം മാർ ജോസ് പൊരുന്നേടം പിതാവ് ഉദ്ഘാടനം ചെയ്തു. മേഖലാ മാർഗരേഖ ഫൊറോനാ

വികാരി  ഫാ. ജസ്റ്റിൻ മൂന്നനാൽ പ്രകാശനം ചെയ്തു. സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന 9 ദമ്പതികൾ, രജത ജൂബിലി ആഘോഷിക്കുന്ന 27 ദമ്പതികൾ, അഞ്ചും അതിൽ കൂടുതൽ മക്കളുള്ള കുടുംബങ്ങൾ, സുവർണ്ണ, രജത ജൂബിലി ആഘോഷിക്കുന്ന പുരോഹിതർ, സമർപ്പിതർ എന്നിവരെ ആദരിച്ചു. സമ്മാനങ്ങൾ നല്കി വിയാനി ഭവൻ സിമിത്തേരി സന്ദർശിച്ചു.

**ശാഖാ വാർത്തകൾ**

**മരകാവ്**

സെമിത്തേരി വൃത്തിയാക്കി. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. മേഖല വാർഷികത്തിൽ വൈവാഹിക ജീവിതത്തിൽ 25 വർഷം പൂർത്തിയാക്കിയവരെ ആദരിച്ചു. ദേവാലയവും പരിസരവും വൃത്തിയാക്കി. ശുദ്ധീകരണാത്മാക്കൾക്കായി പ്രാർത്ഥിച്ചു. അംഗൻവാടി സന്ദർശനം, രോഗി സന്ദർശനം, ഭവന സന്ദർശനം എന്നിവ നടത്തി സഹായം നൽകി. മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകി. 2022-23 പ്രവർത്തന വർഷത്തിൽ മുള്ളൻ കൊല്ലി മേഖലയിൽ A ഗ്രേയ്ഡോടെ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**മാർട്ടിൻ നഗർ**

വിവിധ നിയോഗങ്ങൾക്കായി കരുണക്കൊന്ത, തിരുഹൃദയ ജപമാല, ചെയിൻ റോസറി എന്നിവ നടത്തി. ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം പാകം ചെയ്യുവാൻ സഹായിച്ചു. സാമ്പത്തിക സഹായം നൽകി. മേഖല വിസ്സൻസി ക്വിസ്സിൽ പങ്കെടുത്ത് ഒന്നാം സ്ഥാനം ലഭിച്ചു, രൂപത മത്സരത്തിൽ പങ്കെടുത്തു. ഒരു നിർധന കുടുംബത്തിന് ഭക്ഷണ കിറ്റ് നൽകി.

**പുതുശ്ശേരിക്കടവ്**

സെമിത്തേരി വൃത്തിയാക്കി. ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു. ഓസാന ഭവനിൽ വച്ച് നടന്ന വനിതാ സംഗമത്തിൽ പങ്കെടുത്തു. മാനന്തവാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം ഉണ്ടാക്കി കൊടുത്തു. ടീം അംഗങ്ങൾ ഒരുമിച്ച് ദ്വാരകയിലുള്ള വൈദികരുടെയും, എസ്. എച്ച് സിസ്റ്റേഴ്സിന്റെയും സെമിത്തേരി സന്ദർശിച്ചു. അംഗൻവാടി കുട്ടികൾക്ക് മധുരം നൽകി. രോഗി സന്ദർശനം നടത്തി.

**പനംചിറ**

സെമിത്തേരി വൃത്തിയാക്കി. മരിച്ച വിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിച്ചു. പാവപ്പെട്ട ഒരു കുടുംബത്തിന് സാമ്പത്തിക സഹായം നൽകി. വീടുകളിൽ നിന്ന് ആവശ്യ സാധനങ്ങൾ ശേഖരിച്ച് നൽകി.

രോഗീ സന്ദർശനം നടത്തി. മേഖലാ വാർഷികത്തിലും മത്സരങ്ങളിലും പങ്കെടുത്തു.

**കോട്ടത്തറ**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ, വി. ചാൾസ് ബോറോമിയോയുടെ തിരുനാൾ എന്നിവ ആചരിച്ചു. ശുദ്ധീകരണ ആത്മാക്കൾക്ക് വേണ്ടി സെമിത്തേരി സന്ദർശിച്ചു പ്രാർത്ഥിച്ചു. അധ്യാപകർ, അൾത്താര ബാലന്മാർ എന്നിവരെ ആദരിച്ചു. അംഗൻവാടി, വിയാനി ഭവൻ എന്നിവ സന്ദർശിച്ചു. രോഗി സന്ദർശനം നടത്തി. കോളനി നിവാസികളെ സന്ദർശിച്ചു. പിടിയരി ശേഖരിച്ച് പാവപ്പെട്ട കുടുംബത്തിന് നൽകി.

**കാരയ്ക്കാമല**

സകല മരിച്ചവരുടെ തിരുനാൾ ആചരിച്ചു. സിമിത്തേരി സന്ദർശനം നടത്തി. 2010 മുതൽ 2023 വരെ വിവാഹിതരായ ദമ്പതികൾക്കുവേണ്ടി നടത്തിയ സെമിനാറിൽ പങ്കെടുത്തു. കിടപ്പ് രോഗികളെ സന്ദർശിച്ചു. കൃഷി ചെയ്ത പച്ചക്കറിയുടെ വിളവെടുപ്പ് നടത്തി.

**കുഞ്ഞോം**

മരണമടഞ്ഞ മാതൃവേദി അംഗങ്ങൾക്ക് വേണ്ടി കുർബാന, സെമിത്തേരി സന്ദർശനം എന്നിവ നടത്തി. ശുദ്ധീകരണ ആത്മാക്കളുടെ വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. സാന്ത മോനിക്ക മധ്യസ്ഥ പ്രാർത്ഥന, വചനം പറയുക എന്നതിൽ പങ്കുചേർന്നു. രോഗികളെ സന്ദർശിച്ചു. ബൈബിൾ പാരായണം നടത്തി.

**പാലാങ്കര**

മേഖല എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തു. മണിമൂളിയിൽ വച്ചു നടന്ന ഭിന്നശേഷിക്കാരുടെ സംഗമത്തിൽ പങ്കെടുത്തു. മതാധ്യാപക ദിനത്തിൽ ശാഖയിലെ എല്ലാ അധ്യാപകരെയും ആദരിച്ചു. പള്ളിയും പരിസരവും, സെമിത്തേരിയും വൃത്തിയാക്കി.

**തവിഞ്ഞാൽ**

സെമിത്തേരി ക്ലീനിങ് നടത്തി. രോഗി സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് കൂടി. മേഖല വാർഷികത്തിൽ 14 പേർ പങ്കെടുത്തു. മേഖല കരോൾ ഗാനമത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി . 2022-2023 പ്രവർത്തന വർഷത്തിൽ തവിഞ്ഞാൽ യൂണിറ്റ് A ഗ്രേഡോടു കൂടി മികച്ച ശാഖയായി തിരഞ്ഞെടുക്കപ്പെട്ടു. 2023-ലെ പുത്തൻ പാന മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയതിനുള്ള സമ്മാനവും, മരിയൻ ക്വിസ്സിലും കോളാഷ് നിർമാണത്തിനും ഉള്ള സമ്മാനങ്ങളും ഏറ്റു വാങ്ങി.

**വാകേരി**

സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ ദേവാലയത്തിലെ ശുശ്രൂഷകൾക്ക് പഴവും, ഉണ്ണിയപ്പവും വിതരണം ചെയ്തു. ബത്തേരി മേഖല മാതൃവേദി സംഘടിപ്പിച്ച അമ്മയൂണിലേയ്ക്ക് 47120 രൂപ ശേഖരിച്ച് നല്കി. വിവിധ അഗതിമന്ദിരങ്ങളിൽ വിതരണം ചെയ്യാൻ പങ്കാളികളായി.

**പാടിച്ചിറ**

മേഖല വാർഷികത്തിൽ 24 അമ്മമാർ പങ്കെടുത്തു. സൺഡേ സ്കൂൾ ടീച്ചേഴ്സിനെ ആദരിച്ച് സമ്മാനങ്ങൾ നല്കി. രോഗീ സന്ദർശനം നടത്തി 4000 രൂപ സഹായം നല്കി. മുള്ളൻ കൊല്ലി ബഡ്സ് സ്കൂൾ സന്ദർശിച്ച് ഉച്ച ഭക്ഷണം നല്കി.

**കബനിഗിരി**

സെമിത്തേരി, സ്മൃതി മണ്ഡപം എന്നിവ വൃത്തിയാക്കി. സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. മരിച്ച വിശ്വാസികൾക്കുവേണ്ടി പ്രത്യേകം കുർബാന നടത്തി. വണക്കമാസം ചൊല്ലി. എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. മാതൃവേദി മേഖലാ വാർഷികത്തിൽ പങ്കെടുത്തു. മികച്ച മൂന്നാമത്തെ യൂണിറ്റായി തെരഞ്ഞെടുക്കപ്പെട്ടു.

**അസംപ്ഷൻ**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. നേഴ്സറി, ഒന്നാം ക്ലാസ് എന്നിവയിൽ പഠിക്കുന്ന കുഞ്ഞുങ്ങൾക്ക് മധുരം നൽകി. മതാദ്ധ്യാപകരെ ആദരിച്ചു. മേഖല വാർഷികം, വിധവാ സംഗമം എന്നിവയിൽ പങ്കെടുത്തു. പള്ളി വൃത്തിയാക്കി. കിടപ്പു രോഗികളെ സന്ദർശിച്ചു.

**മുള്ളൻകൊല്ലി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. മേഖല വാർഷികത്തിൽ എല്ലാവരും പങ്കെടുത്തു. രോഗി സന്ദർശനം, രോഗി സഹായം എന്നിവ നൽകി.

**പ്രശാന്തിഗിരി**

സകല വിശുദ്ധരുടെ തിരുനാൾ, സകല മരിച്ചവരുടെ തിരുനാൾ എന്നിവ ആചരിച്ചു. സിമിത്തേരി അലങ്കരിച്ചു. എക്സിക്യൂട്ടീവ് യോഗം കൂടി. മേഖല വാർഷികത്തിൽ 9 അംഗങ്ങൾ പങ്കെടുത്തു. കരോൾ ഗാന മത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ടൗൺ ചർച്ച് മാനന്തവാടി**

വീടുകളിൽ വണക്കമാസ പ്രാർഥന നടത്തി. ചെയിൻ റോസറി നടത്തി. കരോൾ ഗാന മത്സരത്തിൽ രണ്ടാം സ്ഥാനം നേടി. മേഖലാ

വാർഷികത്തിന് ആതിഥേയത്വം വഹിച്ചു, 20 അംഗങ്ങൾ പങ്കെടുത്തു. മേഖലയിൽ പ്രവർത്തന റിപ്പോർട്ടിന്റെ മികവിൽ A grade ലഭിച്ചു. അൾത്താര അലങ്കാരത്തിന് 1500 , സ്നേഹദീപം ചാരിറ്റബിൾ ട്രസ്റ്റിന് ഭക്ഷണ കിറ്റ് 1000/, മാതൃവേദി വക ശുദ്ധീകരണാത്മക്കൾക്കു വേണ്ടി കുർബ്ബാന, ഒപ്പീസ് എന്നിവയ്ക്കു130 രൂപ നൽകി. ജനറൽ ബോഡി, എക്സിക്യൂട്ടീവ് മീറ്റിംങ് എന്നിവ നടത്തി.

**പുൽപ്പള്ളി**

ശിശുമലയിൽ വച്ച് നടത്തിയ ശാഖ എക്സിക്യൂട്ടീവിൽ പുൽപ്പള്ളി ശാഖയിൽ നിന്നും രണ്ട് എക്സിക്യൂട്ടീവ് അംഗങ്ങൾ പങ്കെടുത്തു. മേഖല വാർഷികത്തിൽ ബൈബിൾ ദൃശ്യാവതരണം നടത്തി. വിവാഹം കഴിഞ്ഞ് 50 വർഷമായ ദമ്പതികളെയും ജൂബിലി ആഘോഷിക്കുന്ന സിസ്റ്റേഴ്സിനെയും ആദരിച്ചു.

**അമ്പലവയൽ**

ബത്തേരി മേഖലയുടെ നേതൃത്വത്തിൽ തോമാട്ടുചാലിൽ നടത്തപ്പെട്ട ജപമാല റാലിയിൽ അമ്പലവയൽ യൂണിറ്റിൽ നിന്ന് 70 പേർ പങ്കെടുത്തു. സകല മരിച്ചവരുടെയും തിരുനാൾ ദിനത്തിൽ ഉണ്ണിയപ്പം നേർച്ച നടത്തി. ബത്തേരി തപോവനം 25 മാനസിക രോഗികൾ താമസിക്കുന്ന അഗതി മന്ദിരത്തിൽ ഉച്ചഭക്ഷണം നൽകി.

**സീതാമൗണ്ട്**

ശുദ്ധീകരണ ആത്മാക്കളുടെ വണക്കമാസ ആചരണം ഭവനങ്ങളിൽ നടത്തി. ശിശുദിനത്തിൽ അംഗൻവാടി സന്ദർശനം നടത്തി. കുട്ടികൾക്ക് മധുര പലഹാരം വിതരണം ചെയ്തു. മേഖലാ വാർഷികത്തിൽ പങ്കെടുത്തു. രോഗി സന്ദർശനം നടത്തി. ഒരു നിർധന വ്യക്തിക്ക് സഹായമായി 2500 രൂപ നൽകി.

**കുറുമ്പാല**

മാതൃവേദി പ്രവർത്തന വർഷം ആരംഭിച്ചു. സെമിത്തേരി വൃത്തിയാക്കി. ശുദ്ധീകരണാത്മാക്കളുടെ വണക്കമാസം വീടുകളിൽ വായിച്ചു. മേഖലയുടെ നേതൃത്വത്തിൽ വിയാനി ഭവൻ സന്ദർശിച്ചു. തോണിച്ചാൽ എമ്മാവൂസ് വില്ലയിൽ കുട്ടികളെ സന്ദർശിച്ചു 6000 രൂപ സഹായമായി നൽകി. ഭവന സന്ദർശനം നടത്തി ഒരു നിർദ്ധന രോഗിക്ക് ചികിത്സാ സഹായമായി 1000 രൂപ നൽകി.

**തോമാട്ടുചാൽ**

സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് യോഗം ചേർന്നു. രോഗീ സന്ദർശനം നടത്തി. അമ്മയൂണ് നടത്തി 8000 രൂപ അഗതികൾക്ക് ഭക്ഷണത്തിനായി നൽകി. പള്ളിയും പരസരവും വൃത്തിയാക്കി.

**നിലമ്പൂർ**

സിമിത്തേരി സന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. ജനറൽ ബോഡി മീറ്റിംഗ് കൂടി. രോഗി സന്ദർശനം നടത്തി. ശുദ്ധീകരണാത്മാക്കൾക്ക് വേണ്ടി വണക്കമാസം ചൊല്ലി പ്രാർത്ഥിച്ചു. യൂണിറ്റിൽ ഏറ്റവും നല്ല ഉദ്യാന പരിപാലനം നടത്തുന്ന അമ്മയെ കണ്ടെത്തി അഭിനന്ദിച്ചു.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. സെമിത്തേരി സന്ദർശനം , രോഗി സന്ദർശനം എന്നിവ നടത്തി. ഇടവകയിൽ നിന്നും മരിച്ചുപോയ വൈദികർ, സമർപ്പിതർ, അനാഥാത്മക്കൾ, പിറക്കാതെ കുഞ്ഞുങ്ങൾ എന്നിവർക്കുവേണ്ടി മൂന്നു കുർബാന ചൊല്ലിച്ചു. ശിശുഭവൻ സന്ദർശിച്ച് സഹായം നൽകി.

**പൂക്കോട്ടുംപാടം**

പ്രവർത്തന ഫണ്ട് സ്വരൂപണാർത്ഥം സംഭാവന സ്വീകരിച്ചു. വാർഷിക റിപ്പോർട്ട് നൽകി. സെമിത്തേരി വൃത്തിയാക്കൽ സിമിത്തേരി സന്ദർശനം എന്നിവ നടത്തി. ഒരു നിർദ്ധന രോഗിക്ക് സഹായമായി 500 രൂപ നൽകി. ചെയിൻ റോസറി നടത്തി മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു.

**കുറുമണി**

സകല മരിച്ചവരുടെയും തിരുനാൾ ആചരിച്ചു. സിമിത്തേരി വൃത്തിയാക്കി. ശിശുദിനത്തിൽ അംഗൻവാടി സന്ദർശിച്ചു. ആത്മാക്കളുടെ വണക്കമാസം ഭവനങ്ങളിൽ നടത്തി. രോഗി സന്ദർശനം നടത്തി.

**നടവയൽ**

ജനറൽ ബോഡി യോഗം ചേർന്നു. ശുദ്ധീകരാത്മാക്കളുടെ വണക്കമാസ പ്രാർത്ഥന ഭവനങ്ങളിൽ ചൊല്ലി. സെമിത്തേരി സന്ദർശനം, സിമിത്തേരി വൃത്തിയാക്കൽ എന്നിവ നടത്തി. പള്ളിയും പരിസരവും, നിലവിളക്കുകളും വൃത്തിയാക്കി. മരണവീടുകൾ സന്ദർശിച്ചു. രോഗി സന്ദർശനം നടത്തി. 500 രൂപയുടെ ഭക്ഷണ കിറ്റും, രോഗി സഹായമായി 1350 രൂപയും നൽകി.

**ഫാ. ജോജോ കുടക്കച്ചിറ**
**ഫാ. എമ്മാനുവേൽ വടക്കേൽ**

# സീയോൻ വാർത്തകൾ

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ ഡിസംബർ 1 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9 വരെ പ്രാർത്ഥിച്ചൊരുങ്ങി, സിയോൻ ഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 45 ശുശ്രൂഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സിയോൻ പൊതുസമ്മേളനം നടന്നു.

ഡിസംബർ 2ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ചകഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബിജു പുളിക്കൽ, സി. അന്ന FCC, സി. അനറ്റ് SKD, എന്നിവർ ഗാനശുശ്രൂഷക്കും, ബ്രദർ ജോസഫ് സ്തുതി ആരാധനക്കും, ബഹു. സിസ്റ്റർ സ്മിത CMC, സിസ്റ്റർ ജാൻസി SABS, സിസ്റ്റർ നവ്യ SH എന്നിവർ മറ്റു ശുശ്രുഷകൾക്കും നേതൃത്വം നൽകി. ഡിസംബർ 9ന് ശനിയാഴ്ച്ച രാവിലെ 9.30 മുതൽ 1.00 മണിവരെ സ്പിരിച്വൽ ഷെയറിംഗ് നടത്തി. ഡിസംബർ 14 മുതൽ 17 വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടന്നു.

**ഇടവക ധ്യാനങ്ങൾ**

നവംബർ 30 മുതൽ ഡിസംബർ 03 വരെ തോമാട്ടുചാൽ ഇടവകയിലും, ഡിസംബർ 04 മുതൽ 07 വരെ ബത്തേരി ഇടവകയിലും, 08 മുതൽ 10 വരെ ഒഴുക്കന്മൂല ഇടവകയിലും, സിയോൻ ടീമിന്റെ നേതൃത്വത്തിൽ ഇടവക ധ്യാനം നടത്തി.

മീഡിയ കമ്മീഷൻ, സിയോൻ CRC എന്നീ യൂട്യൂബ് ചാനലുകളിലൂടെ എല്ലാ ഞായറാഴ്ചകളിലും വചന വിചിന്തനം നടത്തി.

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

**പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരരെ,**

എല്ലാവർക്കും പുതുവത്സരത്തിന്റെ ആശംസകൾ നേരുന്നു. ഒരു വർഷം കടന്നുപോകുന്നു. പുതിയൊരു വർഷം നമ്മുടെ മുന്നിലേക്ക് കടന്നുവരികയാണ്. കഴിഞ്ഞ കാലത്തെ കഷ്ടതകൾക്കപ്പുറം പ്രശാന്തമായ ജീവിതം നമ്മെ കാത്തിരിപ്പുണ്ടെന്ന പ്രത്യാശയാണ് നമ്മെ നയിക്കുന്നത്. ''നീതിയുടെ പരിണിതഫലം പ്രശാന്തതയും, എന്നേക്കമുള്ള പ്രത്യാശയുമായിരിക്കും'' (ഏശയ്യ-32.17). നമ്മുടെ വിൻസെൻഷ്യൻ പ്രവർത്തനങ്ങളിൽ പുതിയ പന്ഥാവുകൾ നാം കണ്ടെത്തണം. കഷ്ടതയനുഭവിക്കുന്നവരുടെ എണ്ണം അനുദിനം നമ്മുടെ ചുറ്റും വർദ്ധിച്ചുവരികയാണ്.അപരനെ സഹായിക്കുവാനുള്ള പ്രവർത്തനങ്ങളിൽ ഓരോ വിൻസെൻഷ്യനും ജാഗരൂകരായി നിലനില്ക്കണം.''എന്റെനാമത്തിൽനിങ്ങൾഎന്നോട്എന്തെങ്കിലും ചോദിച്ചാൽ ഞാനത് ചെയ്ത് തരും.'' (യോഹന്നാൻ-14.14).

**സി. സി. ബോർഡ് യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി മാനന്തവാടി സെൻട്രൽ കൗൺസിൽ യോഗം നടവയൽ ഓസാനംഭവൻ ഹാളിൽ സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകത്തിന്റെ അധ്യക്ഷതയിൽ ചേർന്നു. സി.സി.ജനറൽ സെക്രട്ടറി ബ്രദർ ജോസ് മെഴുകനാൽ സ്വാഗതമാശംസിച്ച് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. സി.സി. കണക്കുകൾ സി.സി. ട്രഷറർ ബ്രദർ വിൻസെന്റ് റാത്തപ്പള്ളി അവതരിപ്പിച്ചു. കണക്കും, റിപ്പോർട്ടും ചർച്ചകൾക്ക് ശേഷം യോഗം അംഗീകരിച്ചു. യൂത്ത് മീറ്റ്, കലണ്ടർ വിതരണം, നാഷണൽ ഓഡിറ്റ്, ഓസാനംഭവൻ പ്രവർത്തനങ്ങൾ തുടങ്ങിയ യോഗം ചർച്ച ചെയ്തു.

**സി.സി. യോഗം**

നവംബർ 30-ന് സി.സി. യോഗം ചേർന്നു. സിസ്റ്റർ റോസമ്മ അയ്യംകുഴയ്ക്കൽ, ബ്രദർ റോയ് ഗൂഡല്ലൂർ എന്നിവർ പ്രാരംഭപ്രാർത്ഥനകൾക്ക് നേതൃത്വം നല്കി. ബ്രദർ ജോണി പാറ്റാനി സ്വാഗതം ആശംസിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്രദർ ജോസ് മാത്യു

മെഴുകനാൽ റിപ്പോർട്ടും, ട്രഷറർ ബ്രദർ വിൻസെന്റ് റാത്തപ്പള്ളി കണക്കുകളും അവതരിപ്പിച്ചു. ഓസാനംഭവൻ കണക്കുൾ, റിപ്പോർട്ട് എന്നിവ യഥാക്രമം ബ്രദർ ബെന്നി മാങ്കോട്ട്, ബ്രദർ തങ്കച്ചൻ മേപ്പാടത്ത് എന്നിവർ അവതരിപ്പിച്ചു. ചർച്ചകൾക്ക് ശേഷം യോഗം ഇവ അംഗീകരിച്ചു. സി.സി. തലത്തിൽ സംഘടിപ്പിച്ച വനിത സംഗമം, യൂത്ത്മീറ്റ് എന്നിവ യോഗം അവലോകനം ചെയ്തു. കോവിഡ് റിലീഫ് ഫണ്ട് എ. സി. കൾ മുഖേന വിതരണം ചെയ്യുന്നതിന് തീരുമാനിച്ചു. അഗ്രിഗേഷൻ, ടിന്നിംഗ് എന്നിവയെക്കുറിച്ച് ബ്രദർ ഷാജൻ തലച്ചിറ വിശദീകരിച്ചു.

**സി.സി. യുവജനസംഗമം**

എസ്. എസ്. വി. പി. യുവജനസംഗമം നടത്തി. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു.റവ. ഫാ. ലാൽ പൈനുങ്കൽ ക്ലാസ് നയിച്ചു. ബ്രദർ രാജു വലിയാറ വിൻസെൻഷ്യൻ ജീവിതരീതികളെക്കുറിച്ച് വിശദീകരിച്ചു.സി.സി. ജനറൽ സെക്രട്ടറി ബ്രദർ ജോസ് മാത്യു മെഴുകനാൽ, ബ്രദർ ബെന്നി മാങ്കോട്ട്, വത്സമ്മ പീറ്റർ ഇളയച്ചാനി, ബ്രദർ തങ്കച്ചൻ മേപ്പാടത്ത്, ഫിലോമിന മുതുകുളം തുടങ്ങിയവർ പ്രസംഗിച്ചു. ഭാരവാഹികൾ: അമൽരാജ്മറ്റത്തിൽ വാഴവറ്റ (പ്രസിഡൻറ്), ആഷ്‌ലി ഫിൽറോക്ക് മരകാവ് (സെക്രട്ടറി), ഇ.എം.ബിബീഷ് കുറുമ്പാല (ട്രഷറർ), അഞ്ജു പരുത്തിക്കുഴി കുറുമ്പാലക്കോട്ട (ജോ.സെക്രട്ടറി), ക്രിസ്റ്റി കാരുവെള്ളിത്തറ പാടിച്ചിറ (വൈ. പ്രസിഡന്റ്).

**സി.സി. വനിതസംഗമം**

എസ്.എസ്.വി.പി.മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ ആഭിമുഖ്യത്തിൽ വനിതാസംഗമം നടത്തി. പ്രാരംഭപ്രാർത്ഥനകൾക്ക് സി. സി. വൈസ് പ്രസിഡന്റ് സി. റോസമ്മ അയ്യംകുഴയ്ക്കൽ, ചിന്നമ്മ മഠത്തിൽത്താഴെ എന്നിവർ നേതൃത്വം നല്കി. പ്രിയ ഷൈജൻ തടങ്ങഴി സ്വാഗതം ആശംസിച്ചു. സി. സി.പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം അധ്യക്ഷത വഹിച്ചു. റവ. സിസ്റ്റർ ഫിലോമിന (എസ്. സി. വി. സുപ്പീരിയൽ ജനറൽ, മാനന്തവാടി) ഉദ്ഘാടനം ചെയ്തു. റവ. ഫാദർ ജോർജ്ജ് മൈലാടൂർ (വികാരി. സേക്രട്ട്ഹാർട്ട് ചർച്ച് പുൽപ്പള്ളി) ക്ലാസ് നയിച്ചു.സി.സി.വൈ. പ്രസിഡന്റ് ബ്രദർ ജോണി പാറ്റാനി, ബ്രദർ ബെന്നി മാങ്കോട്ട്, ഫിലോമിന മുതുകുളത്ത് എന്നിവർ ആശംസകളർപ്പിച്ചു. നിഷ

വെട്ടിക്കാട്ട് സമാപനപ്രാർത്ഥനക്ക് നേതൃത്വം നല്കി. ഭാരവാഹികൾ പ്രിയ ഷൈജൻ തടങ്ങഴിയിൽ (പ്രസിഡന്റ്), സെലിൻ മേപ്പാടത്ത് (വൈ. പ്രസിഡന്റ്), ഫിലോമിന മുതുകുളത്ത് (സെക്രട്ടറി), മോളി മാങ്കോട്ട് (ജോ. സെക്രട്ടറി), ജെസി പുലിക്കുന്നേൽ (ട്രഷറർ)

**എ.സി. നേതൃസംഗമങ്ങൾ**

കല്പ്പറ്റ എ. സി നേതൃസംഗമം കല്പ്പറ്റ ഡി പോൾ പബ്ലിക് സ്ക്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. ബ്രദർ ജോർജ്ജ് കുപ്പയിൽ സ്വാഗതം ആശംസിച്ചു. എ.സി. പ്രസിഡന്റ് സി. ടെസ്സി മാത്യു അധ്യക്ഷത വഹിച്ചു. എ. സി. ആത്മീയ ഉപദേഷ്ടാവ് റവ. ഫാദർ മാത്യു പെരിയപുറം ഉദ്ഘാടനം ചെയ്തു. സി. സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം മുഖ്യസന്ദേശം നല്കി. സി. റോസമ്മ അയ്യംകുഴയ്ക്കൽ, ബ്രദർ തങ്കച്ചൻ മേപ്പാടത്ത് എന്നിവർ ആശംസകളർപ്പിച്ചു. ബ്രദർ അഗസ്റ്റിൻ കോടിയംകുന്നേൽ ക്ലാസ് നയിച്ചു. ബ്രദർ മാത്യു തുറവേലിക്കുന്നേൽ നന്ദി അർപ്പിച്ചു.

**പാടിച്ചിറ എ.സി.സംഗമം**

പാടിച്ചിറ എ.സി. നേതൃസംഗമം കബനിഗിരി നിർമ്മല ഹൈസ്ക്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. പ്രാരംഭപ്രാർത്ഥനക്ക് വത്സ നരിവേലിൽ, സാലി കട്ടിക്കാനായിൽ എന്നിവർ നേതൃത്വം നല്കി. ഷിജു പെരുമ്പള്ളിൽ സ്വാഗതം ആശംസിച്ചു. റോസമ്മ പ്ലാക്കിയിൽ റിപ്പോർട്ട് അവതരിപ്പിച്ചു. എ.സി. ആധ്യാത്മിക ഉപദേഷ്ടാവ് റവ. ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ ഉദ്ഘാടനം ചെയ്തു. റവ. ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ (വികാരി, സെന്റ് മേരീസ് ചർച്ച്, കബനിഗിരി) അനുഗ്രഹപ്രഭാഷണം നടത്തി. ലീലാമ്മ വിളയാനിപ്പറമ്പിൽ, സിസ്റ്റർ ലിൻഷ മരിയ എന്നിവർ ആശംസകളർപ്പിച്ചു. സി.സി. പ്രസിഡന്റ് ബ്രദർ ബാബു നമ്പുടാകം സംഘടന അവലോകനം നടത്തി. ബ്രദർ അഗസ്റ്റിൻ കോടിയംകുന്നേൽ ക്ലാസ് നയിച്ചു. സംഘടനയിലെ മുതിർന്ന അംഗങ്ങളെ ആദരിച്ചു. ജെസി പുലിക്കുന്നേൽ നന്ദി അർപ്പിച്ചു.

**ഫാദർ ജോജോ കുടക്കച്ചിറ**
(സി.സി. ആധ്യാത്മിക ഉപദേഷ്ടാവ്)
**ബ്രദർ ബാബു നമ്പൂടാകം**
(സി.സി. പ്രസിഡന്റ്)

**യു എൻ വുമൺ പദ്ധതിയിൽ പങ്കാളിയായി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും**

കോവിഡാനന്തരം കേരളത്തിലെ സുഗന്ധവ്യഞ്ജന തോട്ടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യത്തിൽ വന്ന ആരോഗ്യ പ്രശ്നങ്ങൾ പഠിക്കുക, ഇതുമൂലം ഉണ്ടായ സാമ്പത്തിക നഷ്ടം മനസ്സിലാക്കുക, തൊഴിലാളികളുടെ മൗലികാവകാശങ്ങൾ നേടിയെടുക്കുക, തൊഴിൽ ഇടങ്ങളിൽ സുരക്ഷ ഉറപ്പുവരുത്തുക, സ്ത്രീകളുടെ നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, പ്രത്യേകിച്ച് ഗാർഹിക പീഡനങ്ങൾ അവസാനിപ്പിക്കുക എന്നിവയിലൂടെ സുഗന്ധവ്യഞ്ജന തോട്ടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യം, ക്ഷേമം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പ്രത്യേക പദ്ധതിക്ക് തുടക്കമായി.

യു.എൻ വുമൺ, ബിന്ദി ഇന്റർനാഷണൽ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, സംസ്ഥാന വനിതാ ശിശു ക്ഷേമ വകുപ്പ്, എന്നിവയുടെ നേതൃത്വത്തിൽ വയനാട് ഇടുക്കി ജില്ലകളിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയാണ് ഈ പദ്ധതി നിർവ്വഹണം നടത്തുന്നത്. ഇതിന്റെ ഭാഗമായി 3000 സ്ത്രീ കർഷക തൊഴിലാളികളിൽ ഈ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുവാനും വിവിധ സർക്കാർ വകുപ്പുകൾ, നിയമപാലകർ, സർക്കാർ ഇതര ഏജൻസികൾ, കുടുംബശ്രീ, സ്വാശ്രയസംഘങ്ങൾ, തുടങ്ങിയവയുടെ ഏകോപനത്തിലൂടെ ഈ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യം, ക്ഷേമം, സുരക്ഷ ഉറപ്പുവരുത്തുവാനും ഈ പദ്ധതി ലക്ഷ്യം വെക്കുന്നു. കേരളത്തിൽ പദ്ധതിയുടെ ഔപചാരികമായ തുടക്കം വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു.

വയനാട് ജില്ലാ സബ് കളക്ടർ ആർ ശ്രീലക്ഷ്മി IAS ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി മുൻസിപ്പൽ ചെയർപേഴ്സൺ

ശ്രീമതി. രത്നവല്ലി ഈ പ്രൊജക്റ്റിന്റെ ഭാഗമായി തയ്യാറാക്കിയ തീം ഗാനം പ്രകാശനം ചെയ്യുകയും അംഗങ്ങളെ കൊണ്ട് പ്രതിജ്ഞ എടുപ്പിക്കുകയും ചെയ്തു. കൃഷി ഓഫീസർ അനു ജോർജ്ജ്, മുൻസിപ്പൽ കൗൺസിലർ സ്മിത ടീച്ചർ എന്നിവർ ആശംസകൾ അർപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പദ്ധതി വിശദീകരണം നടത്തി. ഇതോടൊന്നിച്ചു സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം എന്ന വിഷയത്തിൽ അഡ്വ. സിസ്റ്റർ ഷെർലിറ്റ് ക്ലാസ് എടുത്തു. കൂടാതെ വീഡിയോ പ്രദർശനം, കായിക മത്സരങ്ങൾ എന്നിവയും നടത്തി. പരിപാടിക്ക് പ്രൊജക്റ്റ് കോ-ഓർഡിനേറ്റർ റോബിൻ ജോസഫ്, പ്രൊജക്റ്റ് ടീം അംഗങ്ങളായ ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു, ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകി.

**സുവർണ്ണ ജൂബിലി വികസന പദ്ധതികൾ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് ഈ മാസം വിവിധ പദ്ധതികൾക്കുള്ള അപേക്ഷകൾ സ്വീകരിച്ചു. ഇറ്റാലിയൻ ബിഷപ്സ് കോൺഫ്രൻസുമായി സഹകരിച്ച് 207 കുടുംബങ്ങൾക്ക് പശുക്കളെ നൽകുന്നതിനും 207 കുടുംബങ്ങൾക്ക് തൊഴുത്ത് മെച്ചപ്പെടുത്തുന്നതിനും 207 കുടുംബങ്ങൾക്ക് തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനും വേണ്ടിയുള്ള പദ്ധതികൾക്കാണ് ഈ മാസം അപേക്ഷ സ്വീകരിച്ചത്.

**നബാർഡ് കെ. എഫ്. ഡബ്ല്യു സോയിൽ പ്രൊജക്റ്റ് പഠന വിലയിരുത്തൽ നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ മട്ടിലയം നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന കെ.എഫ്.ഡബ്ല്യു സോയിൽ പദ്ധതി എത്രത്തോളം ലക്ഷ്യപ്രാപ്തി കൈവരിച്ചു, പദ്ധതി മൂലം ഉണ്ടായ നേട്ടങ്ങൾ ഏവ, പദ്ധതിയിലൂടെ വികസിപ്പിച്ചെടുത്ത ആസ്തികൾ എങ്ങനെ നിലനിർത്തി കൊണ്ടുപോകാം എന്നിവയെ കുറിച്ച് പഠിക്കുന്നതിന് ഹൈദരാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സെൻട്രൽ റിസേർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഡ്രൈ ലാൻഡ് ഫാർമിംഗിലെ ശാസ്ത്രജ്ഞൻമാരായ പുഷ്പാഞ്ജലി, അൻഷിദ എന്നിവരുടെ നേതൃത്വത്തിൽ പഠന വിലയിരുത്തൽ നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മട്ടിലയം നീർത്തട വികസന

സമിതിയും സംയുക്തമായി കഴിഞ്ഞ നാല് വർഷമായി മട്ടിലയം നീർത്തട പ്രദേശത്ത് നടപ്പിലാക്കിയ കെ.എഫ്.ഡബ്ല്യു സോയിൽ പ്രൊജക്റ്റ് എന്ന പേരിൽ നടപ്പിലാക്കിയ സമഗ്ര നീർത്തട വികസന പദ്ധതി പൂർത്തിയായിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ആണ് പഠന വിലയിരുത്തൽ നടത്തിയത്. പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചും ഗുണഭോക്താക്കളുമായി സംവദിച്ചും രേഖകൾ പരിശോധിച്ചും ആണ് പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങൾ, ഫലങ്ങൾ എന്നിവ പഠനസംഘം മനസ്സിലാക്കിയത്. കൂടാതെ നീർത്തട വികസന സമിതിയുമായും പദ്ധതി നിർവ്വഹണ ഏജൻസിയായ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തകരുമായും ടീം അംഗങ്ങൾ ചർച്ച നടത്തുകയുണ്ടായി. പഠനത്തിൽ കഴിഞ്ഞ നാല് വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ജല മണ്ണ് സംരക്ഷണ സാധ്യമായി എന്നും കാർഷിക വിളകളുടെ ഉത്പാദനം മെച്ചപ്പെട്ടുവെന്നും അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിച്ചുവെന്നും ടീം കണ്ടെത്തി. കൂടാതെ നീർത്തട സമൂഹവും നീർത്തട വികസന സമിതിയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വളരെ മാതൃകാപരമായിട്ടാണ് ഈ പദ്ധതി പൂർത്തിയാക്കിയത് എന്ന് പഠനടീം അഭിപ്രായപ്പെട്ടു. പഠന വിലയിരുത്തൽ പ്രക്രിയക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ, അഗ്രോണമിസ്റ്റ് ബിജു കെ. ജെ, കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**പങ്കെടുത്തു**

യു.എൻ വിമൺ, ബിന്ദി ഇന്റർനാഷണൽ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, സംസ്ഥാന വനിതാ ശിശു ക്ഷേമ വകുപ്പ് ന്നെിവയുടെ നേതൃത്വത്തിൽ കേരളത്തിൽ വയനാട്, ഇടുക്കി ജില്ലകളിൽ കോവിഡാനന്തിരം സ്ത്രീകളുടെ ആരോഗ്യത്തിൽ വന്ന ആരോഗ്യപ്രശ്നങ്ങൾ പഠിക്കുക, ഇതുമൂലം ഉണ്ടായ സാമ്പത്തിക നഷ്ടം മനസ്സിലാക്കുക, തൊഴിലാളികളുടെ മൗലികാവകാശങ്ങൾ നേടിയെടുക്കുക, തൊഴിൽ ഇടങ്ങളിൽ സുരക്ഷ ഉറപ്പു വരുത്തുക, സ്ത്രീകളുടെ നേരെ നടക്കുന്ന അതിക്രമങ്ങൾ തടയുക, പ്രത്യേകിച്ച് ഗാർഹികപീഡനം അവസാനിപ്പിക്കുക എന്നിവയിലൂടെ സുഗന്ധവ്യഞ്ജന തോട്ടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകളുടെ ആരോഗ്യം, ക്ഷേമം, സുരക്ഷ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി ജയ്പൂരിൽ വച്ച് നടത്തിയ പദ്ധതി രൂപീകരണ ശിൽപ്പ

ശാലയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയെ പ്രതിനിധീകരിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി. എ എന്നിവർ പങ്കെടുത്തു.

**സ്ത്രീകളുടെ ആരോഗ്യം, ക്ഷേമം, സുരക്ഷ എന്നിവ ഉറപ്പു വരുത്തുന്നതിന് ഉള്ള പദ്ധതിയുടെ ഭാഗമായി ശിൽപ്പശാല നടത്തി**

കേരളത്തിലെ സുഗന്ധവ്യഞ്ജന തോട്ടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ആരോഗ്യം, ക്ഷേമം, സുരക്ഷ ലക്ഷ്യം വെച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു ശിൽപ്പശാല സംഘടിപ്പിച്ചു. സുഗന്ധവ്യഞ്ജന തോട്ടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ആരോഗ്യം, സുരക്ഷ, ക്ഷേമം, എന്നിവ മെച്ചപ്പെട്ട രീതിയിൽ തിരികെ കൊണ്ടു വരിക എന്ന പദ്ധതിയുടെ ഭാഗമായിട്ടാണ് ഈ ശിൽപ്പശാല സംഘടിപ്പിച്ചത്. യു. എൻ വുമൺ, സ്പൈസസ് ബോർഡ് ഓഫ് ഇന്ത്യ, ദി ജെൻഡർ പാർക്ക്, സംസ്ഥാന വനിതാ ശിശു ക്ഷേമ വകുപ്പ് എന്നിവരുടെ പിന്തുണയോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

സുഗന്ധവ്യഞ്ജന തോട്ടങ്ങളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്കിടയിൽ അവരുടെ അവകാശങ്ങളെ കുറിച്ച് അവബോധം വളർത്തുക, ഒരു പിന്തുണാ ശൃംഖല സൃഷ്ടിക്കുക, സർക്കാർ വകുപ്പുകൾ, നിയമ നിർവ്വഹണ ഏജൻസികൾ, സർക്കാരിതര സംഘടനകൾ, കുടുംബശ്രീ, സ്വാശ്രയ സംഘങ്ങൾ എന്നിവയുൾപ്പെടെ വിവിധ പങ്കാളികളെ ഒന്നിപ്പിക്കുക എന്നിവയാണ് പദ്ധതി ലക്ഷ്യമിടുന്നത്. സുഗന്ധവ്യഞ്ജന തോട്ടങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതി കൊണ്ട് ശ്രമിക്കുന്നത്.

വയനാട് സോഷ്യൽ സർവ്വീസ് ഓഡിറ്റോറിയത്തിൽ വെച്ച് നടന്ന ശിൽപ്പശാല മുൻ പട്ടികജാതി പട്ടികവർഗ്ഗ, യുവജനക്ഷേമവകുപ്പ് മന്ത്രി ശ്രീമതി പി.കെ ജയലക്ഷ്മി ഉദ്ഘാടനം ചെയ്തു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ അദ്ധ്യക്ഷത വഹിച്ചു. മാനന്തവാടി മുൻസിപ്പൽ കൗൺസിലർ ആലീസ് സിസിൽ ഈ പ്രൊജക്റ്റിന്റെ ഭാഗമായി തയ്യാറാക്കിയ തീം ഗാനം പ്രകാശനം ചെയ്തു. ശ്രീമതി പി.കെ ജയലക്ഷ്മി അംഗങ്ങളെ കൊണ്ട് പ്രതിജ്ഞ എടുപ്പിച്ചു. കൃഷി

ഓഫീസർ അനു ജോസഫ്, കേരള ലേബർ മൂവ്മെന്റ് രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ എന്നിവർ ആശംസകൾ അർപ്പിച്ചു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, പദ്ധതി വിശദീകരണം നടത്തി. ഇതോടൊന്നിച്ചു സുഗന്ധ വ്യഞ്ജന തോട്ടങ്ങളിൽ പണിയെടുക്കുന്ന സ്ത്രീകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്ന വിഷയത്തിൽ നീതിവേദി ഡയറക്ടർ അഡ്വ. സിസ്റ്റർ ജോമോൾ ജോയിയും സ്ത്രീകളുടെ ആരോഗ്യം, ക്ഷേമം, സുരക്ഷ എന്നിവ മെച്ചപ്പെട്ട രീതിയിൽ എങ്ങനെ തിരികെ കൊണ്ടുവരാം എന്ന വിഷയത്തിൽ ജനസൗഖ്യ കൗൺസിലർ സിസ്റ്റർ റെജിൻ MSMI എന്നിവർ ക്ലാസുകൾ എടുത്തു. കൂടാതെ വീഡിയോ പ്രദർശനവും നടത്തി. പരിപാടിക്ക് പ്രൊജക്റ്റ് കോഡിനേറ്റർ റോബിൻ ജോസഫ്, പ്രൊജക്റ്റ് ടീം അംഗങ്ങളായ ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ബിൻസി വർഗ്ഗീസ്, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**
**മാസ മീറ്റിംഗുകൾ /സെമിനാറുകൾ**

ഒഴുക്കന്മൂല, കുറുമണി, കാരക്കാമല, കോട്ടത്തറ, കമ്മന, ആറാട്ടുത്തറ, എടയൂർക്കുന്ന്, കണിയാരം, ഒണ്ടയങ്ങാടി, കണിയാമ്പറ്റ, ചെറുകാട്ടൂർ, പടമല, പയ്യംപ്പള്ളി, ആലാറ്റിൽ, അരിഞ്ചേർമല, പോരൂർ, പാറത്തോട്ടം, തലപ്പുഴ, വലിയകൊല്ലി, യവനാർകുളം, ശശിമല, പട്ടാണികൂപ്പ്, പാടിച്ചിറ, അമരക്കുനി, ആടിക്കൊല്ലി, സീതാമൗണ്ട്, എന്നീ യൂണിറ്റുകളിൽ മാസ മീറ്റിംഗുകൾ/സെമിനാറുകൾ നടത്തി.

അരിഞ്ചേർമലയിൽ യൂണിറ്റ് ഡയറക്ടർ ഫാ. ജോസ് തേക്കനാടി അദ്ധ്യക്ഷത വഹിച്ചു. സീതാമൗണ്ട് ഫാ. മാത്യു കറുത്തേടത്ത്, സി. മെറീന എന്നിവരുടെ നേതൃത്വത്തിലായിരുന്നു യൂണിറ്റ് മീറ്റിംഗ്. കമ്മന യൂണിറ്റിൽ ഫാ. ജെയ്സ് ചെട്ടിയാശ്ശേരി, പയ്യംപള്ളി യൂണിറ്റിൽ ഫാ. ലൈജു എന്നിവരും കണിയാരത്ത് സിസ്റ്റർ റെജിൻ MSMI നേതൃത്വം നൽകി. കൂടാതെ റീജിയണൽ കോ-ഓഡിനേറ്റർമാരായ ആലീസ് സിസിൽ, ഷീന ആന്റണി, റ്റുബിൻ ജിപ്സൺ, ജിനി ഷിനി എന്നിവർ മീറ്റിംഗുകൾക്ക് നേതൃത്വം നൽകി.

**ക്രിസ്തുമസ്സ് ആഘോഷം**

കല്ലോടി യൂണിറ്റിൽ ക്രിസ്തുമസ്സ് ആഘോഷം അസിസ്റ്റന്റ് വികാരി ഫാ. അഖിൽ ഉപ്പുവീട്ടിൽ ഉദ്ഘാടനം ചെയ്തു. സംഘാംഗങ്ങൾക്കായി കരോൾഗാന മത്സരം നടത്തി. മംഗലശ്ശേരിയിലും പട്ടാണികൂപ്പിലും

കേക്ക് മുറിച്ച് ക്രിസ്തുമസ് ആഘോഷിച്ചു. കമ്മനയിൽ ഫാ. ജെയ്സിന്റെയും പയ്യംപള്ളി ഫാ. ലൈജുവിന്റെയും നേതൃത്വത്തിൽ ക്രിസ്തുമസിന്റെ വിവിധ പരിപാടികൾ നടത്തുകയും കേക്ക് മുറിക്കുകയും ചെയ്തു.

**സ്വാശ്രയസംഘങ്ങൾ രൂപീകരണം**

തലപ്പുഴ, ചീപ്പാട്, പുതുശ്ശേരിക്കടവ്, പടിഞ്ഞാറത്തറ, കുപ്പാടിത്തറ, വെട്ടിക്കകവല, കബനിഗിരി, ക്ലബ്കുന്ന്, ബാവലി, ദ്വാരക എന്നിവിടങ്ങളിൽ പുതിയ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ചു.

**സോപ്പ് ഉത്പ്പന്നങ്ങളുടെ നിർമ്മാണ പരിശീലനം**

പ്രശാന്തിഗിരി, ചുങ്കക്കുന്ന്, പട്ടാണികൂപ്പ്, ആറാട്ടുത്തറ എന്നിവിടങ്ങളിൽ മാതൃവേദിയുമായി സഹകരിച്ച് സോപ്പ്, സോപ്പ് ഉത്പ്പന്നങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പരിശീലനങ്ങൾ നടത്തി. കാട്ടിക്കുളം ഹയർ സെക്കണ്ടറി സ്കൂളിലെ അദ്ധ്യാപകർക്കും കുട്ടികൾക്കും വേണ്ടി പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിശീലനങ്ങൾക്ക് ആലീസ് സിസിൽ, റ്റുബിൻ ജിപ്സൺ, ഷീന ആന്റണി, ജിനി ഷിനു എന്നിവരുടെ നേതൃത്വം ഉണ്ടായിരുന്നു.

**ആശാകിരണം**

പട്ടാണിക്കൂപ്പ് സോഷ്യൽ വെൽഫയർ സൊസൈറ്റിയുടെ നേതൃത്വത്തിൽ ആശാകിരണം പദ്ധതിയുടെ ഭാഗമായി വസ്ത്രങ്ങൾ ശേഖരിക്കുകയും ഡ്രസ്സ് ബാങ്കിൽ ക്രമീകരിക്കുകയും ചെയ്തു. യവനാർകുളം, പാറത്തോട്ടം, സീതാമൗണ്ട്, എന്നീ യൂണിറ്റുകളിൽ ബ്രെസ്റ്റ് ക്യാൻസറിനെ കുറിച്ച് ബോധവത്ക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കുകയും ചെയ്തു.

**തുല്യ ബാധ്യതാ സംഘം രൂപീകരണം**

ഇല്ലത്തുമൂല, ക്ലബ്കുന്ന്, എന്നിവിടങ്ങളിൽ പുതുതായി തുല്യ ബാധ്യതാ സംഘങ്ങൾ രൂപീകരിച്ചു.

**ആട് വിതരണം**

എടയൂർക്കുന്ന്, കണിയാമ്പറ്റ എന്നീ യൂണിറ്റുകളിൽ കോ-ഓർഡിനേറ്റർ ആലീസ് സിസിലിന്റെ നേതൃത്വത്തിൽ ആട് വിതരണം നടത്തി.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

# ജീവസ് & കെ. എൽ. എം
(Department for Labour and Welfare - Diocese of Mananthavady)

**ജീവസ് കെ.എൽ.എം പ്രവർത്തനങ്ങൾ**

'സുരക്ഷിത കുടുംബം സംരക്ഷിത ഇടവക' എന്ന ലക്ഷ്യം മുൻനിർത്തി എല്ലാവർക്കും പെൻഷൻ എല്ലാവർക്കും ഇൻഷുറൻസ് ലഭ്യമാക്കുക എന്ന പ്രവർത്തനം പുരോഗമിക്കുന്നു. ഇതിനായി വിവിധ ക്ഷേമനിധികളും കേന്ദ്ര സർക്കാർ നടപ്പിലാക്കിയിരിക്കുന്ന സാമൂഹ്യ സുരക്ഷാ ഇൻഷൂറൻസുകളും പ്രയോജനപ്പെടുത്തി കൊണ്ടാണ് പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നത്.

**ഇടവകാ സെമിനാറുകൾ**

സുരക്ഷാ ക്യാമ്പുകൾ സംഘടിപ്പിക്കുന്നതിന് മുന്നോടിയായി ഇടവകകളിൽ സെമിനാറുകൾ നടന്നു വരുന്നു.

മുതിരേരി, കുഞ്ഞോം, ദീപ്തിഗിരി, കത്തീഡ്രൽ എന്നിവിടങ്ങളിൽ നടന്ന സെമിനാറുകൾ യഥാക്രമം ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ, ഫാ. ബെന്നി മുതിരക്കാലായിൽ, ഫാ. ചാണ്ടി പുനക്കാട്ട്, ഫാ. സോണി വാഴക്കാട്ട് എന്നിവർ ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ സെമിനാർ നയിച്ചു.

സെന്റ് മാർട്ടിൻസ് അമ്പലവയൽ ഇടവകയിലെ സെമിനാർ ഫാ. ചാക്കോച്ചൻ മേപ്പുറത്ത് ഉദ്ഘാടനം ചെയ്തു. കെ. എൽ. എം രൂപതാ ടീം അംഗം ശ്രീ. ബിജു അരീക്കാട്ട് സെമിനാർ നയിച്ചു.

**ഫൊറോന വൈദിക സമ്മേളനം**

ബത്തേരി ഫൊറോന വൈദീക സമ്മേളനത്തിൽ ജീവസ് കെ. എൽ. എം പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനെ കുറിച്ച് ചർച്ച നടന്നു. ഫാ. ജോസ് പരുവുമ്മൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനത്തിൽ സെബാസ്റ്റ്യൻ പാലംപറമ്പിൽ വിഷയാവതരണം നടത്തി. എല്ലാ ഇടവകകളിലും പാരീഷ് കോഡിനേറ്റർമാരെ നിയമിക്കാൻ തീരുമാനിച്ചു.

**പാരീഷ് കോ-ഓഡിനേറ്റേഴ്സ്**

എല്ലാ ഇടവകകളിൽ നിന്നും കോഡിനേറ്റർമാരെ തിരഞ്ഞെടുത്തുവരുന്നു. ഇവർക്കുള്ള പരിശീലനം ഈ മാസം നൽകുന്നതാണ്.

**വനിതാ സെമിനാർ**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി സംഘടിപ്പിച്ച വനിതാ സെമിനാറിൽ കുടുംബസുരക്ഷയേയും സാമൂഹ്യ സുരക്ഷാ പദ്ധതികളെയും കുറിച്ച് ക്ലാസ്സ് നൽകി.

**കുടുംബകൂട്ടായ്മ - നേതൃസംഗമം**

ദ്വാരക ഫൊറോനയിലെ ഇടവകകളിൽ നിന്നുള്ള കുടുംബ കൂട്ടായ്മ, ലീഡേഴ്സ് നേതൃസംഗമം നടത്തി. ഫൊറോന ഡയറക്ടർ ഫാ. മാത്യു മൂത്തേടത്ത് സംഗമം ഉദ്ഘാടനം ചെയ്തു. കുടുംബ കൂട്ടായ്മ രൂപതാ ഡയറക്ടർ ഫാ. ജോജോ കുടക്കച്ചിറ കുടുംബ കൂട്ടായ്മശാക്തീകരണം എന്ന വിഷയത്തിലും സെബാസ്റ്റ്യൻ പാലംപറമ്പിൽ ജീവസ് & കെ. എൽ. എം നടപ്പിലാക്കി വരുന്ന സുരക്ഷാ പദ്ധതികളെ കുറിച്ചും ക്ലാസുകൾ നയിച്ചു. ഫൊറോന സെക്രട്ടറി തോമസ് മാസ്റ്റർ കൃതജ്ഞതാ പ്രസംഗം നടത്തി.

**രജിസ്ട്രേഷൻ**

സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയന്റെ നേതൃത്വത്തിൽ 28-11-2023 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ പുതിയ രജിസ്ട്രേ ഷൻ നടന്നു.

**പെൻഷൻ**

തയ്യൽ തൊഴിലാളി ക്ഷേമനിധിയിൽ അംഗത്വമെടുത്ത രണ്ട് വ്യക്തികൾക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് സമർപ്പിച്ച അപേക്ഷ പ്രകാരം പെൻഷൻ പാസ്സായി.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ ചേർന്ന 28 പേർക്ക് 60 വയസ്സ് പൂർത്തിയായതിനെ തുടർന്ന് ആനുകൂല്യം ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചു.

സ്വാവലംബൻ അംഗങ്ങളുടെ 2023-24 ലെ പുതുക്കൽ നടപടി 50% പൂർത്തിയായി. ജനുവരി 30 നുള്ളിൽ പുതുക്കൽ തുക അടയ്ക്കു വാൻ ശ്രദ്ധിക്കുമല്ലോ.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

**ആമുഖം**

സാമൂഹികവും, സാംസ്കാരികവും, സാമ്പത്തികവുമായ അന്ധകാരത്തിൽനിന്നും ആളുകളുടെ ജീവിതത്തെ പ്രകാശത്തിലേക്ക് നയിക്കുവാനുതകുന്ന തരത്തിൽ സാമൂഹികക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാനും അതുവഴി അനേകം ആളുകളുടെ ജീവിതത്തിന് പ്രത്യാശപകരുവാനും നീലഗിരി ഡെവലപ്പ് മെന്റ് സൊസൈറ്റിക്ക് അതിന്റെ വ്യത്യസ്തയും തനിമയുമുള്ള പ്രവർത്തനങ്ങളിലൂടെ സാധിക്കുന്നു.

**1. NABARD JOINT LIABILITY GROUP FORMATION (JLG)**

LPG ഗ്രൂപ്പുകളുടെ രൂപീകരണം: നീലഗിരി ഡെവലപ്മെന്റ് സെസൈറ്റിയുടെ ആഭിമുഖ്യത്തിൽ നബാർഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ JLG) രൂപീകരണവുമായി ബന്ധപ്പെട്ട് കൊളപ്പള്ളി, എരുമാട്, ചേരമ്പാടി പ്രദേശങ്ങളിലെ കാനറാ ബാങ്കുകളിൽനിന്നും JLG രൂപീകരിക്കുന്നതിന് ധാരണയായി. 4% പലിശ നിരക്കിലായിരിക്കും ഗ്രൂപ്പുകൾക്ക് ലോൺ നല്കുക.

**FIELD VISIT:** Joint Liability Group കളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് ജൂഡ് മാർട്ടിൻ കയ്യൂന്നി, ചേരമ്പാടി, എരുമാട്, പനംചിറ, കൽപ്ര, കുന്നലാടി പ്രദേശങ്ങളിൽ പോവുകയും യുണിറ്റ് ഭാരവഹികളെയും, അംഗങ്ങളെയും കാണുകയും ഗ്രൂപ്പുകളുടെ രുപീകരണത്തിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യുകയും ചെയ്തു.

**2. NABARD LEDP PROGRAMME**

നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കികൊണ്ടിരിക്കുന്ന LEDP പ്രോഗ്രാമിന്റെ ഭാഗമായി ആടുവളർത്തൽ പദ്ധതിയുടെ ഗുണദോക്താക്കളുടെ നേതൃത്വത്തിൽ വിവിധ ബാങ്കുകളിൽ നിന്നുമായി PMEGP സ്കീമിലൂടെ എടുത്ത 97 ലോണുകളുടെ തിരിച്ചടവ് കൃത്യമായി നടത്തിവരുന്നു.

**3. NABARD WATERSHED DEVELOPMENT PROGRAMME**

Watershed Area Exposure Visit: നബാർഡിന്റെ സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി കഴിഞ്ഞ 15 വർഷമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന മട്ടിലയം Watershed ഏരിയ NDS സ്റ്റാഫഗംങ്ങൾ ഡയറക്ടർ ബിനോയി അച്ചന്റെയും അസി. ഡയറക്ടർ അനൂപ് അച്ചന്റെയും നേതൃത്വത്തിൽ സന്ദർശിക്കുകയും, വിജയകരമായി നടപ്പിലാക്കിയ ഈ പ്രോജക്ടിലെ വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ നേരിട്ട് കാണുകയും, അവയെക്കുറിച്ച് പഠിക്കുകയും, സംശയങ്ങൾ ദൂരീകരിക്കുകയും ചെയ്തു. WSSS സ്റ്റാഫഗംങ്ങളായ ശ്രീ. ജോസ് സാറും, ദീപുവും പരിപാടിക്ക് നേതൃത്വം നല്കി.

**Watershed Area Identification:** നബാർഡിന്റെ സഹായത്തോടെ NDS നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന Watershed Development Programme ന്റെ Project Implementation Area 2023 ഡിസംബർ 2ന് NDS ഡയറക്ടർ ബിനോയി കാശാംകുറ്റിയിൽ അച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫഗംങ്ങൾ നെല്ലാക്കോട്ട, ചേരംകോട് പഞ്ചായത്തുകളിലായി സ്ഥിതിചെയ്യുന്ന മുന്നനാട് I & II വാർഡുകളിൽ സന്ദർശനം നടത്തുകയും, സ്ഥലം അടയാളപ്പെടുത്തുകയും ചെയ്തു. NDS കൽപ്ര യൂണിറ്റ് ഭാരവാഹികളായ ജോസഫ് കളപ്പുരയ്ക്കലും, കോഡിനേറ്റർ ലൂസി ആന്റണിയും, വാർഡ് മെംമ്പർ അനീഷ് ഏറത്തേൽ എന്നിവർ പരിപാടികർക്ക് നേതൃത്വം വഹിച്ചു.

07.12.2023 ന് NABARD Watershed പ്രോഗ്രാമിനുള്ള NOC ലഭിക്കുന്നതുമായി ബന്ധപ്പെട്ട് NDS സ്റ്റാഫ് അംഗം ജൂഡ് മാർട്ടിൻ ഊട്ടിയിലുള്ള ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ സന്ദർശനം നടത്തുകയും അപേക്ഷ സമർപ്പിക്കുകയും ചെയ്തു.

15.12.2023 ന് ഗൂഢല്ലൂർ ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റ് ഓഫീസിൽനിന്നും ശ്രീ. വിനോദ് Watershed Area സന്ദർശിക്കുകയും, നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ച് ചർച്ച ചെയ്ത്, റിപ്പോർട്ട് ഹോർട്ടികൾച്ചർ ഡിപ്പാർട്ട്മെന്റ് ഓഫീസിൽ സമർപ്പിക്കുകയും ചെയ്തു.

**4. NABARD - OFFD "Home Health Aide" കോഴ്സ്**

നബാർഡിന്റെ സഹായത്തോടുംകൂടി പുതുവർഷത്തിൽ NDS നടപ്പിലാക്കുവാൻ പോകുന്ന 2 മാസത്തെ പരിശീലന പരി

പാടിയായ 'Home Health Aide" എന്ന കോഴ്സിന് 07.12.2023 ന് നബാർഡിന്റെ അംഗീകാരം ലഭിച്ചു. ഇപ്പോൾ NDS ന്റെ നേതൃത്വ ത്തിൽ ഈ കോഴ്സിലേക്കുള്ള അപേക്ഷകൾ വിവിധ യൂണിറ്റുകളിൽ നിന്നും സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

**5. SAVE A FAMILY PROGRAMME - FIELD VISIT AND DATA COLLECTION**

NDS ന്റെ ഭാഗമായി നടപ്പിലാക്കുവാനിരിക്കുന്ന SAFP - INDIA പ്രോഗ്രാമിന്റെ ഭാഗമായി NDS ന്റെ നേതൃത്വത്തിൽ ശേഖരിച്ച 212 പേരുടെ പേര് വിവരങ്ങളും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിലേക്ക് അയച്ചുകൊടുത്തു.

**6. SAVE A FAMILY PROGRAMME – ഭവന നിർമ്മാണ പദ്ധതി**

08.12.2023 ന് പ്രോജക്ട് കോഡിനേറ്റർ ജോഷി ടി. പി, NDS ന്റെ ഭാഗമായി നടപ്പിലാക്കുവാനിരിക്കുന്ന SAFP - INDIA. പ്രോഗ്രാമിന്റെ ഭാഗമായുള്ള ഭവനനിർമ്മാണ പദ്ധതിയിലേക്ക് ലഭിച്ച 8 അപേക്ഷ കരുടെയും വീടുകൾ സന്ദർശിച്ച് വിവരശേഖരണം നടത്തുകയും, ഫോട്ടോ എടുക്കുകയും ചെയ്തു. ശേഖരിച്ച മുഴുവൻ വിവരങ്ങളും, ഫോട്ടോയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ എത്തിക്കുകയും ചെയ്തു.

**7. സമൃദ്ധ കുടുംബം പദ്ധതി – Phase II**

സാമ്പത്തികമായി പിന്നോട്ടു നില്ക്കുന്ന കുടുംബങ്ങളെയും, വിധവകളുടെ കുടുംബങ്ങളെയും സാമ്പത്തികമായി ഉയർത്തുന്ന തിന്റെ ഭാഗമായി മാനന്തവാടി രൂപതയുടെയും, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെയും ആഭിമുഖ്യത്തിൽ നടപ്പി ലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്കുള്ള അപേക്ഷകൾ യോഗ്യരായവരിൽ നിന്നും സ്വീകരിച്ചു. ആകെ 24 അപേക്ഷകളാണ് ലഭിച്ചിരിക്കുന്നത്.

**8. Audit Reforms : സെക്രട്ടറിമാർക്കുള്ള പരിശീലനം**

19.11.2023 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 2.00 മണിമുതൽ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ഓഡിറ്റോറിയത്തിൽവെച്ച് നീല രിരി റീജിയണിലെ വികാരിയച്ചന്മാർക്കും, സെക്രട്ടറിമാർക്കുമുള്ള ഒരു പരിശീലന പരിപാടി നടത്തുകയുണ്ടായി. മാനന്തവാടി രൂപതാ ബിഷപ്പ് മാർ ജോസ് പൊരുന്നേടം യോഗത്തിന് അദ്ധ്യക്ഷത വഹിച്ചു. രൂപതാ പ്രൊക്യുറേറ്റർ ഫാ. ജോസ് കൊച്ചറയ്ക്കൽ യോഗത്തിന് സന്നിഹിതനായിരുന്നു. കാലാകാലങ്ങളിൽ സ്ഥാപനങ്ങളുടെ

കണക്കുകളുമായി ബന്ധപ്പെട്ട് സൊസൈറ്റിയുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ വരുന്ന പരിഷ്ക്കരണങ്ങളെക്കുറിച്ചും, സൊസൈറ്റികളുടെ പരിപാലനവുമായി ബന്ധപ്പെട്ടുള്ള 80G, 12A സർട്ടിഫിക്കേഷനുകളിൽ വരുന്ന മാറ്റങ്ങളെക്കുറിച്ചുമെല്ലാം സീനിയർ ഓഡിറ്ററും, ചാർട്ടേഡ് അക്കൗണ്ടന്റുമായ ജോൺ മാത്യു സാർ ക്ലാസ്സ് നയിച്ചു. നീലഗിരി റീജിയണൽ ഡയറക്ടർ ഫാ. ജോൺ പൊൻപ്പാറയ്ക്കൽ സ്വാഗതവും, NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ നന്ദിയും പറഞ്ഞു.

**9. STAFF MEETING**

നവംബർ മാസം 20, 27 തീയതികളിലും ഡിസംബർ മാസം 04, 17 തീയതികളിലും രാവിലെ 9:30 ന് NDS ഡയറക്ടർ ബിനോയ് അച്ചന്റെ നേതൃത്വത്തിൽ സ്റ്റാഫ് മീറ്റിംഗ് നടത്തി. NDS അസിസ്റ്റന്റ് ഡയറക്ർ ഫാ. അനൂപ് സ്റ്റാഫ് അംഗങ്ങളായ ജുഡ് മാർട്ടിൻ, ജോഷി, സി. സിജി CMC എന്നിവരും മീറ്റിംഗിൽ പങ്കെടുത്തു. ഓരോ ആഴ്ചയിലെയും പ്രവർത്തനങ്ങളെ വിലയിരുത്തുകയും അവയുടെ വിശദാംശങ്ങൾ ചർച്ചചെയ്യുകയും ചെയ്തു. തുടർന്ന് അതാത് ആഴ്ചകളിൽ നടപ്പിലാക്കേണ്ട വിവിധ കർമ്മപദ്ധതികൾ തയ്യാറാക്കുകയും ചെയ്തു.

**10. മേഖല ഇവാലുവേഷൻ മീറ്റിംഗ്**

ഡിസംബർ മാസം 9-ാം തീയതി ശനിയാഴ്ച രാവിലെ 10.30 മുതൽ ഈ മാസത്തെ ഇവാലൂവേഷൻ മീറ്റിംഗ് മേഖല ഓഫീസിൽ വച്ച് നടത്തപ്പെടുകയുണ്ടായി. മീറ്റിങ്ങിന് NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ നേതൃത്വം നല്കി. പനംചിറ, കയ്യൂന്നി, കൽപ്ര, ധർമ്മഗിരി, ബോസ്പാറ, പെരിയശാല യൂണിറ്റുകളിൽ നിന്നും കടന്നുവന്ന പ്രതിനിധികൾ യൂണിറ്റിന്റെ കഴിഞ്ഞ രണ്ടുമാസത്തെ പ്രവർത്തന റിപ്പോർട്ടും കണക്കും അവതരിപ്പിച്ചു. NDS പ്രോജക്ട് കോഡിനേറ്റർ ജോഷി, മേഖലയുടെ കഴിഞ്ഞ രണ്ട് മാസങ്ങളിലെ റിപ്പോർട്ട് അവതരിപ്പിച്ചു. തുടർന്ന് പൊതുവായ ചർച്ച നടത്തി. നന്ദിയോട്കൂടി മീറ്റിംഗ് അവസാനിപ്പിച്ചു.

**11. NDS സൊസൈറ്റി രജിസ്ട്രേഷൻ പുതുക്കൽ**

നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റിയുടെ 2022-23 വർഷത്തെ രജിസ്ട്രേഷൻ പുതുക്കുന്നതിനുവേണ്ടി, ജോഷി

ഊട്ടിയിലുള്ള രജിസ്ട്രേഷൻ ഓഫീസിൽ പോവുകയും രജിസ്ട്രേഷന്റെ പണികൾ പൂർത്തിയാക്കുകയും ചെയ്തു.

**12. യൂണിറ്റ് ഓഡിറ്റിംഗ്**

16.12.2023 ശനിയാഴ്ച ബോസ്പാറ യൂണിറ്റിലെ ക്രഡിറ്റ് യൂണിയന്റെ ഓഡിറ്റിംഗ് ബോസ്പാറ യൂണിറ്റിൽ വെച്ച് നടത്തപ്പെടുകയുണ്ടായി. ഓഡിറ്റിംഗിന് NDS പ്രോജക്ട് കോഡിനേറ്റർ ജോഷി, യൂണിറ്റ് സി.ഒ സോളി എന്നിവർ നേതൃത്വം നല്കി. ഓഡിറ്റിംഗിന് ശേഷം പുതിയതായി കോഡിനേറ്ററായി ഉത്തരവാദിത്വം ഏറ്റെടുക്കുന്ന നിഷക്ക് ഓഫീസ് ഫയലുകളും, റെക്കോർഡ് ബുക്കുകളും കൈമാറുകയും ചെയ്തു.

**ഫാ. ബിനോയ് കാശാംകുറ്റിയിൽ**
ഡയറക്ടർ, NDS

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവ കൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണന ത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവ കൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർ ഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവ സുസ്ഥിര മാനദണ്ഡപ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃ ഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർ ത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവി നിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങ ളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (FCH) ബന്ധപ്പെടാവുന്നതാണ്.

**കർഷക സെമിനാറുകൾ സംഘടിപ്പിച്ചു**

ഫെയർട്രേഡ്, ഓർഗാനിക് മാനദണ്ഡങ്ങൾ, ഉത്പന്ന സംഭരണം സംസ്കരണം-വിപണനം എന്നീ വിഷയങ്ങളെ ആസ്പദമാക്കി വടക്കനാട്, കല്ലൂർ, കുടുക്കി, താഴെത്തോട്, നമ്പിയാർകുന്ന്, വെണ്ണിയോട് എന്നിവിടങ്ങളിൽ വച്ച് കർഷക സെമിനാറുകൾ സംഘടിപ്പിച്ചു. മുന്നൂറോളം കർഷകർ പങ്കെടുത്ത യോഗങ്ങളിൽ ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ, പർച്ചേസ് മാനേജർ ശ്രീ. ഷാജി ജോസ് എന്നിവർ പങ്കെടുക്കുകയും എ. ഇ. ഓ മാരായ ശ്രീമതി. ജിൻസി, ശ്രീമതി മിനി, ശ്രീമതി സോണിയ

എന്നിവർ നേതൃത്വം നൽകുകയും ചെയ്തു.

**കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിംങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റെർണൽ ഇൻസ്പെക്ഷൻ നടന്നു വരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാക്കുന്ന സുസ്ഥിര – ജൈവ മാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനു മായി നടത്തുന്ന ഇന്റെർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായ ത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയ ന്ത്രണത്തിൽ, തെരെഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റെർണൽ ഇൻസ് പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**കഫെ, വൊഫ സംഘടനകളുടെ പ്രത്യേക പൊതുയോഗം നടന്നു**

2023 നവംബർ 15, 16 തീയതികളിൽ യഥാക്രമം കഫെ, വൊഫ സംഘടനകളുടെ പ്രത്യേക പൊതുയോഗം നടന്നു.

WSSS ഓഡിറ്റോറിയത്തിൽ വച്ച് നടന്ന വൊഫ യോഗത്തിൽ വൊഫ ചെയർമാൻ അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ അധ്യക്ഷത വഹിക്കുകയും സെക്രട്ടറി ശ്രീ. സുനിൽ പാലമറ്റത്തിൽ സ്വാഗതമാ ശംസിക്കുകയും ചെയ്തു. ബയോവിൻ അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ മുഖ്യ പ്രഭാഷണം നടത്തി. ബൈലോ ഭേദഗതി, തറവില നിശ്ചയിക്കൽ, ഉത്പന്ന സംഭരണം, തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ആവശ്യമായ തീരുമാനങ്ങളെ ടുക്കുകയും യോഗം പിരിയുകയും ചെയ്തു.

കഫെ പ്രത്യേക പൊതു യോഗത്തിൽ ചെയർമാൻ ഫാ. ബിനു പൈനുങ്കൽ അധ്യക്ഷനാവുകയും, സെക്രട്ടറി ശ്രീ. കുര്യാച്ചൻ സി. വി സ്വാഗതമാശംസിക്കുകയും ചെയ്തു. കഫേ ഓഫീസ്

പന്തിപ്പൊയിൽ നിന്നും ദ്വാരകയിലേക്ക് മാറ്റുവാൻ യോഗം തീരുമാനിച്ചു. ബൈലോ ഭേദഗതി, തറവില നിശ്ചയിക്കൽ, ഉത്പന്ന സംഭരണം, തുടങ്ങിയ വിഷയങ്ങളെക്കുറിച്ച് ചർച്ച ചെയ്ത ആവശ്യമായ തീരുമാനങ്ങളെടുക്കുകയും യോഗം പിരിയുകയും ചെയ്തു.

**കാപ്പി ശാസ്ത്ര ശില്പശാലയിൽ പങ്കെടുത്തു**

ബാംഗ്ലൂർ വച്ച് കോഫിബോർഡ് സംഘടിപ്പിച്ച ഒരാഴ്ച നീണ്ടു നിന്ന കാപ്പി ശാസ്ത്ര ശില്പ ശാലയിൽ പ്രൊഡക്ഷൻ മാനേജർ ശ്രീ. ലൻസ് ഫിലിപ്, അസി. പർച്ചേസ് മാനേജർ ശ്രീ. ക്രിസ്റ്റി ബെന്നി, മാർക്കറ്റിംഗ് മാനേജർ ശ്രീ. തേജസ് എന്നിവർ പങ്കെടുത്തു.

**സംഭരണം**

നവംബർ മാസം കർഷകരിൽ നിന്നും ജൈവ - ഫെയർട്രേഡ് കാപ്പി കിലോയ്ക്ക് 133 രൂപ നിരക്കിൽ 9820 കിലോ സംഭരിച്ചു

**ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം)**

കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്ല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്ക്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

# കത്തോലിക്കാ കോൺഗ്രസ്സ് AKCC




സാമൂഹ്യ പെൻഷന് വേണ്ടി പിച്ചച്ചട്ടി എടുത്ത് സമരം ചെയ്ത മറിയാമ്മ ചേടത്തിയും, ബസ് വ്യവസായം തുടങ്ങി നിരത്തിൽ ഓടാൻ തുടങ്ങിയപ്പോൾ തടഞ്ഞ നിയമപാലകർക്കെതിരെ പോരാട്ടം നടത്തുന്ന റോബിൻ ബസുടമയും എല്ലാം അതിജീവന പോരാട്ട മാണ് നടത്തുക. എന്നാൽ പോരാട്ടം നടത്താനാവാതെ വീണ് പോയ കർഷകകർ  കഴിഞ്ഞ ഒരു മാസത്തിനിടയിൽ ഈ ലോകത്ത് നിന്ന് കടന്നുപോയി. നമ്മുടെ രൂപതയിൽ കല്ലോടി ഇടവകയിലും 87 വയസുള്ള മറിയക്കുട്ടി അമ്മാമ്മ വലിയൊരു പ്രതീകമാണ് പ്രതീ ക്ഷയാണ്. കേരളത്തിന്റെ ഒറ്റയാൻ പ്രതിപക്ഷമാണ് മറിയാമ്മ ചേടത്തി. പഴയതലമുറ നസ്രാണികളുടെ ചങ്കൂറ്റത്തിന്റെ പ്രതീകം. ഇന്നത്തെ നമ്മുടെ തലമുറ എവിടെ നിൽക്കുന്നു എന്ന് ആലോചി ക്കുന്നത് നല്ലതാണ്. മണ്ണിനോടും, മലയോടും മലമ്പാമ്പിനോടും മല്ലിട്ടവരുടെ പിൻമുറക്കാർ എല്ലാത്തിനോടും സുല്ലിട്ട് നാടുവിടുക യാണ്. ഒരു മൽസര പരീക്ഷ എഴുതാൻ പോലും ധൈര്യമില്ലാത്ത ഞാഞ്ഞൂലുകളായി നമ്മുടെ കുട്ടികൾ എങ്ങനെ മാറി എന്നു ചിന്തി ക്കുന്നത് നല്ലതായിരിക്കും. ജീവിതത്തിൽ ഉയരങ്ങൾ താണ്ടാൻ കഴി വുള്ള പലരും സായിപ്പിനു അടിമപ്പണി ചെയ്ത് കഴിയേണ്ടി വരുന്ന ഗതികേട് എങ്ങനെ വന്നു?നാട്ടിൽ കെട്ടും കിടക്കയും എടുത്തു വച്ച് നാപ്പതുലക്ഷം രൂപയുമടച്ച് മാനത്തോട്ടു നോക്കിയി രിക്കുന്നവരോട് ഒരു വാക്ക്. കേരള സർക്കാർ LDC ക്ക് PSC യിൽ അപേക്ഷ ക്ഷണിച്ചിരിക്കുകയാണ്. ഏതാണ്ട് 40000 വേക്കൻസി യുണ്ട്. അതിന്റെ 10% അതായത് 4000 എണ്ണം EWS സംവരണം ആണ്. നമ്മുടെ യുവതലമുറകൾ കണ്ണ് തുറന്നു കാണുകയും മനസുറ പ്പിച്ച് ഈ ജോലികൾക്ക് പരിശ്രമിക്കുകയും ചെയ്യേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ശബ്ദമില്ലാത്ത കർഷകർക്ക് വേണ്ടി ശബ്ദമുയർത്തണ്ടേ ? വന്യജീവികൾക്ക് ഉള്ള സംരക്ഷണ അവകാശത്തിനൊപ്പം സാധാ രണ മനുഷ്യന്റെ അവകാശങ്ങളും സംരക്ഷിക്കപ്പെടേണ്ടേ ?കേരള ത്തിനായി അർത്ഥവും അറിവും ഏകിയിട്ടും അവഗണിക്കപ്പെടുന്ന ക്രൈസ്തവ ന്യൂനപക്ഷത്തിന്റെ  ഉന്നമനത്തിനായി ജസ്റ്റിസ് ജെ. ബി

കോശി കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കണ്ടേ?തകരുന്ന കേരള ത്തിൽ ഉണരൂ പോരാട്ടത്തിനായി. കത്തോലിക്ക കോൺഗ്രസിന്റെ നേതൃത്വത്തിൽ 'അതിജീവന യാത്ര. 2023 ഡിസംബർ 11 മുതൽ 22 വരെ, കാസർഗോഡ് നിന്ന് തിരുവനന്തപുരത്തേക്ക്.

നമ്മുടെ രൂപതയിൽ ഡിസംബർ മാസം 13ന് അതിജീവന യാത്ര എത്തിച്ചേർന്നു. രൂപതയുടെ അഞ്ച് പ്രദേശങ്ങളിലായി ജാഥയ്ക്ക് സ്വീകരണം നൽകി. മാനന്തവാടി, പുൽപ്പള്ളി, നടവയൽ, കൽപ്പറ്റ , ബത്തേരി എന്നിവിടങ്ങളിലാണ് ജാഥയ്ക്ക് സ്വീകരണം നൽകിയത്. ഓരോ പ്രദേശങ്ങളിലെയും കത്തോലിക്കാ കോൺഗ്രസ് മേഖലാ സമിതിയുടെ നേതൃത്വത്തിലും, ഫൊറോനാ കൗൺസിലിന്റെയും, വിവിധ ഇടവകകളിൽ നിന്നുള്ള ഭക്തസംഘടനകളുടെയും, വ്യക്തി കളുടെയും സാന്നിധ്യവും, സഹകരണവും കൊണ്ട് ഈ പോരാട്ട ത്തിന് വീര്യം പകർന്നു.

**മാനന്തവാടി സ്വീകരണം**

ഡിസംബർ 13ന് രാവിലെ 9 മണിക്ക് അതിജീവന യാത്രയുടെ ഉദ്ഘാടനം മാനന്തവാടി രൂപതയുടെ അഭിവന്ദ്യ മെത്രാൻ മാർ ജോസ് പൊരുന്നേടം ഉദ്ഘാടനം ചെയ്തു. ജാഥാ ക്യാപ്റ്റൻ അഡ്വ .ബിജു പറയനിലം ആളുകളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. സ്വീകരണ സ്ഥലത്ത് കല്ലോടി, ദ്വാരക, മാനന്തവാടി, പയ്യമ്പള്ളി മേഖലകൾ നേതൃത്വം വഹിച്ചു. അഡ്വ. ഗ്ലാഡിസ് ചെറിയാൻ, ശ്രീ. ജിജോ മംഗലത്ത്, റെനിൽ കഴുതാടിയിൽ, രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, രൂപതാ പ്രസിഡണ്ട് ശ്രീ സാജു കെ പി, ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ എന്നിവർ സംസാ രിച്ചു.

**പുൽപ്പള്ളി സ്വീകരണ കേന്ദ്രം**

അതിജീവന യാത്രയുടെ പുൽപ്പള്ളി മേഖലയുടെ സ്വീകരണം കത്തോലിക്കാ കോൺഗ്രസ് മുള്ളൻകൊല്ലി മേഖലാസമിതി ഏറ്റെ ടുത്തു. അതിജീവന യാത്രയുടെ ഉദ്ഘാടനം മേഖലാ ഡയറക്ടർ ഫാ. ജെയിംസ് പുത്തൻപറമ്പിൽ നിർവ്വഹിച്ചു. മേഖലാ പ്രസിഡന്റ് തോമസ് പഴുക്കാല അധ്യക്ഷത വഹിച്ച യോഗത്തിൽ ജാഥാ ക്യാപ്റ്റൻ അഡ്വ. ബിജു പറയനിലം അഭിസംബോധന ചെയ്ത് സംസാരിച്ചു.

**നടവയൽ മേഖല സ്വീകരണ കേന്ദ്രം**

അതിജീവന യാത്രയുടെ നടവയൽ മേഖലാ സ്വീകരണ ത്തിൽ മാനന്തവാടി രൂപതയുടെ വികാരി ജനറൽ പെരി. ബഹു. ഫാ.

പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. മേഖല പ്രസിഡന്റ് ശ്രീ ജയിംസ് തൈപ്പറമ്പിൽ അധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ഫാ.ജോസ് കപ്യാരുമല, ശ്രീ. സജി ഇരട്ടമുണ്ടക്കൽ , ശ്രീ വിൻസെന്റ് ചേരവേലിൽ തുടങ്ങിയവർ സംസാരിച്ചു.

**കൽപ്പറ്റ മേഖലാ സ്വീകരണ കേന്ദ്രം**

കൽപ്പറ്റ മേഖലയിൽ നടന്ന സ്വീകരണ യോഗത്തിൽ രൂപത ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ഉദ്ഘാടനം ചെയ്തു. മുഖ്യപ്രഭാഷണം മേഖലാ ഡയറക്ടർ ഫാ. സണ്ണി കൊല്ലാർത്തോട്ടം നിർവഹിച്ചു. അഡ്വ. ബിജു പറയനിലം ജനങ്ങളെ അഭിസംബോധന ചെയ്ത് സംസാരിച്ചു. മേഖലാ പ്രസിഡണ്ട് ശ്രീ. സജി ഫിലിപ്പ് അധ്യക്ഷത വഹിച്ചു.

**ബത്തേരി മേഖലയിലെ സ്വീകരണ കേന്ദ്രം**

ബത്തേരി മേഖലയിലെ സ്വീകരണ കേന്ദ്രം അതിജീവന യാത്രയുടെ സമാപന വേദിയായിരുന്നു. ബത്തേരി അസംപ്ഷൻ പള്ളി പരിസരത്തു നിന്നും 500 ലധികം ആളുകൾ പങ്കെടുത്ത ജാഥ സ്വതന്ത്ര മൈതാനിയിൽ സമാപിച്ചു. മേഖലാ പ്രസിഡണ്ടും അതിജീവന യാത്രയുടെ റൂട്ട് ക്യാപ്റ്റനുമായ ശ്രീ. ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. സമാപന സമ്മേളനം ഉദ്ഘാടനം രൂപതാ ഡയറക്ടർ റവ. ഫാ. ജോബി മുക്കാട്ടുകാവുങ്കൽ നിർവഹിച്ചു. മേഖലാ ഡയറക്ടർ റവ. ഫാ. ജോസ് മേച്ചേരി മുഖ്യപ്രഭാഷണം നടത്തി. ജാഥാ ക്യാപ്റ്റൻ അഡ്വ . ബിജു പറയനിലം സമ്മേളന നഗരിയെ അഭിസംബോധന ചെയ്ത് സംസാരിച്ചു. ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ അതിജീവന യാത്രയുടെ സമാപന വേദിയിൽ നന്ദിയും അറിയിച്ചു. അതിജീവനത്തിന്റെ പോരാട്ടം കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത സമിതി വരും നാളുകളിൽ തുടരും എന്നും അതിജീവന യാത്ര മുന്നോട്ട് വെച്ച ലക്ഷ്യങ്ങൾ ഭരണ സംവിധാനം ഏറ്റെടുത്തില്ലെങ്കിൽ വലിയ പ്രക്ഷോഭ പരിപാടികളിലേക്ക് രൂപതാ സമിതി നേതൃത്വം വഹിക്കും എന്നും തീരുമാനിക്കപ്പെട്ടു.

**സെബാസ്റ്റ്യൻ പുരയ്ക്കൽ**
രൂപതാ ജനറൽ സെക്രട്ടറി

**കമ്മ്യൂണിറ്റി റേഡിയോ സമ്മേളനം**

കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലിയുടെ ആഭിമുഖ്യത്തിൽ കേരളത്തിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിറ്റി റേഡിയോകളുടെ സമ്മേളനം ഡിസംബർ 2 ന് നടത്തി. റേഡിയോ മാറ്റൊലിയിൽ വെച്ച് നടത്തിയ സമ്മേളനത്തിൽ കമ്മ്യൂണിറ്റി റേഡിയോ അസ്സോസിയേഷൻ ദേശീയ പ്രസിഡന്റ് ഡോ. ഹരി കുൽക്കർണി അദ്ധ്യക്ഷത വഹിച്ചു. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എച്ച്. ബി. പ്രദീപ് സമ്മേളനം ഉദ്ഘാടനം ചെയ്തു. കേരളത്തിലെ 18 കമ്മ്യൂണിറ്റി റേഡിയോകളിൽ നിന്നുള്ള പ്രതിനിധികൾ പങ്കെടുത്ത സമ്മേളനത്തിൽ കമ്മ്യൂണിറ്റി റേഡിയോ നേരിടുന്ന പ്രതിസന്ധികളും പ്രശ്നങ്ങളും ചർച്ചാവിഷയമായി. സി. ആർ. എ. കേരള ഘടകത്തിന്റെ പുതിയ ഭാരവാഹികളുടെ തിരഞ്ഞെടുപ്പും നടത്തി. സി. ആർ. എ. ദേശീയ എക്സിക്യൂട്ടീവ് അംഗമായി റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ തോമസിനെ യോഗം ഏകകണ്ഠമായി തിരഞ്ഞെടുത്തു. മാനന്തവാടി തഹസിൽദാർ എം. ജെ. അഗസ്റ്റിൻ ആശംസകൾ നേർന്നു. സി. ആർ. എ. കേരള ഘടകത്തിന്റെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ട റേഡിയോ സാന്ത്വനം ഡയറക്ടർ എൻ. എം. പിള്ള, ഹലോ റേഡിയോ പ്രതിനിധി സൂരജ് രാജ് തുടങ്ങിയവർ സംസാരിച്ചു.

**സർഗ്ഗം 2 കെ 23**

നവം. 27, 28, 29 തിയ്യതികളിൽ ബത്തേരിയിൽ വെച്ച് നടന്ന ജില്ലാ സ്കൂൾ കലോത്സവം തത്സമയം പ്രക്ഷേപണം ചെയ്തു. സർഗ്ഗം 2 കെ 23 എന്ന പേരിൽ നടത്തിയ തത്സമയ പ്രക്ഷേപണത്തിന് പ്രോഗ്രാം പ്രൊഡ്യൂസർമാരായ ജോസഫ് പള്ളത്ത്, ഭാഗ്യലക്ഷ്മി, റെനീഷ് ജോർജ്ജ്, രെജിൻ എന്നിവർ നേതൃത്വം നൽകി.

**പങ്കാളിത്തം**

ന്യൂനപക്ഷ കമ്മീഷൻ ചെയർമാൻ എ. എ റഷീദിന്റെ അധ്യക്ഷതയിൽ കളക്ട്രേറ്റ് കോൺഫ്രൻസ് ഹാളിൽ നവം. 28 ന് നടന്ന മൈനോറിറ്റി കമ്മീഷൻ സിറ്റിംഗിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**വാർത്താലാപ് - മാധ്യമ ശിൽപശാല**

പ്രസ് ഇൻഫർമേഷൻ ബ്യൂറോ, മിനിസ്ട്രി ഓഫ് ഇൻഫർമേഷൻ ആന്റ് ബ്രോഡ്കാസ്റ്റിംഗ് എന്നിവരുടെ ആഭിമുഖ്യത്തിൽ വടകരയിൽ വെച്ച് നവംബർ 22 ന് നടത്തിയ വാർത്താലാപ് മാധ്യമശില്പശാലയിൽ റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**പഴശ്ശി ക്വിസ്**

പഴശ്ശിരാജാ സ്മാരകഗ്രന്ഥാലയം പഴശ്ശി ദിനാചരണത്തിന് മുന്നോടിയായി റേഡിയോ മാറ്റൊലിയുമായി സഹകരിച്ച് നവം. 22 മുതൽ 27 വരെ ക്വിസ് മത്സരം സംഘടിപ്പിച്ചു.

**പഠന സന്ദർശനം**

മലപ്പുറം സഹ്യ ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾ നവം. 24 നും കുറ്റ്യാടി എഡ്യൂകോസ് ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾ നവം.25 നും പഠനത്തിന്റെ ഭാഗമായി മാറ്റൊലി സന്ദർശിച്ചു.

ഡിസംബർ 6 ന് ലക്കിടി ഓറിയന്റൽ ഗ്രൂപ്പ് ഓഫ് എഡ്യുക്കേഷനും 11 ന് മുക്കം മുഹമ്മദ് അബ്ദുറഹ്മാൻ മെമ്മോറിയൽ ഓർഫനേജ് കോളേജ് വിദ്യാർത്ഥികളും മാറ്റൊലി സന്ദർശിച്ചു.

**സന്മനസുള്ളവർക്ക് സമാധാനം**

ക്രിസ്തുമസിനോടനുബന്ധിച്ച് 25 ദിവസം സന്മനസുള്ളവർക്ക് സമാധാനം എന്ന പേരിൽ സന്ദേശം പ്രക്ഷേപണം ചെയ്തു.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ

**November – December 2023**

Mary Matha College celebrated Academic Excellence Day, a momentous occasion dedicated to acknowledging and honoring outstanding achievements in both academic and co-curricular activities, on 12th December 2023. His Excellency Rt. Rev Dr Jose Porunnedom, Patron of the College was the chief guest. During the ceremony, several students were recognized and honored for their exceptional contributions. Ms. Sanooja P S, Dept. of Mathematics, emerged as the best outgoing student. The event began with the Principal Dr Maria Martin Joseph extending a heartfelt welcome to the assembled audience. This was followed by the presidential address of Msgr.Paul Mundolickal, Manager. His speech reflected on the significance of recognizing and rewarding the hard work and dedication of the students.The event was inaugurated by His Excellency Rt. Rev. Dr. Jose Porunnedom, Bishop of Mananthavady. His keynote address resonated with the audience, motivating both the students and faculty alike. Fr. Sibichan Chelackapallil, Associate Manager addressed the gathering.Mr Regi Francis, TSA President and program convenor delivered the vote of thanks.

The Academic Excellence Day celebration was a combination of inspiring speeches, recognition of outstanding individuals, and a focus on both academic and co-curricular achievements which made the event a memorable and motivating experience for all attendees.

- **NCC:** In commemoration of NCC Day, a blood donation camp was organized on November 28, 2023. Furthermore, the observance of Human Rights Day took place on December 10, 2023.

- **NSS:** World Aids day was commemorated on 1st December 2023.
- **Dept. of Commerce:** Conducted an orientation program on CUET for third year B com on 22nd November 2023 by QUEST Academy Kozhikode. The association's inauguration was held on 27th November 2023.
  Organised a seminar on the topic 'Practical learning in GST, Income tax, accounts, and statutory compliance' on 8th December 2023.
- **Dept. of Physical Education:** The following students are selected for the Kannur University teams.
  1. Ms. Rahasya A (1st Year Zoology) - Kannur University Archery Team
  2. Mr. Arjun M (3rd Year Computer Science) - Kannur University Yoga Team.
  Conducted inter-department volleyball tournaments on 7th and 8th December 2023 and organised a friendly volleyball match for college staff and students on 12th December 2023.
  The college athletic team went for the intercollegiate athletic championship at Kannur on 13th and 14th December 2023.
- **Dept. of Social Science Economics:** In association with IQAC organised a finishing school program - CUET PG 24: Orientation Class on 22nd November 2023.
- **Dept. of Political Science:** Celebrated National Consti tution Day on 26th November 2023 and organised a seminar on the topic 'Indian Constitution: Prospectus and Challenges' and a quiz competition.
- **Dept. of Mathematics:** Association inauguration and release of the manuscript magazine was held on 28th November 2023 and a seminar on the topic 'The methods to investigate the interplay between graph theory and group theory'.

- **Dept. of Computer Science:** Computer Literacy Day was celebrated on 5th November 2023.
- **Dept. of English:** Association inauguration and MoU signing ceremony and a campus visit by students and faculty of Nirmalagiri College, Kuthuparamba was held on 11th December 2023.
- **Dept. of Physics:** Association inauguration and exhibition was held on 15th December 2023.
- **Grievance redressal Cell:** In association with IQAC organiseda Student Adalath on 12th December 2023.
- **College Union & Fine Arts Committee:** The Fine Arts Committee organised off-stage events from 7-15th December 2023.
- **Bhoomitrasena:** In association with the ED club celebrated World Fisheries Day on 21st November 2023. In association with the Directorate of Environment and Climate Change organised a seminar on soil conservation on 8th December 2023.
- **Film Club:** In association with the Dept. of Malayalam organised KG George Film Week on 4th to 6th December 2033.
- **Literary Club:** In association with the Dept. of English organised a book talk series on 8th December 2023.
- **Electoral Literacy Club:** In association with Wayanad District Election Cell organised a Voters ID registration campaign on 8th December 2023.
- **Mr. Regi Francis:** Attended a 3-day workshop on research methods and data analysis using Statistical packages and AI tools in social science research from 6-8th December 2023 at NMSM Govt college Kalpetta. Attended two days of training for master trainers for FYUGP at Kannur University on 13-14th December 2023, organised by Kerala State Higher Education Council.

- **Dr. Ramya Krishnan M and Eldo K J:** Attended two days of training for master trainers for FYUGP at Kannur University on 13-14th December 2023, organised by Kerala State Higher Education Council
- **Ms. Tancy V S:** Completed 12-week FDP course (Swayam NPTEL AICTE) Programming in Java
- **Dr. Maria Martin Joseph:** Participated and completed the 'Gem Master Trainers' Programme' held from 14th to 15th November 2023 at the centre for Financial Management, Thiruvananthapuram.

**Dr. Maria Martin Joseph**
Principal

# കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്ക് കീഴിലുള്ള മുള്ളൻകൊല്ലി സെന്റ് തോമസ് യു.പി സ്കൂളിനായി നിർമിച്ച ഹൈടെക് വിദ്യാലയസമുച്ചയത്തിന്റെ വെഞ്ചിരിപ്പ് കർമ്മവും ഉദ്ഘാടനവും, ദ്വാരക എ.യു.പി സ്കൂളിനായി നിർമ്മിക്കുന്ന പുതിയ വിദ്യാലയക്കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മവും നവംബർ മാസം ഇരുപതാം തീയതി അഭിവന്ദ്യ മാർ ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു.

## വിദ്യാലയ വാർത്തകൾ എൽ. പി വിഭാഗം

### I. ദേവമാതാ എ. എൽ. പി സ്കൂൾ ആടിക്കൊല്ലി

ഉപജില്ലാതല മേളകളിൽ ഉന്നത വിജയം കരസ്ഥമാക്കിയ കുട്ടികളെ അനുമോദിക്കാൻ വിജയോത്സവം സംഘടിപ്പിച്ചു. പഠനയാത്ര സംഘടിപ്പിച്ചു. ലഹരിയുടെ വിപത്ത് പൊതുജനങ്ങളിലേക്കെത്തിക്കാൻ കാരാപയിൽവെച്ച ഫ്ളാഷ് മോബ് അവതരിപ്പിച്ചു. ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി ചിത്രരചനാ മത്സരം നടത്തി.

### II. സെന്റ് തോമസ് എൽ. പി സ്കൂൾ അരിഞ്ചേർമല

മാനന്തവാടി ഉപജില്ലാതല കലാമേളയിൽ നാല് രണ്ടാം സ്ഥാനമുൾപ്പെടെ മികവാർന്ന വിജയങ്ങൾ വിദ്യാർത്ഥികൾ നേടിയെടുത്തു. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും എഴുത്തും വായനയും ഉറപ്പിക്കാൻ ആരംഭിച്ച കുഞ്ഞെഴുത്ത് കുഞ്ഞുവായന, STARS എന്നീ പ്രവർത്തനങ്ങൾ വിദ്യാർത്ഥികളും രക്ഷിതാക്കളും ഒരുപോലെ ഏറ്റെടുക്കുകയും വിദ്യാർത്ഥികളിൽ അഭിനന്ദനാർഹമായ മാറ്റങ്ങൾ കാണാനും കഴിഞ്ഞു. ഒന്നാം ക്ലാസ് വിദ്യാർത്ഥികളുടെ ഭാഷാവിഷ്കാരങ്ങൾ പ്രകടമാക്കുന്ന ഭാഷോത്സവത്തിന്റെ ഭാഗമായി കൂട്ടെഴുത്തിലൂടെ നിർമിച്ച പത്രങ്ങളുടെയും രചനോത്സവത്തിലൂടെ തയ്യാറാക്കിയ മാഗസിന്റെയും പ്രകാശനകർമം നിർവഹിച്ചു.

**III. എ. എൽ. പി സ്കൂൾ കണിയാരം**

ഉപജില്ലാതല കലാമേളയിൽ വിദ്യാർത്ഥികൾ നേട്ടങ്ങൾ കൈവരിച്ചു. നങ്ക ഒപ്പറ പഠിപ്പോ പദ്ധതി പ്രവർത്തനങ്ങൾ നടന്നുവരുന്നു. നവകേരള സദസ്സിന്റെ ഭാഗമായി പൂർവ്വവിദ്യാർത്ഥികൾ ഗോത്ര നൃത്തം അവതരിപ്പിച്ചു. അക്ഷരജാലകം പദ്ധതിയുടെ പ്രവർത്തനങ്ങളിലൂടെ വിദ്യാർത്ഥികൾക്ക് എഴുത്തും വായനയും ഉറപ്പിക്കാനുള്ള പരിപാടികൾ നടന്നുവരുന്നു.

**IV. സെന്റ് തോമസ് എൽ. പി സ്കൂൾ നടവയൽ**

ഉപജില്ലാതല കലോത്സവത്തിൽ എൽ. പി ജനറൽ, അറബിക് എന്നീ വിഭാഗങ്ങളിൽ വിദ്യാലയം ഓവറോൾ കിരീടം കരസ്ഥമാക്കി. മികവാർന്ന വിജയങ്ങൾ കൈവരിച്ച വിദ്യാർത്ഥികളെ ആദരിച്ചു. പഠനയാത്ര നടത്തി. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി ഒരു സദ്യ എന്ന പരിപാടി സംഘടിപ്പിച്ചു.

**V. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ പോരൂർ**

വിദ്യാലയത്തിൽ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി പലഹാരമേള സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ ഭവനസന്ദർശനം നടന്നുവരുന്നു. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി അക്ഷരമരമൊരുക്കി.

**VI. സെന്റ് ജോർജ് എൽ. പി സ്കൂൾ കൊളവയൽ**

നിർധനരായ വിദ്യാർത്ഥികളെ സഹായിക്കാൻ രക്ഷിതാക്കളുടെ സഹകരണത്തോടെ തുണിസഞ്ചികൾ നിർമിച്ചു നൽകുന്ന കനിവിന്റെ കാര്യങ്ങൾ എന്ന പദ്ധതിക്ക് തുടക്കമായി. കോർണർ പി. ടി. എ സംഘടിപ്പിച്ചു. സ്കൂൾ പച്ചക്കറി തോട്ടത്തിലെ വിളവെടുപ്പ് നടത്തി. മാതൃഭൂമി സീഡിന്റെ പരിപാടിയുടെ ഭാഗമായി പ്ലാസ്റ്റിക് പദ്ധതിക്ക് തുടക്കമായി. വായനാശീലം വളർത്താൻ വായനാമൃതം പരിപാടി ആരംഭിച്ചു. ഹരിതകർമസേന അംഗങ്ങളെ ആദരിച്ചു.

**VII. സെന്റ് മാർട്ടിൻസ് എൽ. പി സ്കൂൾ ഒണ്ടയങ്ങാടി**

ഉപജില്ലാതല കലാമേളയിൽ വിജയികളായവരെ അനുമോദിച്ചു. വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികളെയും എഴുത്തും വായനയും പഠിപ്പിക്കുവാനായി ആരംഭിച്ച അക്ഷര ചങ്ങാത്തം പരിപാടി വിജയകരമായി മുന്നേറുന്നു.

**VIII. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ വാഴവറ്റ**

വിദ്യാർത്ഥികളിൽ സന്മാർഗബോധം വളർത്തുന്നതിനായി അസംബ്ലിയിൽ അധ്യാപകർ പല വിഷയങ്ങളിലായി ക്ലാസുകൾ നൽകുന്നു. സ്കൂൾ പച്ചക്കറിത്തോട്ടം വിളവെടുപ്പ് നടത്തി.

**IX. സെന്റ് സെബാസ്റ്റ്യൻസ് എൽ. പി സ്കൂൾ ഏലപ്പീടിക**

കേരളപ്പിറവി ദിനത്തിൽ വിദ്യാർത്ഥികൾക്കായി മത്സരങ്ങൾ സംഘടിപ്പിച്ചു. ഉപജില്ലാ കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ച ഗ്രേഡുകൾ നേടി. ശിശുദിനം സമുചിതമായി ആചരിച്ചു.

**X. പ്രൊവിഡൻസ് എൽ. പി സ്കൂൾ വെള്ളൂന്നി**

നവകേരള ശുചിത്വ മിഷന്റെ ഭാഗമായി വിദ്യാലയവും പരിസരവും വൃത്തിയാക്കി. വിദ്യാലയത്തിൽ പച്ചക്കറിത്തോട്ടവും പൂന്തോട്ടവുമൊരുക്കി. മൂന്നാം ക്ലാസ്സിലെ വിദ്യാർത്ഥികൾ പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പച്ചക്കറി സാലഡ് തയ്യാറാക്കി.

**XI. സെന്റ് പോൾസ് എൽ. പി സ്കൂൾ പുതിയിടംകുന്ന്**

വിദ്യാർത്ഥികൾ ഉപജില്ലാതല കലാമേളയിൽ പങ്കെടുക്കുകയും മൂന്നാം സ്ഥാനമുൾപ്പെടെ 12 എ ഗ്രേഡുകൾ കരസ്ഥമാക്കുകയും ചെയ്തു.സമ്മാനാർഹരായ വിദ്യാർത്ഥികളെ അനുമോദിച്ചു. ലോകഭിന്നശേഷിദിനം വിപുലമായി ആചരിച്ചു. വിവിധ മത്സരങ്ങൾ നടത്തി.

**XII. സി.കെ. എൽ.പി സ്കൂൾ മണിമൂളി**

ലോക മണ്ണ് ദിനത്തിൽ മണ്ണും മനുഷ്യനും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് കുട്ടികളിൽ അവബോധമുണ്ടാക്കാനുള്ള പ്രവർത്തനങ്ങൾ നടത്തി. പഠനപ്രവർത്തനങ്ങളുടെ ഭാഗമായി പലഹാരമേള സംഘടിപ്പിച്ചു.

**XIII. നിർമ്മല എൽ. പി സ്കൂൾ ആലാറ്റിൽ**

വിദ്യാലയത്തിലെ കബ്ബ് ബുൾബുൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സമാഹരിച്ച പണം രോഗീചികിത്സക്കായി കൈമാറി. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. വിദ്യാർത്ഥികൾക്ക് ശുദ്ധജലസൗകര്യം ഒരുക്കുന്നതിനായി വാട്ടർ പ്യൂരിഫയർ സ്ഥാപിച്ചു.

### XIV. സെന്റ് ജോർജ് എൽ പി സ്കൂൾ അമ്പായത്തോട്

വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. മനുഷ്യാവകാശ ദിനാചരണത്തിന്റെ ഭാഗമായി പ്രതിജ്ഞ നടത്തി. വിവിധ മേഖലകളിൽ മികവ് തെളിയിച്ച കുട്ടികളെ ആദരിച്ചു.

## യു. പി വിഭാഗം

### I. സെന്റ് ആന്റണീസ് യു. പി സ്കൾ കോട്ടത്തറ

ലഹരിവിമുക്ത കേരളമെന്ന സന്ദേശം മറ്റുള്ളവരിലേക്കെത്തിക്കാൻ നാടകാവതരണം നടത്തി. ശിശുദിനാഘോഷ പരിപാടിയിൽ ലഹരിവിരുദ്ധ ആശയമുൾക്കൊള്ളുന്ന പോസ്റ്ററുകളുടെയും ചിത്രങ്ങളുടെയും പ്രദർശനം നടത്തി. ഉപജില്ലാതല കലാമേളയിൽ ഒരു രണ്ടാം സ്ഥാനമടക്കം ഇരുപത്തിയഞ്ചോളം ഇനങ്ങളിൽ എ ഗ്രേഡ് നേടിയെടുത്തു.

### II. സെന്റ് തോമസ് എ.യു.പി സ്കൂൾ ഇടിവണ്ണ

വിദ്യാലയത്തിലെ ഏഴാം ക്ലാസ് വിദ്യാർത്ഥികൾക്കായി പഠനയാത്ര സംഘടിപ്പിച്ചു. അഞ്ചാം ക്ലാസ്സിലെ ഗോത്രവിഭാഗം വിദ്യാർത്ഥികൾക്കായി പഞ്ചായത്തിൽനിന്നും ലഭിച്ച മേശ, കസേര എന്നിവ വിതരണം ചെയ്തു.

### III. അസംപ്ഷൻ എ.യു.പി സ്കൂൾ ബത്തേരി

വൈവിധ്യങ്ങളും വ്യത്യസ്തങ്ങളുമായ പരിപാടികളോടെ ശിശുദിനാഘോഷം സംഘടിപ്പിച്ചു. സംസ്ഥാനതല ശാസ്ത്രമേളയിൽ പ്രോജക്ടിന് എ ഗ്രേഡ് കരസ്ഥമാക്കി. ഉപജില്ലാ ജില്ലാതല ശാസ്തമേളകളിൽ വിജയം നേടിയവരെ ആദരിച്ചു. ജില്ലാ കലോത്സവത്തിൽ സംസ്കൃതം വിഭാഗത്തിൽ ചാമ്പ്യൻഷിപ്പും ജനറൽ വിഭാഗത്തിൽ മൂന്നാം സ്ഥാനവും കരസ്ഥമാക്കി. ജില്ലാതല /Numats പരീക്ഷയിൽ ആദ്യ മൂന്ന് റാങ്കുകൾ കരസ്ഥമാക്കി. മലയാളം ക്ലബ്ബിന്റെ നേതൃത്വത്തിൽ നാടക ശില്പശാല നടത്തി. ബത്തേരി മുനിസിപ്പാലിറ്റിയുടെ മാലിന്യ വിമുക്ത വിദ്യാലയം പ്രോജക്ട് അവതരണത്തിൽ ഒന്നാം സ്ഥാനം നേടി. ജില്ലാതല ബാഡ്മിന്റൺ ടൂർണമെന്റിൽ വിദ്യർത്ഥികൾ ഉന്നതവിജയം കരസ്ഥമാക്കി.

### IV. സെന്റ് തോമസ് എ. യു. പി സ്കൂൾ മുള്ളൻകൊല്ലി

ശിശുദിനം സമുചിതമായി ആഘോഷിച്ചു. വിദ്യാലയത്തിനായി നിർമ്മിച്ച പുതിയ കെട്ടിട സമുച്ചയത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. ജില്ലാതല കലോത്സവത്തിൽ വിവിധയിനങ്ങളിൽ ആദ്യസ്ഥാനങ്ങൾ നേടിയെടുക്കാൻ വിദ്യാർത്ഥികൾക്ക് കഴിഞ്ഞു.

### V. അമ്പായത്തോട് യു. പി സ്കൂൾ

ജില്ലാതല കലോത്സവത്തിൽ വിദ്യാർത്ഥികൾ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. വിദ്യാലയത്തിലെ സ്കൗട്ട് വിദ്യാർത്ഥികളുടെ ചിഹ്നദാന ചടങ്ങ് നടത്തി.

### VI. സെന്റ് ആന്റണീസ് യു. പി സ്കൂൾ പഴൂർ

ശിശുദിനം സമുചിതമായി ആചരിച്ചു. വിദ്യാലയത്തിൽ CCTV സ്ഥാപിച്ചു. യുദ്ധത്തിനും വർഗ്ഗീയതയ്ക്കുമെതിരെ നല്ല പാഠം പ്രവർത്തകർ പോസ്റ്ററുകളും പ്ലക്കാർഡുകളും തയ്യാറാക്കി. ജില്ലാ കലോത്സവത്തിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. നിർധനരായ കുടുംബത്തെ സഹായിക്കാനായി പച്ചക്കറി ഭക്ഷ്യവസ്തുക്കൾ വിൽക്കാനുള്ള കുട്ടി സ്റ്റോർ തുറന്നു.

### VII. സെന്റ് ജോസഫ്സ് യു.പി സ്കൂൾ കല്ലോടി

ജില്ലാതല ശിശുദിനമത്സരങ്ങളിൽ വിദ്യാർത്ഥികൾ വിജയം കൈവരിച്ചു. ഉപജില്ലാതല എൽ. പി അറബിക് കലോത്സവത്തിൽ റണ്ണർ അപ്പ് UP ജനറൽ വിഭാഗം റണ്ണർ അപ്പ് നേട്ടങ്ങൾ കരസ്ഥമാക്കി. ജില്ലാതല കലോത്സവത്തിൽ വിദ്യാർത്ഥികൾ മാറ്റുരച്ചു. വിദ്യാരംഗം ജില്ലാതല മത്സരത്തിൽ ഒന്നും മൂന്നും സ്ഥാനങ്ങൾ നേടിയെടുത്തു. ക്ലാസ് പി.ടി.എ സംഘടിപ്പിക്കുകയും ബോധവത്കരണ ക്ലാസ്സ് നൽകുകയും ചെയ്തു.

### VIII. സെന്റ് മേരീസ് എ. യു. പി സ്കൂൾ തരിയോട്

ദേശാഭിമാനി അക്ഷരമുറ്റം ജില്ലാതല വിജയിയെയും അണ്ടർ 14 ജില്ലാ ക്രിക്കറ്റിലേക്ക് യോഗ്യത നേടിയ വിദ്യാർത്ഥിയെയും അനുമോദിച്ചു. ഉപജില്ലാതല കലോത്സവത്തിൽ എൽ. പി വിഭാഗത്തിൽ റണ്ണർ അപ്പ് വിജയം കൈവരിച്ചു. അറബിക് കലോത്സവം സംസ്കൃത കലോത്സവം എന്നിവയിലും മികവ് തെളിയിച്ചു. ശിശുദിനം സമുചിതമായി ആചരിച്ചു. തളിര് സ്കോളർഷിപ്പ് പരീക്ഷ

യിലും വിദ്യാരംഗം കലാസാഹിത്യവേദി മത്സരങ്ങളിലും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. സ്കൂൾ നിർമാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

**IX. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ പാടിച്ചിറ**

വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തിയത് പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് സഹായകമായി. കളറിന്ത്യ പെയിന്റിങ് മത്സരത്തിലും തളിര് സ്കോളർഷിപ്പ് പരീക്ഷയിലും വിജയങ്ങൾ കൈവരിച്ചവരെ അനുമോദിച്ചു.

**X. എ. യു. പി സ്കൂൾ ദ്വാരക**

പിന്നോക്ക വിഭാഗം വിദ്യാർത്ഥികൾക്കായി സൈക്ളിംഗ്, ടൈലറിംഗ് എന്നിവ ആരംഭിച്ചു. വിദ്യാലയത്തിലെ നിരവധി കായിക പ്രതിഭകൾ ഉപജില്ലാ ജില്ലാ സംസ്ഥാനതല മത്സരങ്ങളിൽ പങ്കെടുത്ത് വിജയങ്ങൾ കൈവരിച്ചു. ഭിന്നശേഷിമാസാചരണത്തിന്റെ ഭാഗമായി ചങ്ങാതിക്കൂട്ടം പരിപാടി സംഘടിപ്പിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി സ്വരൂപിച്ച തുക ഉപയോഗിച്ച് ദയ കെയർ ഹോമിലേക്ക് ഗൃഹോപകരണങ്ങൾ വാങ്ങി നൽകി.

**XI. ടി. ടി. ഐ മാനന്തവാടി**

കേരളപ്പിറവിദിനം വ്യത്യസ്ത പരിപാടികളോടെ ആചരിച്ചു. ശിശുദിനത്തിനത്തോടനുബന്ധിച്ചു ശിശുക്ഷേമ വകുപ്പ് നടത്തിയ മത്സരങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചു. ശിശുദിനം സമുചിതമായി ആഘോഷിച്ചു. STEPS പരീക്ഷയിൽ റാങ്ക് നേടി. ഉപജില്ലാ കലാമേളയിൽ പങ്കെടുത്ത ഇനങ്ങളിലെല്ലാം വിജയം നേടി. ജില്ലാ കലാമേളയിൽ വിദ്യാലയം മൂന്നാം സ്ഥാനം നേടി.

**XII. സെന്റ് സെബാസ്റ്റ്യൻസ് യു. പി സ്കൂൾ കൊമ്മയാട്**

വിദ്യാലയത്തിലെ ശിശുദിനാഘോഷവും പ്രീ പ്രൈമറി വിദ്യാർത്ഥികളുടെ കിഡ്സ് കാർണിവലും സംഘടിപ്പിച്ചു. ലോക ഭിന്നശേഷി ദിനാചരണത്തിൽ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ നൽകുകയും അവരുടെ ഭവനസന്ദർശനം നടത്തുകയും ചെയ്തു. വിവിധ മേളകളിൽ സമ്മാനിതരായ പ്രതിഭകൾക്കുള്ള സമ്മാനങ്ങളും സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു.

## XIII. സെന്റ് തോമസ് യു. പി സ്കൂൾ തവിഞ്ഞാൽ

വിദ്യാർത്ഥികൾക്കായി വോളീബോൾ പരിശീലനം ആരംഭിച്ചു. ലോകഭിന്നശേഷി ദിനാചരണം സംഘടിപ്പിച്ചു. തളിര് സ്കോളർഷിപ്പ് പരീക്ഷയിൽ വിദ്യാർത്ഥികൾ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. ന്യൂ മാത്സ് പരീക്ഷയിൽ ഉന്നത വിജയം കരസ്ഥമാക്കി. അന്താരാഷ്ട്ര മണ്ണ് ദിനത്തിന്റെ ഭാഗമായി ജില്ലാതല ചിത്രരചനാ മത്സരത്തിൽ അഞ്ച് വിദ്യാർത്ഥികൾ സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കി.

## ഹൈസ്കൂൾ വിഭാഗം

## I. ഫാ. ജി. കെ.എം ഹൈസ്കൂൾ കണിയാരം

പത്താം ക്ലാസ് വിദ്യാർത്ഥികളുടെ പാഠഭാഗങ്ങൾ പൂർത്തിയാക്കുകയും റിവിഷൻ ആരംഭിക്കുകയും ചെയ്തു. ഏഷ്യ ഓഷ്യാനിയ ചാമ്പ്യൻഷിപ്പ് മത്സരത്തിൽ പങ്കെടുത്ത വിദ്യാർത്ഥിയെ അനുമോദിച്ചു. ഉപജില്ലാ കലോത്സവത്തിൽ സംസ്കൃതോത്സവത്തിൽ ഓവറോൾ കിരീടവും ജില്ലാതലത്തിൽ റണ്ണർ അപ്പ് നേടി. ജില്ലാതല ബോക്സിങ് ചാമ്പ്യഷിപ്പിൽ അഞ്ച് വിദ്യാർത്ഥികൾ സ്വർണമെഡൽ നേടി. മുപ്പത്തിയൊന്നാമത് ദേശീയ ബാലശാസ്ത്രകോൺഗ്രസ് ജില്ലാതല പ്രോജക്ട് അവതരണത്തിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി.

## II. സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ

ശിശുദിനം വിപുലമായി ആചരിച്ചു. ടീൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികളുടെ രക്തനിർണയ ക്യാമ്പ് നടത്തി. ഉപജില്ലാ ജില്ലാ കലോത്സവത്തിൽ സംസ്കൃതം വിഭാഗത്തിൽ UP വിഭാഗം ഒന്നാം സ്ഥാനം കരസ്ഥമാക്കി. സംസ്ഥാനതല കലാമേളയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി. സംസ്ഥാനതല ശാസ്ത്രമേളയിൽ വിവിധ വിഭാഗങ്ങളിലെ മത്സരങ്ങളിൽ പങ്കെടുത്ത മുഴുവൻ വിദ്യാർത്ഥികളും എ ഗ്രേഡ് കരസ്ഥമാക്കി.

## III. സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി

ജില്ലാതല കലോത്സവത്തിൽ പങ്കെടുത്ത വിദ്യാർത്ഥികൾ മികച്ചവിജയംനേടി. NCC ദിനത്തിൽ സ്പെഷ്യൽ അസംബ്ലി നടത്തി. എൽ.പി വിഭാഗം വിദ്യാർത്ഥികൾക്കായി പഠനയാത്ര നടത്തി.

## IV. ഐ. ജെ. എം ഹയർസെക്കണ്ടറി സ്കൂൾ കൊട്ടിയൂർ

ഉപജില്ലാതല ഖോഖോ മത്സരത്തിൽ വിവിധ വിഭാഗങ്ങളിൽ നേട്ടങ്ങൾ കൈവരിച്ചു. ശിശുദിനം മനോഹരമായി ആഘോഷിച്ചു. ഹരിതസഭയിൽ മുപ്പതോളം വിദ്യാർത്ഥികൾ പങ്കെടുത്തു. വിദ്യാർഥികളിൽനിന്നും ശേഖരിച്ച പൊതിച്ചോർ അനാഥമന്ദിരത്തിന് നൽകി. IRC വിദ്യാർത്ഥികൾ ഓൾഡ് ഏജ് ഹോം സന്ദർശിച്ചു. ജില്ലാതലത്തിൽ ജലഛായം, ഫുട്ബോൾ മത്സരം, കരാട്ടെ , ശാസ്ത്രമേള എന്നിവയിൽ വിജയങ്ങൾ കൈവരിച്ചു. രക്ഷിതാക്കൾക്കായി കമ്പ്യൂട്ടർ സാക്ഷരതാ ക്ലാസ് നടത്തപ്പെട്ടു. സ്കൂൾ പാർലമെന്റ് ഇലക്ഷൻ നടത്തി.

## V. നിർമ്മല ഹൈസ്കൂൾ കബനിഗിരി

ഉപജില്ലാ ജില്ലാ സംസ്ഥാനതല ശാസ്ത്രമേളകളിൽ പങ്കെടുത്ത വിദ്യാർത്ഥികൾ നേട്ടങ്ങൾ കൈവരിച്ചു. വിദ്യാലയത്തിൽ സ്കൗട്ട് ആൻഡ് ഗൈഡ് വിഭാഗങ്ങളുടെ നേതൃത്വത്തിൽ പച്ചക്കറിത്തോട്ടവും പൂന്തോട്ടവും ഒരുക്കി. ഹരിതസഭയിൽ വിദ്യാർത്ഥികൾ പങ്കെടുത്തു. ആരോഗ്യ ബോധവൽക്കരണവും ലഹരിവിരുദ്ധ സന്ദേശവും നൽകി. ജില്ലാതല കലോത്സവത്തിൽ പരിചമുട്ട് കളിയിലും വയലിനിലും രണ്ടാം സ്ഥാനം നേടി. ക്ലാസ് പി.ടി.എ യും ജനറൽബോഡിയും വിളിച്ചുചേർത്തു.

## VI. സി. കെ. എച്ച്. എസ് മണിമൂളി

SSLC വിദ്യാർത്ഥികൾക്ക് പരീക്ഷ ഒരുക്ക സെമിനാർ സംഘടിപ്പിച്ചു. പഠനപിന്നോക്കമുള്ള വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം ആരംഭിച്ചു. ജില്ലാതല കലോത്സവത്തിൽ നിരവധി നേട്ടങ്ങൾ കൈവരിച്ചു. ഇന്നൊവേറ്റീവ് പ്രോഗ്രാമിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി തയ്യൽ പരിശീലനം, കേക്ക് നിർമാണം, കുട നിർമാണം, ഭവനസന്ദർശനം, ഊർജ്ജസംരക്ഷണ പരിപാടികൾ ആരംഭിച്ചു.

## VII. അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി

ബത്തേരി ഉപജില്ലാ ഗണിത ഐ. ടി മേളകളിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. ശാസ്ത്ര സാമൂഹ്യശാസ്ത്ര പ്രവർത്തിപരിചയമേളകളിൽ റണ്ണേഴ്സ് അപ്പ് നേട്ടവും കൈവരിച്ചു. കേരളപ്പിറവി ദിന

ത്തിൽ മെഗാ തിരുവാതിര അവതരിപ്പിച്ചു. ജില്ലാതല മേളകളിൽ ഗണിതമേളയിൽ ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി. സംസ്ഥാനതല ത്തിലും വിദ്യാലയം മികച്ച വിജയം നേടി. ജില്ലാതല കലോത്സവ ത്തിൽ അഭിമാനർഹമായ നേട്ടങ്ങളോടെ വിദ്യാർത്ഥികൾ സംസ്ഥാന തലത്തിലേക്ക് യോഗ്യത നേടി.

## VIII. സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്

ലഹരിവിരുദ്ധ ചുമർചിത്ര മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. ദന്തരോഗ നിർണയ ക്യാമ്പ് നടത്തി. ഫുട്ബോൾ പരിശീലനം ആരംഭിച്ചു.

## IX. സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി

മാനന്തവാടി ഉപജില്ലാ കലോത്സവത്തിൽ ജനറൽ വിഭാഗ ത്തിലും സംസ്കൃത വിഭാഗത്തിലും റണ്ണേഴ്സ് അപ്പ് കരസ്ഥമാക്കി. ജില്ലാകലോത്സവത്തിലും വിജയം കൈവരിച്ചു. സംസ്ഥാന പ്രവർ ത്തിപരിചയ മേളയിൽ അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിച്ചു. വയനാട് ജില്ലാ പഞ്ചഗുസ്തി ചാമ്പ്യൻഷിപ്പ് ജൂനിയർ ഗേൾസ് ക്രിക്കറ്റ് മത്സരം, വിദ്യാരംഗം ജില്ലാ സർഗ്ഗോത്സവം എന്നിവയിൽ നേട്ടങ്ങൾ കൈവരിച്ചു. അഖില വയനാട് സാഹിത്യ പ്രതിഭ പുരസ് കാരം വിദ്യാലയത്തെ തേടിയെത്തി. രക്ഷിതാക്കൾക്കായി ബോധ വത്കരണ ക്ലാസ് സംഘടിപ്പിച്ചു. തളിര് സ്കോളർഷിപ്പിന് മൂന്ന് വി ദ്യാർത്ഥികൾ അർഹരായി. സ്യൂട്ട് ഗൈഡ് കുട്ടികൾക്കായി യൂണിറ്റ് ക്യാമ്പ് നടത്തി. YIP സംസ്ഥാനതലത്തിലേക്ക് മൂന്ന് വിദ്യാർ ത്ഥികൾ തിരഞ്ഞെടുക്കപ്പെട്ടു.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

# Bishop's Programme



**January 2024**

1 Monday:..........Kalpetta: Ordination of Deacon Jude Vattukunnel & Deacon Thomas Manthrickal

2 Tue-3 Wed:..... Engaged

4 Thu:................ Muthireri: Jubilee House Blessing

5 Fri - 6 Sat:........Engaged

8 Mon- 13 Sat:...Kakkanad: Syro Malabar Bishops' Synod

14 Sunday:.........Nilambur: Holy Qurbana & Cemetery blessing

15 Mon:..............Nilambur: Blessing of SD Old age home

16 Tuesday:....... Manimooly: Forane Meeting

17 Wednesday:... Manvayal: Jubilee: Religious Sangamam

18 Thursday:...... Vakery: Ordination of Deacon Abinu Bernard Kurumbalakkattu PSDP

20 Saturday:...... Panamchira: Altar blessing

22 Monday:....... Pulpally: Blessing of MSMI Ayurveda Hospital

27 Sat - 29 Mon: Kalayanthany: 75th Anniversary of School

31 Wednesday:.. Bangalore: CBCI

**February 2024**

1 Thu - 7 Wed:.. Bangalore: CBCI

8 Thursday:....... Kozhikode; Episcopal Silver Jubilee of Bishop Chakkalakal

11 Sunday:........ Belthangady: Jubilee

13 Tue- 15 Thu:..Ongoing Formation Course for Priests

21 Wed- 22 Thu:.North Malabar Bishops' Meet

24 Saturday:...... Bishop's House: Consultors' and Finance Council

# *Auxiliary Bishop's Programme*



**January 2024**

03 Wednesday:...... Paralikkunnu: Ordination
Dn Arun Thomas Maria Perukil SDV
04 Thursday:......... Nelliyody: Morning: Ordination
Dn Jubin Maria Kallidayil SDV
Afternoon: Nellickampoyil:
Samarpithasangamam
05 Friday:.............. Bekki: Jubilee
06 Saturday:.......... Morning: Pattanikuppu: Feast
Afternoon: Payyampally: School Anniversary
07 Sunday:............ Mullenkolly: Feast
08 Mon - 13 Sat:... Kakkanad: Synod
14 Sunday:............. Arattuthara: Feast
15 Monday:............Chundakkara: Mass & Blessing
16 Tuesday:........... Kaniyaram: School Anniversary
18 Thursday:......... Cherukattoor: Jubilee
19 Friday:...............Kottiyoor: Feast
20 Saturday:...........Morning: Vazhavatta: Feast
Afternoon: Kenichira: Feast
21 Sunday:.............Madathil: Feast
24 Wednesday:.......Engaged
25 Thursday:..........Payyampally: Feast
26 Friday:...............Morning: Thariode: Feast
27 Saturday:...........Evening: Karackamala: Feast
28 Sunday:.............Morning: Edappetty: Feast
Afternoon: Kurumbala: Feast
29 Monday:............Evening: Reception to New Priests
30 Tue - Feb 07 Mon:..Bangalore: CBCI Meeting